# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവല്ല മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നഗരസഭാ ഓഡിറ്റ് കാര്യാലയം

തിരുവല്ല-689101

ഇ-മെയിൽ: mltvla.ksad@kerala.gov.in

ഫോൺ : 0469-2965005

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: നം.കെഎസ്എ.റ്റി.എൽ.എം.റ്റി2-340/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തിരുവല്ല-689101
തീയ്യതി: 29/12/2023
ഇ-മെയിൽ: mltvla.ksad@kerala.gov.in
ഫോൺ: 0469-2965005

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തിരുവല്ല മുനിസിപ്പാലിറ്റി

സർ,

**വിഷയം : തിരുവല്ല മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവല്ല മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-,12,1-15,1-16,1-1,1-38,1-43,1-52, പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, പത്തനംതിട്ട
കാര്യാലയ പകർപ്പ്

നമ്പർ: നം.കെഎസ്എ.റ്റി.എൽ.എം.റ്റി2-340/23 തീയ്യതി: 29/12/2023

## പത്തനംതിട്ട ജില്ലയിലെ തിരുവല്ല മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തിരുവല്ല മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 30-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-03-2023 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 57 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിന്ധു ജി | ഡെപ്യൂട്ടി ഡയറക്ടർ | 11-08-2023 | 12-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-08-2023 | 12-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.രഞ്ജീവ് വി കെ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്) 11.8.2023 മുതൽ 12.12.2023 വരെ
ശ്രീ.ചന്ദ്രശേഖരൻ ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ, 11.8.2023 മുതൽ 12.12.2023 വരെ
ശ്രീ.അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ , 5.10.2023 മുതൽ 12.12.2023 വരെ
ശ്രീമതി ഷീബ എം,സീനിയർ ഗ്രേഡ് ഓഡിറ്റർ, 11.8.2023 മുതൽ 12.12.2023 വരെ
ശ്രീ.അരുൺകുമാർ എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ, 11.8.2023 മുതൽ 26.09.2023 വരെ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു ജയകുമാർ | ചെയർപേഴ്സൺ | 01-04-2022 | 28-05-2022 |
| ശ്രീമതി ഷീലാ വർഗ്ഗീസ് | ചെയർപേഴ്സൺ | 29-05-2022 | 15-06-2022 |
| ശ്രീമതി ശാന്തമ്മ വർഗ്ഗീസ് | ചെയർപേഴ്സൺ | 16-06-2022 | 07-02-2023 |
| ശ്രീ. ജോസ് പഴയിടം | ചെയർമാൻ | 08-02-2023 | 05-03-2023 |
| ശ്രീമതി അന്ന ജോർജ്ജ് | ചെയർപേഴ്സൺ | 06-03-2023 | 31-03-2023 |
| ശ്രീ. നാരായണൻ സ്റ്റാലിൻ | സെക്രട്ടറി | 01-04-2022 | 04-03-2023 |
| ശ്രീമതി ബിന്ദു വേലായുധൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു വേലായുധൻ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. ക്ളമന്റ് പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 11-10-2022 |
| ശ്രീമതി അൽക എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 12-10-2022 | 31-03-2023 |
| ശ്രീ. ശ്രീകുമാർ കെ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 31-08-2022 |
| ശ്രീ. ബിജു ബി പി | ഹെൽത്ത് സൂപ്പർവൈസർ | 01-09-2022 | 31-03-2023 |
| ഡോ. ബിജു ബി നെൽസൺ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 01-04-2022 | 31-03-2023 |
| ഡോ. പ്രീത ജി | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ആശുപത്രി | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീജ വി | കൃഷി ഫീൽഡ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ജയകൃഷ്ണൻ ആർ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 30-06-2022 |
| ശ്രീ. സുനിൽകുമാർ എസ് | പട്ടികജാതി വികസന ഓഫീസർ | 01-07-2022 | 31-03-2023 |
| ശ്രീമതി സന്ധ്യ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുജിത ആർ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ശ്രീകുമാർ ജെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 30-01-2023 |
| ശ്രീമതി ശില്പ പ്രദീപ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 31-01-2023 | 31-03-2023 |
| ഡോ. പമീല എസ് | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ആശുപത്രി | 01-04-2022 | 29-04-2022 |
| ഡോ. ജാർവിസ് ജേക്കബ് | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ആശുപത്രി | 30-04-2022 | 22-05-2022 |
| ഡോ. പമീല എസ് | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ആശുപത്രി | 23-05-2022 | 31-05-2022 |
| ഡോ. ജിസ്മി ജവഹർ | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ആശുപത്രി (ഇൻ ചാർജ്ജ്) | 01-06-2022 | 12-06-2022 |
| ഡോ. ജാർവിസ് ജേക്കബ് | മെഡിക്കൽ ഓഫീസർ, ഗവ. | 13-06-2022 | 18-12-2022 |

| | | | |
|---|---|---|---|
| | ആയുർവ്വേദ ആശുപത്രി | | |
| ഡോ. സീബാ എസ് ബാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ആശുപത്രി | 19-12-2022 | 31-03-2023 |
| ശ്രീമതി ഗീത പി ബി | പ്രധാനാദ്ധ്യാപിക, ഗവ. എച്. എസ്, തിരുവല്ല | 01-04-2022 | 09-06-2022 |
| ശ്രീ. പ്രശാന്ത് എ | പ്രധാനാദ്ധ്യാപകൻ, ഗവ. എച്. എസ്, തിരുവല്ല | 10-06-2022 | 06-12-2022 |
| ശ്രീ. ജോൺ ജോയ് | പ്രധാനാദ്ധ്യാപകൻ, ഗവ. എച്. എസ്, തിരുവല്ല (പൂർണ്ണ അധിക ചുമതല) | 07-12-2022 | 16-03-2023 |
| ശ്രീ. സുദേവ്കുമാർ വി | പ്രധാനാദ്ധ്യാപകൻ, ഗവ. എച്. എസ്, തിരുവല്ല | 17-03-2023 | 31-03-2023 |
| ഡോ. ബിൽന മേരി ചാണ്ടി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകളിലെ തുകകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല | 1-1-1 |
| 3 | ഡെപോസിറ്റ് രജിസ്റ്റുകളിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ആസ്തികൾ സൃഷ്ടിക്കുന്നതിന് ആനുപാതികമായി തുക ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-4 |
| 6 | വായ്പാ ചെലവ് വിവരം പ്രീപേയ്ഡ് പ്രോഗ്രാം എക്സ്പൻസസ് എന്ന ശീർകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | വായ്പ, മുൻകൂർ, ഡെപോസിറ്റ് തുകകൾ ബന്ധപ്പെട്ട രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വരവുകളുടെ ഡിമാൻറ് തുകകൾ കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ബഡ്ജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | പദ്ധതി നിർവ്വഹണം-അവലോകനം | 1-5-1 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പാർപ്പിടാവശ്യം എന്നിനത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചു | 1-11 |
| 20 | വസ്തു നികുതി ഈടാക്കുന്നതിൽ അലംഭാവം - 2,02,02,418/-രൂപ കുടിശ്ശിക | 1-12 |
| 21 | നിർമ്മാണം പൂർത്തീകരിച്ച മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയം യഥാസമയം നടത്തുന്നില്ല. | 1-13 |
| 22 | തറ വിസ്തീർണ്ണം കണക്കാക്കി വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല | 1-14 |
| 23 | കടമുറി വാടക-1369239/- രൂപ കുടിശിക | 1-15 |
| 24 | വിനോദനികുതി-സിനിമാ തിയേറ്ററിന്റെ പ്രവർത്തനം, വിനോദനികുതി ഒടുക്ക് – അപാകതകൾ | 1-16 |
| 25 | വിനോദനികുതി-കുറഞ്ഞ നിരക്കിൽ ഈടാക്കിയതുമൂലം 94045/- രൂപയുടെ നഷ്ടം | 1-16-1 |
| 26 | വിനോദനികുതി-കേരള കൾച്ചറൽ ആക്ടിവിറ്റ്സ് വെൽഫെയർ ഫണ്ടിലേക്ക് ഒടുക്കാനായി സെസിനത്തിൽ പിരിക്കുന്ന തുക നഗരസഭ മുഖേന വെൽഫയർ ഫണ്ടിലേക്ക് ഒടുക്കുവരുത്തുന്നില്ല | 1-16-2 |
| 27 | IBPMS സോഫ്റ്റ് വെയറിലൂടെ ലഭിക്കുന്ന പെർമിറ്റ് ഫീസ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ യഥാസമയം ക്രഡിറ്റ് ചെയ്യുന്നില്ല | 1-17 |
| 28 | ബിൽഡിംഗ് പെർമിറ്റ് - റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിലെ കുറവ് , അനധികൃത നിർമ്മാണം -നടപടികളില്ല | 1-18 |
| 29 | ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ | 1-19 |
| 30 | അപേക്ഷ സമർപ്പിച്ച് ഒരു വർഷം പിന്നിട്ടിട്ടും തുടർനടപടി സ്വീകരിച്ചില്ല- ജേക്കബ്സ് തിയേറ്റർ ഫിറ്റ്നസോ, ലൈസൻസോ കൂടാതെ പ്രവർത്തിച്ചത് ഒരു വർഷം | 1-20 |

| | | |
|---|---|---|
| 31 | പാർക്കിംഗ് ഫീസ് വേണ്ടെന്ന് വെച്ചു. നഗരസഭയ്ക്ക് വരവ് നഷ്ടം. | 1-21 |
| 32 | തയ്യൽ യൂണിറ്റ് നടത്താൻ നൽകിയ കെട്ടിടത്തിന്റെ വാടക11/2022 മുതൽഈടാക്കിയിട്ടില്ല-2022-23 ലെ കുടിശ്ശിക 2500/- | 1-22 |
| 33 | നഗരസഭാവക ഷോപ്പിംഗ് കോംപ്ലക്സ്-വാടകനിരക്ക് പുതുക്കാനുള്ള ശുപാർശ പരിഗണിച്ചിട്ടില്ല | 1-23 |
| 34 | ലേലം:വരവിൽ വർധനയില്ല,ഇറച്ചിസ്റ്റാളുകൾ ലേലം ചെയ്തില്ല | 1-24 |
| 35 | കുടിവെള്ളപൈപ്പ് ലൈൻ–നിക്ഷേപത്തുക വിനിയോഗിക്കാത്തതിനാൽ തിരികെ നൽകുന്നത്- വരവ് ബോദ്ധ്യപ്പെട്ടിട്ടില്ല | 1-25 |
| 36 | ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപനം -ജി.എസ്.ടി ഈടാക്കുന്നില്ല,സ്ഥാപനം നേരിട്ട് ഒടുക്കിയതായി രേഖകളില്ല- | 1-26 |
| 37 | 2022-23 വർഷം ചെലവ് ചെയ്യാത്ത പ്രോജക്ടുകൾക്ക് സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. | 1-27 |
| 38 | ഡ്രൈവർമാരുടെ കരാർ നിയമനം സർക്കാർ നിർദ്ദേശം പാലിക്കാതെ | 1-28 |
| 39 | 2003 ലെ കേരള മുനിസിപ്പാലിറ്റി( ദുരിതാശ്വാസ നിധി രൂപീകരവും വിനിയോഗവും)ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധിഫണ്ട് സമാഹരണം നാമമാത്രം | 1-29 |
| 40 | ആസ്തി സംരക്ഷണം | 1-30 |
| 41 | ദേശീയ നഗര ഉപജീവനദൗത്യം പദ്ധതി-ഷെൽട്ടർ ഹോം നിർമ്മാണം-സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ നഗരസഭയ്ക്ക് 2.5 കോടി രൂപയുടെ പദ്ധതി നഷ്ടപ്പെടുന്ന സാഹചര്യം | 1-31 |
| 42 | നഗരസഭ പരിധിയിൽ 3ഹെൽത്ത് വെൽനെസ് സെന്റർ ആരംഭിക്കൽ,നഗരകുടുംബാരോഗ്യകേന്ദ്രം അർബൻ പോളി ക്ളിനിക്കായി ഉയർത്തൽ - പദ്ധതി പ്രവർത്തനങ്ങൾ പുരോഗതി കൈവരിച്ചില്ല. | 1-32 |
| 43 | കുടിവെള്ള പെപ്പ് ലൈൻ മാറ്റൽ– നഗരസഭാ അധികൃതരുടെ വീഴ്ചമൂലം സംസ്ഥാനാവിഷ്കൃത പ്രോജക്ട് നടപ്പാക്കാൻ കഴിഞ്ഞില്ല | 1-33 |
| 44 | വിതച്ച വിത്ത് എരണ്ടപക്ഷികൾ തിന്നതായി വിശദീകരണം, നെൽകൃഷി വികസന പദ്ധതിയിൽ സർക്കാർ മാർഗരേഖ ലംഘിച്ചു. | 1-34 |
| 45 | യൂണിറ്റ് കോസ്റ്റ് ബാധകമാക്കിയില്ല,വാഴവിത്തിന് അധിക വില നൽകി | 1-35 |
| 46 | യൂണിറ്റ് കോസ്റ്റ് അവഗണിച്ചു,ഫലവൃക്ഷതൈകൾക്ക് അധിക വില നല്കി | 1-36 |
| 47 | നഗരസഭയിലെ മാലിന്യ സംസ്കരണം- രേഖകൾ ലഭ്യമാക്കിയില്ല | 1-37 |
| 48 | ഇൻഫർമേഷൻ കേരള മിഷനിൽ (ഐകെഎം) ഒരു ലക്ഷം രൂപ നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും നഗരസഭക്ക് ആസ്തി രജിസ്റ്റർ ഇല്ല. | 1-38 |
| 49 | എസ്.സി വിദ്യാർത്ഥികൾക്കു പഠനമുറി തയ്യാറാക്കൽ - നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ - തുടർ നടപടികൾ സ്വീകരിക്കണം | 1-39 |
| 50 | ദുരന്തനിവാരണത്തിന്റെ പേരിൽ നഗരസഭ നടപ്പാക്കിയ ബയോടോയിലറ്റ് പദ്ധതി(പ്രോ.211/23) ഉപയോഗപ്രദമായില്ല. | 1-40 |
| 51 | NULM-അർബൻ പോവർട്ടി റിഡക്ഷൻ പ്ലാൻ– ഈസ്റ്റ് സി.ഡി.എസ് ന്റെ പ്രവർത്തനം-നടത്തിയില്ല | 1-41 |
| 52 | വാഹന പരിപാലനത്തിൽ വേണ്ടത്ര ജാഗ്രത പാലിക്കുന്നില്ല | 1-42 |
| 53 | മാലിന്യപ്രശ്നത്തിന് പരിഹാരമാകാവുന്ന സീവറേജ് ട്രീറ്റ്മെന്റ്പ്ലാന്റിന് സ്ഥലം കണ്ടെത്താനായില്ല-128 കോടി രൂപയുടെ പ്രോജക്ട് നഷ്ടമാകുന്ന അവസ്ഥ | 1-43 |
| 54 | പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - കുടിശ്ശിക തുക 23.83 ലക്ഷം രൂപയായി വർദ്ധിച്ചു – തുടർ നടപടികൾ അനിവാര്യം. | 1-44 |
| 55 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ളക്സ് അറ്റകുറ്റപ്പണി - കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിട്ടില്ല. | 1-45 |
| 56 | സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിപാലനം ,സ്റ്റോറുകളുടെ പരിശോധന – മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. | 1-46 |
| 57 | പബ്ളിക്ക് അഡ്രസിംഗ് സിസ്റ്റം നാളിതുവരെ സ്ഥാപിച്ചിട്ടില്ല – 200000/- രൂപ തടസ്സപ്പെടുത്തുന്നു | 1-47 |

| | | |
|---|---|---|
| 58 | ഗുണഭോക്തൃ വിഹിതം പിരിച്ചില്ല, സോളാർ ക്യാമറയിൽ അധിക ചെലവ് | 1-48 |
| 59 | ഷീലോഡ്ജ് ഉദ്ഘാടനം-അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തിട്ടില്ല | 1-49 |
| 60 | തിരിച്ച് കൊടുക്കണോ എന്ന് വ്യക്തമല്ലാത്ത തിരഞ്ഞെടുപ്പ് നിക്ഷേപം നഗരസഭ ബാധ്യത ശീർഷകത്തിൽ നിലനിർത്തിയിരിക്കുന്നു. | 1-50 |
| 61 | അങ്കണവാടികളിൽ പരിമിതമായ പശ്ചാത്തല സൗകര്യം-ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു | 1-51 |
| 62 | നഗരവികസനം പരിഗണിക്കാതെ വസ്തുക്കൾ കയ്യൊഴിയുന്നു | 1-52 |
| 63 | ചുമത്ര വെറ്റിനറി ഉപകേന്ദ്രം-വാടക നിശ്ചയിച്ചതിലെ അപാകത | 1-53 |
| 64 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. | 1-54 |
| 65 | പിഎംഎവൈ പദ്ധതി-വീടുകൾ പൂർത്തിയായില്ല,പദ്ധതി ലക്ഷം കൈവരിക്കുന്നില്ല | 1-55 |
| 66 | ശബരിമല ഇടത്താവളത്തിന് താല്കാലിക സംവിധാനമൊരുക്കാൻ 17 ലക്ഷം,സ്ഥിരം സംവിധാനമൊരുക്കൽ ബജറ്റ് വാഗ്ദാനമായി തുടരുന്നു | 1-56 |
| 67 | ശുചിത്വമിഷൻ നിർദേശം അവഗണിച്ച് ഭക്ഷണചെലവ് | 1-57 |
| | **ഭാഗം 2** | |
| 1 | വിനോദനികുതി-കുറഞ്ഞ നിരക്കിൽ ഈടാക്കിയതുമൂലം 94045/- രൂപയുടെ നഷ്ടം | 2-1 |
| 2 | ലൈസൻസ് ഇല്ലാതെ തിയേറ്റർ പ്രവർത്തിച്ചു- ഫീസിനത്തിൽ നഷ്ടം-1000/- | 2-2 |
| | **ഭാഗം 3** | |
| 1 | യൂണിറ്റ് കോസ്റ്റ് ബാധകമാക്കിയില്ല- വാഴ വിത്തിന് അധിക വില നൽകി, നിരാകരണം-9480/- രൂപ | 3-1 |
| 2 | ജില്ലാതല യൂണിറ്റ് കോസ്റ്റ് ബാധകമാക്കാതെ കൂടിയ വിലക്ക് ഫലവൃക്ഷതൈ വാങ്ങി-നഷ്ടം-60125/- | 3-2 |
| 3 | ശുചിത്വമിഷൻ നിർദ്ദേശം ലംഘിച്ച് ഭക്ഷണചെലവ് | 3-3 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

# പൊതു അവലോകനം

## 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**1) തിരുവല്ല മുനിസിപ്പാലിറ്റിയുടെ** 2023 മാർച്ച് 31 -ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27.7.2023 തീയതിയിലെ 16 -ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 31.7.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 -ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 -ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുവല്ല മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.3.2023 -ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.3.2023 -ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: തിരുവല്ല — ഡെപ്യൂട്ടി ഡയറക്ടർ,

തീയതി: 29.12.2023 — നഗരസഭ ഓഡിറ്റ്, തിരുവല്ല

### 1–1–1 വാർഷിക കണക്കുകളിലെ തുകകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല

ഷെഡ്യൂൾ ബി-4-ൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള ഗ്രാന്റ് ഫോർ പ്രോജക്ട്സ് എന്ന ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്ന 2500000/- രൂപയുടെയും, ഷെഡ്യൂൾ ബി-6-ൽ ലോൺസ് ഫ്രം സെൻട്രൽ ഗവൺമെന്റ് എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള 11566913/- രൂപയുടെയും, ഷെഡ്യൂൾ ബി-15-ൽ പരസ്യ നികുതി എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 280609/- രൂപയുടെയും കൃത്യത ഉറപ്പാക്കാനാവശ്യമായ വിവരങ്ങൾ ലഭ്യമല്ല.

### 1–1–2 ഡെപോസിറ്റ് രജിസ്റ്ററുകളിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 ൽ Deposit Received എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള ബാധ്യതകൾക്ക് കൃത്യതയില്ല. രജിസ്റ്ററിൽ വാർഷിക സംക്ഷിപ്ത വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഷെഡ്യൂൾ ബി-11 Fixed Assets – ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ഷെഡ്യൂളിലെ വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

### 1-1-4 ആസ്തികൾ സൃഷ്ടിക്കുന്നതിന് ആനുപാതികമായി തുക ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

ഷെഡ്യൂൾ B3 - Capital Contribution (138667245/-) ഷെഡ്യൂൾ B11 Fixed Asset(203779417/-) എന്നീ ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ 65112172/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

### 1-1-5 വായ്പാ ചെലവ് വിവരം പ്രീപേയ്ഡ് പ്രോഗ്രാം എക്സ്പൻസസ് എന്ന ശീർകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

വായ്പാ ഇനത്തിൽ ലഭിച്ച തുകകളുടെ ചെലവ് വിവരം ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി 16 ൽ Prepaid Programme Expense എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-6 വായ്പ, മുൻകൂർ, ഡെപോസിറ്റ് തുകകൾ ബന്ധപ്പെട്ട രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-18-ൽ Loans , Advances And Deposits എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾക്ക് കൃത്യതയില്ല. രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-7 വരവുകളുടെ ഡിമാൻറ് തുകകൾ കൃത്യമായി തിട്ടപ്പെടുത്തിയിട്ടല്ല

ഷെഡ്യൂൾ I-1 ,I-3, I-4 (B) - വരവുകളുടെ ഡിമാൻറ് തുകകൾ കൃത്യമായി തിട്ടപ്പെടുത്തിയല്ല വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ Income & Expenditure Statement ൽ പ്രതിഫലിക്കുന്നത് ശരിയായ വരുമാനമല്ല.

## 1-2 ബഡ്ജറ്റ്

തിരുവല്ല നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 21.03.2023-ലെ കൗൺസിൽ യോഗം പാസ്സാക്കി യിട്ടുണ്ട്. ബഡ്ജറ്റ് സംഗ്രഹം:

| വിവരണം | തുക |
|---|---|
| മുന്നിരിപ്പ് | 269425480 |
| വരവ് | 736050000 |
| ആകെ | 1005475480 |
| ചെലവ് | 911964000 |
| നീക്കിയിരിപ്പ് | 93511480 |

1) *ബഡ്ജറ്റ് വിശകലനം*

എ)മുനിസിപ്പൽ നിയമം 284 വകുപ്പ് ബഡ്ജറ്റിൽ നഗരസഭയുടെ റവന്യൂ വരവിന്റെ 2% ദാരിദ്ര്യലഘൂകരണഫണ്ട് എന്ന പേരിൽ പ്രത്യേക ഫണ്ട് രൂപികരിക്കണം എന്ന് നിർദേശിക്കുന്നുണ്ട്. നിർദേശം പാലിച്ചതായി കാണുന്നില്ല.

ബി)കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 293(3) അനുസരിച്ച് വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥവരവിൽ നിന്നുള്ള പ്രത്യക്ഷ വ്യതിയാനങ്ങൾക്ക് വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. മുൻവർഷത്തെ(2021-22സാമ്പത്തിക വർഷം) യഥാർത്ഥ വരവിൽ നിന്നും 2022-23 ബഡ്ജറ്റിലെ മതിപ്പിൽ വലിയ വ്യത്യാസം കാണുന്നു. ആക്ടിലെ നിർദേശം പാലിച്ച് വ്യത്യാസം വിശദീകരിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ :

(കുറിപ്പ്:2021-22 യഥാർത്ഥ വരവായി പരിഗണിച്ചത് ആ വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൽ നിന്നുള്ള

വിവരങ്ങളാണ്.)

| വരവ്-ഇനം | 2021-22ലെ യഥാർത്ഥ വരവ് | 2022-23ലെ ബഡ്ജറ്റ് മതിപ്പ് | വ്യത്യാസം |
|---|---|---|---|
| വസ്തു നികുതി | 55954490 | 62500000 | 6545510 |
| തൊഴിൽ നികുതി (ജീവനക്കാർ) | 25,573,473 | 27500000 | 1926527 |
| വിനോദ നികുതി | 20,966 | 1500000 | 1479034 |

2)*ബഡ്ജറ്റ് നിർദേശങ്ങൾ നടപ്പാക്കുന്നില്ല*

നഗരാസൂത്രണ മേഖലയിൽ 1.25 കോടി വകയിരുത്തി അഗതി മന്ദിരം ,വയോ ക്ലബ്, സാംസ്കാരിക നിലയം, വാട്ടർ മ്യൂസിക്കൽ പാർക്ക് /ത്രീഡി തിയറ്റർ, സയൻസ് പാർക്ക് എന്നിവ ബഡ്ജറ്റിൽ നിർദേശിച്ചിരുന്നു. പദ്ധതികളുടെ തുടക്കം കുറിക്കാൻ 2022-23-ൽ കഴിഞ്ഞില്ല. നഗരസഭ സ്റ്റേഡിയത്തിന് 3 കോടിയും ഗ്യാസ് ക്രിമറ്റോറിയത്തിന് 75 ലക്ഷവും ബഡ്ജറ്റിൽ വകയിരുത്തി. രണ്ട് പദ്ധതികളും തുടങ്ങിയില്ല. മാത്രമല്ല സമയത്ത് തുടർനടപടികളില്ലാതെ ഉണ്ടായിരുന്ന ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തനരഹിതവുമായി. ബഡ്ജറ്റ് നിർദേശങ്ങൾ ആ സാമ്പത്തികവർഷം തന്നെ നടപ്പാക്കാൻ കൗൺസിൽ നിരീക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 117601459.09 |
| വരവ് | 329676507 |
| ആകെ | 447277966.09 |
| ചെലവ് | 329955032 |
| നീക്കിയിരിപ്പ് | 117322934.09 |

## 1-4 ഗ്രാന്റ് വിനിയോഗം

| *ഗ്രാന്റ്* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്/ ലാപ്സായ തുക* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 31888008 | 31888008 | 30367544 | 1520464 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 20193792 | 20193792 | 15263474 | 4930318 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 17993019 | 25223848 | 43216867 | 11431083 | 20024061 + 11761723 (ലാപ്സായത്) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 12245029 | 13518695 | 25763724 | 19597183 | 3999559 + 2166982 (ലാപ്സായത്) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 30910000 | 30910000 | 7801241 | 23108759 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 19357000 | 19357000 | 16323831 | 3033169 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | |

| | | | | | |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 2117970 | 14773033 | 16891003 | 16469713 | 421290 |
| ക്ലീൻ കേരള | 1953850 | 1976473 | 3930323 | 0 | 3930323 |
| ഇ.എം.എസ് (ലൈഫ്) | 14759690 | 588042 | 15347732 | 0 | 15347732 |
| സി.എഫ്.എൽ.റ്റി.സി | 342643 | 9521 | 352164 | 0 | 352164 |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | |
| പി.എം.എ.വൈ | 3889546 | 13013420 | 16902966 | 15212000 | 1690966 |
| എൻ.യു.എൽ.എം | 0 | 1759032 | 1759032 | 1759032 | 0 |
| യു.ഐ.ഡി.എസ്.എം.റ്റി | 145583 | 564011 | 709594 | 0 | 709594 |
| സ്വച്ഛ് ഭാരത് മിഷൻ | 60717 | 444 | 61161 | 61161 | 0 |
| **പ്രത്യേക ഗ്രാന്റ്** | | | | | |
| അർബൻ ഹെൽത്ത് വെൽനസ്സ് സെന്റർ | 0 | 13543576 | 13543576 | 0 | 13543576 |
| ശബരിമല ഇടത്താവളം | 4549600 | 1000000 | 5549600 | 2780571 | 2769029 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 2365200/- രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 1640000/- രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.സി.എഫ്.സി ടൈഡ്, അൺടൈഡ് ഇനങ്ങളിലെ തുകകൾ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വരവ്, ചെലവ് തുകകൾ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

2022-23 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 319 | 304534387 | 161 | 112910720 | 158 | 37.08 |

## 1-5-1 പദ്ധതി നിർവ്വഹണം-അവലോകനം

***1)പദ്ധതി ചെലവ് 37 ശതമാനം,ഏറ്റെടുത്തതിൽ 50 % പ്രോജക്ടുകൾ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ***

2022-23 വർഷം 319 പ്രോജക്ടുകൾക്കായി 304534387/- രൂപ വകയിരുത്തിയതിൽ 161 പ്രോജക്ടുകൾ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. ചെലവ് 112910720/- രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു-

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവ് തുക | ചെലവ് ശ2തമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 21 | 16 | 24435127 | 9575026 | 39 |
| 2 | മുനിസിപ്പൽ എഞ്ചിനീയർ | 16 | 8 | 32496701 | 6037689 | 19 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 190 | 64 | 133193753 | 28676280 | 22 |
| 4 | പ്രോജക്ട് ഓഫീസർ | 32 | 18 | 70383139 | 32060976 | 46 |
| 5 | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 18 | 16 | 10719009 | 9739530 | 91 |
| 6 | മെഡിക്കൽ ഓഫീസർ | 2 | 2 | 1695017 | 1695017 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | (ആയുർവേദം) | | | | | |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 2 | 425000 | 400000 | 94 |
| 8 | വെറ്റിനറി സർജൻ | 9 | 9 | 4001920 | 1438517 | 36 |
| 9 | അഗ്രി.ഫീൽഡ് ഓഫീസർ | 6 | 6 | 2992055 | 2722106 | 91 |
| 10 | പട്ടികജാതി വികസന ഓഫീസർ | 9 | 9 | 12585000 | 11261182 | 89 |
| 11 | എച്ച്.എം, ജി.എച്ച്.എസ് | 1 | 0 | 200000 | 0 | 0 |
| 12 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 9537666 | 9042397 | 94.8 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 120000 | 47000 | 39 |
| 14 | ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ | 3 | 2 | 1750000 | 215000 | 12 |
| | | 319 | 161 | 304534387 | 112910720 | 37.08 |

*റിമാർക്ക്സ്*-പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ ,സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവിൽ 3 പ്രോജക്ടുകൾക്കായി 2023-24 വർഷം നടത്തിയ ചെലവ് ഉൾപ്പെടുന്നു. വിശദവിവരം ഖണ്ഡിക 1-27 ൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

15 നിർവ്വഹണ ഉദ്യോഗസ്ഥരിൽ കേവലം 6 പേർമാത്രമാണ് 80 ശതമാനത്തിലധികം ചെലവ് വരുത്തിയിട്ടുള്ളത്. സെക്രട്ടറി, മുനിസിപ്പൽഎഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, പ്രോജക്ട് ഓഫീസർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, വെറ്റിനറി സർജൻ, ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ എന്നിവരുടെ ചെലവ് ശതമാനം 80-ൽ താഴെയാണ്. എച്ച്.എം ഏറ്റെടുത്ത ഒരു പ്രോജക്ട് നടപ്പാക്കിയിട്ടുമില്ല. അസിസ്റ്റന്റ് എഞ്ചിനീയർ ഏറ്റെടുത്ത 190 പ്രോജക്ടുകളിൽ 99 സ്പിൽ ഓവർ പ്രോജക്ടുകളും 91 പുതിയ പ്രോജക്ടുകളുമാണ്. പുതിയ പ്രോജക്ടുകളിൽ 6 എണ്ണം മാത്രമാണ് നടപ്പാക്കിയത്. മുനിസിപ്പൽ എഞ്ചിനീയർ ഏറ്റെടുത്ത പ്രോജക്ടുകളിൽ 13 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളും 3 പുതിയ പ്രോജക്ടുകളുമായിരുന്നു. പുതിയ പ്രോജക്ടുകളിൽ ഒന്ന് മാത്രമാണ് നടപ്പാക്കിയത്. മേൽ വിഷയത്തിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം-40/2.12.23) നൽകിയതിന് അസിസ്റ്റന്റ് എഞ്ചിനീയർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ എന്നിവർ മറുപടി ലഭ്യമാക്കി. അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ കരാറുകാർ ടെണ്ടർ ബഹിഷ്ക്കരിക്കുകയും റീടെണ്ടറിംഗിന് ഇടയാക്കുകയും ചെയ്തതായും ടെണ്ടർ നടപടികൾ 16.1.23-ന് മാത്രമാണ് പൂർത്തിയായതെന്നും ആയത് കൗൺസിൽ അംഗീകരിച്ച് നൽകിയത് 9.2.23-ലാണെന്നും അറിയിച്ചിട്ടുണ്ട്. മേൽപ്രകാരം നടപടിക്രമങ്ങളിലുണ്ടായ കാലതാമസം പ്രോജക്ട് നിർവ്വഹണത്തെ ബാധിച്ചു. ഫിഷറീസ് സബ് ഇൻസ്പെക്ടർ ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃലിസ്റ്റിൽ ഉണ്ടായിരുന്ന പലരും പദ്ധതിയിൽ നിന്ന് വിട്ടു നിന്നതിനാലാണ് വകയിരുത്തിയ ഫണ്ട് പൂർണ്ണമായും ചെലവുചെയ്യാൻ കഴിയാതെ പോയത് എന്ന മറുപടി ലഭ്യമാക്കി.

**2)*മേഖലാ വിഭജനം- ചെലവ് 50 ശതമാനത്തിൽ താഴെ, പശ്ചാത്തലമേഖലയിലെ നിർവ്വഹണം 23 ശതമാനം മാത്രം***

| മേഖല | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | ചെലവ് ശതമാനം |
|---|---|---|---|---|---|
| | പൊതുവിഭാഗം | പ്രത്യേക ഘടക പദ്ധതി | പൊതുവിഭാഗം | പ്രത്യേക ഘടക പദ്ധതി | |
| ഉല്പാദനം | 12554743 | 20000 | 6067049 | 15000 | 48 |
| സേവനം | 149828307 | 9509833 | 61859662 | 1494292 | 40 |
| പശ്ചാത്തലം | 96183102 | 0 | 21920535 | 0 | 23 |

**3)*പദ്ധതിവിഹിതം ചെലവുചെയ്തില്ല- വിവിധ ഇനങ്ങളിലായി 3,25,92,710 രൂപ നഷ്ടമായി,മെയിന്റനൻസ് ഗ്രാന്റ്(റോഡ്) വരവിന്റെ 75 % ലാപ്സാക്കി***

നഗരസഭയ്ക്ക് വികസന പ്രവർത്തനങ്ങൾക്കായി വിവിധ ശീർഷകങ്ങളിലായ ലഭിച്ച ഫണ്ടുകളിൽ 3,25,92,710 രൂപ ലാപ്സാക്കി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ലാപ്സാക്കിയ തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 31888008 | 1520464 |
| വികസന ഫണ്ട് (എസ്.സി.പി) | 20193792 | 4930318 |

| | | |
|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 30910000 | 23108759 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 19357000 | 3033169 |
| ആകെ | 102348800 | 32592710 |

ഗ്രാന്റ് വിനിയോഗിക്കുന്നതിലും ഏറ്റെടുത്ത പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച, യഥാസമയം പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിലും പുരോഗതി വിലയിരുത്തുന്നതിലും ഭരണസമിതിയുടെ ഇടപെടീലുകളുടെ അഭാവം കൊണ്ടു കൂടിയാണെന്ന് വസ്തുതകൾ വെളിവാക്കുന്നു. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് അജണ്ട തയ്യാറാക്കിയ പല വിഷയങ്ങളും പരിഗണിക്കാതെ പല കൗൺസിലിലും മാറ്റിവയ്ക്കപ്പെട്ടതും ഈ വീഴ്ചയ്ക്ക് കാരണമായിട്ടുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി പ്രവർത്തനങ്ങളിലൂടെ നഗരവികസനവും ക്ഷേമ പ്രവർത്തനങ്ങളും നടപ്പാക്കേണ്ട കൗൺസിലിന്റെ ഭാഗത്തുനിന്നുണ്ടായ ഈ നടപടി ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**4)*<u>ജനറൽഫണ്ടിൽ 1689792/- രൂപയുടെകുറവ്-നഗരവികസനത്തെ ബാധിക്കുന്നു</u>***

സർക്കാർ ഉത്തരവ് (കൈ) 79/2021/ധന/15.7.2021 പ്രകാരം വികസനഫണ്ട് ജനറൽ വിഭാഗത്തിന് പുറമേ ലഭിക്കുന്ന ഫണ്ടുകളിൽ തൻവർഷം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തൊട്ടടുത്ത വർഷം കുറവുവരുത്തുന്നതാണെന്ന് നിഷ്കർഷിച്ചിരുന്നു. ഇതുപ്രകാരം 2021-22 വർഷം നഗരസഭയുടെ വികസനഫണ്ട്( എസ്.സി.പി)ഫണ്ടിൽ ചെലവഴിക്കാഞ്ഞ 1689792/- രൂപ 2022-23 വർഷത്തിൽ വികസനഫണ്ട്(ജനറൽ)ൽ നിന്ന് കുറവുവരുത്തി എസ്.സി.പി ഫണ്ടിലേക്ക് വകയിരുത്തി നൽകി. (സ.ഉ(സാധാ)1049/2023/ധന/13.2.23) ആയതിനാൽ വികസനഫണ്ട് (ജനറൽ) 1689792/- രൂപയുടെ കുറവുണ്ടായി. ഇത് നഗരസഭയുടെ വികസനപ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്.2022-23 വർഷം എസ്.സി.പി ഫണ്ട്4930318/-രൂപ ലാപ്സായി. മേൽ ഉത്തരവ് പ്രകാരം അടുത്ത സാമ്പത്തികവർഷവും വികസനഫണ്ട് (ജനറൽ)ൽ തത്തുല്യമായ കുറവ് ഉണ്ടാകാനിടയുണ്ട്. നഗരസഭയുടെ വികസനപ്രവർത്തനങ്ങളേയും സേവന പ്രവർത്തനങ്ങളേയും ബാധിക്കുന്ന മേൽ വിഷയത്തിൻമേൽ കൗൺസിലിന്റെ ഇടപെടീലുകൾ ഉണ്ടാകേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2117970 | 10000000 | 12117970 | 651520 | 421290 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | | | 11309726 | |
| ഗുണഭോക്താക്കൾക്ക് തനത് ഫണ്ടിൽ നിന്നും നൽകിയത് | - | 4500000 | 4500000 | 4500000 | |
| മറ്റിനം | - | 273033 | 273033 | 8467 | |
| ആകെ | 2117970 | 14773033 | 16891003 | 16469713 | 421290 |

## 1-7 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവ് തുക* |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 4490 | 45552900/- |
| വിധവാ പെൻഷൻ | 1416 | 13477600/- |
| കർഷക തൊഴിലാളി പെൻഷൻ | 370 | 4339400/- |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 358 | 3981200/- |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 78 | 876800/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 11 | 330000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4):ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് കാലയളവിൽ വിവിധ തീയതികളിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | ബാലൻസ് ക്യാഷിന്റെ വിവരം |
|---|---|---|
| 1 | 23.01.2023 | 118239 |
| 2 | 22.02.2023 | 645871 |
| 3 | 12.04.2023 | 123338 |
| 4 | 12.06.2023 | 118927 |
| 5 | 14.07.2023 | 221182 |
| 6 | 09.08.2023 | 127721 |
| 6 | 11.09.2023 | 255643 |
| 7 | 21.10.2023 | 81942 |
| 8 | 28.11.2023 | 109332 |

## 1-9 ആഭ്യന്തരനിയന്ത്രണം

*(നഗരസഭയുടെ 22-23ലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പരിശോധിക്കുന്നതിന് 16/09/2023 ന് സെക്രട്ടറിക്ക് 17 ചോദ്യങ്ങൾ ഉൾപ്പെടുത്തി ഓഡിറ്റ് അന്വേഷണം (07/2022-23)നല്കിയിരുന്നു. മറുപടി ലഭിച്ചില്ല.)*

*അന്വേഷണത്തിൽ ആവശ്യപ്പെട്ട പൗരാവകാശരേഖ, കുടിശിക രജിസ്റ്റർ, ആസ്തി രജിസ്റ്റർ, നഗരസഭയുടെ വസ്തുക്കളുടെ ആധാരം, കരം അടച്ച രസീത് ,കേസ്/സ്യൂട്ട് രജിസ്റ്റർ,അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ,ഓഫീസ് ഓർഡർ രജിസ്റ്റർ, ഹാജർ പുസ്തകം, ഓഫീസ് മീറ്റിംഗിന്റെ മിനിറ്റ്സ്, ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ്, സ്റ്റാറ്റസ് റിപ്പോർട്ട്, വാർഡ്സഭ മിനിറ്റ്സ് എന്നീ രേഖകളും ലഭിച്ചില്ല. ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളുടെ വീഴ്ചയാണ് മറുപടിയും രേഖകളും ഓഡിറ്റിന് ലഭ്യമാക്കാഞ്ഞതിലൂടെ വെളിവാകുന്നത്. നഗരസഭ അതിന്റെ ലക്ഷ്യങ്ങളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നുണ്ടെന്നതിന്റെ ഉറപ്പാണ് ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ. നഗരസഭയുടെ വിശദീകരണങ്ങളുടേയും രേഖകളുടേയും അഭാവത്തിൽ തയ്യാറാക്കിയ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളെ കുറിച്ചുള്ള ഓഡിറ്റ് നിഗമനങ്ങൾ താഴെ ചേർക്കുന്നു.)*

1.കൗൺസിൽ തീരുമാനങ്ങൾ അന്തിമമാക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി നിയമം നിർദേശിക്കുന്ന സമയപരിധിപാലിച്ച് കൗൺസിൽ തീരുമാനങ്ങൾ അന്തിമമാക്കുന്നില്ല. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 565 , 1995-ലെ കേരള മുനിസിപ്പാലിറ്റി യോഗനടപടി ചട്ടങ്ങളിലെ ചട്ടം 14 എന്നിവ അനുസരിച്ച് കൗൺസിൽ യോഗം നടന്ന് 48 മണിക്കൂറിനുള്ളിൽ മിനിറ്റ്സ് അന്തിമമാക്കേണ്ടതുണ്ട്. നഗരസഭ നിയമം പാലിക്കുന്നില്ല. കൗൺസിൽ യോഗനടപടികളിൽ ആഭ്യന്തര നിയന്ത്രണം കൊണ്ടുവരുന്നതിനാണ് നിയമങ്ങളും ചട്ടങ്ങളും സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത്. അത് പാലിക്കാത്തത് ആഭ്യന്തര നിയന്ത്രണത്തിലെ പാളിച്ചയാണ്. സകർമ്മ ഡാഷ് ബോർഡ് അനുസരിച്ച് തിരുവല്ല നഗരസഭയുടെ 2022-ലെ 24 കൗൺസിൽ യോഗങ്ങളുടേയും 2023-ലെ 17 കൗൺസിൽ യോഗങ്ങളുടേയും മിനിറ്റ്സ് പൂർത്തിയാക്കുവാനുണ്ട്. 2022-23-ലെ വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചിട്ടും കേരള മുനിസിപ്പാലിറ്റി യോഗ നടപടി ചട്ടങ്ങൾ അനുസരിച്ച് കൗൺസിൽ മിനിറ്റ്സ് പൂർത്തിയാക്കി അന്തിമമാക്കിയില്ല. സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളുടെ മിനിറ്റ്സ് സകർമ്മയിൽ തയാറാക്കുന്നില്ല. അതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2.പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിച്ചില്ല

പുതിയ കൗൺസിൽ അധികാരമേറ്റ ശേഷം പൗരാവകാശ രേഖ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയില്ലെന്ന് 2021-22

ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. വീഴ്ച 2022-23ലും പരിഹരിച്ചില്ല. കേരള മുനിസിപ്പാലിറ്റി നിയമം 563എ വകുപ്പിലേക്കും 2000-ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലേക്കും കൗൺസിലിന്റെ ശ്രദ്ധക്ഷണിക്കുന്നു. നഗരസഭ പൗരന്മാർക്ക് നല്കുന്ന സേവനങ്ങളുടെ വിളമ്പരമാണ് പൗരാവകാശരേഖ. നഗരസഭ കേരള മുനിസിപ്പാലിറ്റി നിയമം അനുസരിച്ച് പൗരന്മാർക്ക് നല്കേണ്ടുന്ന സേവനങ്ങൾ സമയബന്ധിതമായി നല്കുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടിയാണ് അത്.

3. കുടിശിക 15.62 കോടി-തനത് വരവ് പിരിക്കുന്നില്ല

തനത് വരവ് കുടിശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. 2022-23 വാർഷികകണക്ക് ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ അനുസരിച്ച് 31.03.2023-ൽ തനത് വരവിൽ 156182616/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. 15.62 കോടി രൂപയുടെ ഭീമമായ കുടിശിക നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ ഫലപ്രദമല്ലെന്നതിന്റെ തെളിവാണ്. കുടിശിക നിർമാർജനത്തിന് പ്രായോഗികമായ നടപടികൾ കൗൺസിൽ ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല *(ഈ റിപ്പോർട്ടിലെ 1-12,1-15 ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു).* കുടിശിക പിരിച്ചെടുക്കുവാൻ നഗരസഭയിൽ നിലവിൽ സംവിധാനങ്ങളില്ല. 1.04.2023 മുതൽ 31.08.2023 വരെ 5 മാസകാലത്ത് കുടിശികയിൽ എത്ര രൂപ പിരിച്ചെടുത്തു എന്ന് ഓഡിറ്റ് അന്വേഷണത്തിൽ ചോദിച്ചിരുന്നു. ഇതിന് മറുപടിയില്ലാത്തത് കുടിശിക നിർമ്മാർജനത്തിന് സംവിധാനങ്ങളില്ലെന്നതിന് തെളിവായി ഓഡിറ്റ് സ്വീകരിക്കുന്നു. കുടിശികയുടെ വിവരങ്ങൾ രജിസ്റ്ററിൽ വർഷം തിരിച്ച് എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്റർ ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന് ലഭിച്ചില്ല. ഇത്തരം വിവരങ്ങൾ രജിസ്റ്റർ സൂക്ഷിച്ച് പിരിച്ചെടുക്കാൻ ശ്രമിക്കാത്തത് ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ വീഴ്ചയാണ്. കുടിശിക രജിസ്റ്റർ ഇല്ലാത്തത് തനത് വരവ് കാലഹരണപ്പെടാനും കാരണമാകുന്നു.

4.ആസ്തി രജിസ്റ്റർ ഇല്ല, ഭൂമിദാനം വ്യാപകം

നഗരസഭയുടെ സ്ഥാവര ആസ്തികളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ ഇല്ല. നഗരത്തിൽ ഹൃദയഭാഗത്ത് കോടികൾ വിലമതിക്കുന്ന വസ്തുക്കൾ നഗരസഭയ്ക്കുണ്ട്. ഇവ കയ്യേറ്റങ്ങളിലൂടെ അന്യാധീനപ്പെടാതെ നഗരത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുക എന്നത് നഗരസഭയുടെ പ്രാഥമിക നിയമബാധ്യതയാണ്. കയ്യേറ്റങ്ങളെ തുടർന്ന് ഉണ്ടാകാവുന്ന നിയമനടപടികളിൽ നഗരസഭക്ക് അനുകൂലമാക്കാവുന്ന ആധികാരികമായ തെളിവാണ് ആസ്തി രജിസ്റ്റർ. മുനിസിപ്പാലിറ്റി നിയമം,വകുപ്പ് 211 അനുസരിച്ച് സെക്രട്ടറി നഗരസഭയുടെ ഉടമസ്ഥതയിലുള്ള വസ്തുക്കൾ, കെട്ടിടങ്ങൾ എന്നിവയുടെ വിവരം കാണിക്കുന്ന പത്രിക തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ആ നിയമവും പാലിച്ചിട്ടില്ല.

2022-23-ൽ നഗരസഭ പുതിയ സ്ഥാവര ആസ്തികൾ ആർജിച്ചതായി കാണുന്നില്ല. എന്നാൽ സന്നദ്ധ സംഘടനകൾക്കുൾപ്പെടെ ഉദാരമായി ഭൂമിദാനത്തിന് തീരുമാനിച്ചു. തീരുമാനം നടപ്പായോ എന്നത് വ്യക്തമല്ല. നഗരസഭയുടെ വസ്തുക്കളുടെ ആധാരം,കരം അടച്ച രസീത് എന്നിവ ഓഡിറ്റിന്റെ പരിശോധനക്ക് സമർപ്പിക്കാൻ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇവ ഹാജരാക്കിയില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കാഞ്ഞത് ഉടമസ്ഥത തെളിയിക്കുന്ന റവന്യൂ രേഖകൾ ഇല്ലാത്തതുകൊണ്ടാണെങ്കിൽ അത് ഗൗരവമാണ്. രേഖകൾ അടിയന്തരമായി സ്വന്തമാക്കി സൂക്ഷിക്കേണ്ടതാണ്.

2022-23-ൽ നഗരസഭയുടെ വസ്തുക്കളിൽ കയ്യേറ്റം ഉണ്ടായിട്ടുണ്ടോ, മുൻകാലങ്ങളിലെ കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ടോ, കയ്യേറ്റം തടയുന്നതിന് നഗരസഭയിൽ നിലവിലുള്ള ആഭ്യന്തര സംവിധാനം എന്തൊക്കെയാണ് എന്നീ ചോദ്യങ്ങൾക്ക് മറുപടി ലഭിച്ചില്ല. ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളുടെ പ്രവർത്തനം തെളിയിക്കുന്ന രേഖകൾ, കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസുകളുടെ വിവരം ,ബന്ധപ്പെട്ട കേസ്/സ്യൂട്ട് രജിസ്റ്റർ ആവശ്യപെട്ടിട്ടും ലഭിച്ചില്ല. കയ്യേറ്റം തടയാൻ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ ഇല്ലെന്നതിന് തെളിവാണ് മറുപടിയും രേഖകളും ഓഡിറ്റിന് സമർപ്പിക്കാത്തത്.

5)അനധികൃതനിർമ്മാണങ്ങൾക്ക് എതിരെ നടപടിയില്ല

നഗരത്തിലെ അനധികൃത നിർമ്മാണങ്ങൾക്ക് എതിരെ നിയമനടപടി നഗരസഭയുടെ പ്രാഥമിക ഉത്തരവാദിത്വമാണ്. അനധികൃത നിർമ്മാണങ്ങൾ നിരീക്ഷിക്കുന്നതിന് എന്ത് സംവിധാനങ്ങളാണ് നഗരസഭയിലുള്ളത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ലഭിച്ചില്ല. അവയുടെ 22-23-ലെ പ്രവർത്തന രേഖകളും ലഭിച്ചില്ല. അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6)ഭരണപരമായ കാര്യക്ഷമത തെളിയിക്കപ്പെട്ടില്ല

നഗരസഭയുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിലും ജനസേവനപ്രദമാക്കുന്നതിലും നഗരസഭ ഓഫീസിന് നിർണ്ണായക പങ്കുണ്ട്. ഭരണപരമായ കാര്യക്ഷമത പരിശോധിക്കേണ്ടത് ഓഡിറ്റിന്റെ നിയമ ബാധ്യതയാണ്. ഈ പശ്ചാത്തലത്തിലാണ് ഓഫീസിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നതിനുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളായ ജോലി വിഭജന രേഖ, ഹാജർ പുസ്തകം, ഓഫീസ് ഓർഡർ രജിസ്റ്റർ, ഓഫീസ് മീറ്റിംഗുകളുടെ മിനിറ്റ്സ് എന്നിവ പരിശോധനക്ക് ആവശ്യപ്പെട്ടത്. ഇവ ലഭിച്ചില്ല. കാര്യക്ഷമവും ജനസേവനപ്രദാനവുമായ ഓഫീസ് സംവിധാനം നിലനിന്നിരുന്നു എന്ന് രേഖകളുടെ അഭാവത്തിൽ ഓഡിറ്റിന് ഉറപ്പാക്കാനാവുന്നില്ല.

7)ആസൂത്രണം കാര്യക്ഷമമല്ല,പ്രോജക്ടുകൾ നടപ്പാക്കിയില്ല

ഓഡിറ്റ് വർഷം നഗരസഭ പ്രോജക്ടുകളിൽ പകുതിപോലും നടപ്പാക്കിയില്ല. വികസനത്തിന് സർക്കാർ നല്കിയ ഗ്രാന്റുകളും വലിയ അളവിൽ ചെലവഴിക്കാതെ നഷ്ടപ്പെടുത്തി. *(ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-5-1 കാണുക).*

ആസൂത്രണവുമായി ബന്ധപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളായ ആസൂത്രണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ പ്രവർത്തന രേഖകളും ഓഡിറ്റിന് ലഭിച്ചില്ല. പ്രോജക്ട് ഫയലുകളിൽ മോണിട്ടറിംഗ് സമിതി റിപ്പോർട്ടുകൾ ഉൾപ്പെടുത്തി കാണുന്നില്ല. ആസൂത്രണത്തിൽ ജനകീയ സമിതകളെ ഉൾപ്പെടെ ചലിപ്പിച്ച് കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം കൊണ്ടുവരേണ്ടതാണ്.

2022-23 നഗരസഭയിലെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ഗുരുതരമായ പാളിച്ചകൾ ഉണ്ടായെന്ന് നഗരസഭയുടെ വിവിധ മേഖലകളിലെ പ്രവർത്തനങ്ങളിൽ നിന്നും വിലയിരുത്തുന്നു. അതിനാൽ കൗൺസിൽ, ധനകാര്യ സ്ഥിരം സമിതി, പൊതുഭരണവും ധനകാര്യവും വർക്കിംഗ് ഗ്രൂപ്പ് ,സെക്രട്ടറി എന്നിവർ വിഷയം പരിശോധിച്ച് കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനം നഗരസഭയിൽ രൂപപെടുത്തേണ്ടതാണ്.

8)ദൈനം ദിന സാമ്പത്തിക ഇടപാടുകളുടെ പരിശോധന

നഗരസഭയ്ക്ക് ചെക്ക്/ഡിഡി യായി ലഭിക്കുന്ന വരവ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതിന് ശേഷമാണ് സാംഖ്യ രസീത് നൽകുന്നത്. നഗരസഭയുടെ നികുതി/നികുതിയേതര ഇനങ്ങളിലെ ഗണ്യമായ ഒരു വിഹിതം ചെക്ക്/ഡി.ഡി പ്രകാരമാണ് ലഭിക്കുന്നത്. ഇപ്രകാരം വിവിധ ഇനങ്ങളിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡി ലഭിക്കുന്ന തീയതിയിൽതന്നെ ഔദ്യോഗിക രസീത് നൽകേണ്ടതാണ് എന്ന് 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ 19-ാം നമ്പർ ചട്ടത്തിൽ പറയുന്നുണ്ട്. എന്നാൽ, നഗരസഭയിൽ ഇതിന് വിരുദ്ധമായി ഓരോ ദിവസവും ലഭിക്കുന്ന ചെക്ക്/ഡി.ഡി-കൾക്ക് ഒരു താൽകാലിക കൈപ്പറ്റ് രസീത് മാത്രം നൽകുകയും, ചെക്ക്/ഡി.ഡി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതിന് ശേഷം മാത്രമാണ് ഔദ്യോഗിക രസീത് നൽകുന്നത്. ഓൺലൈനായി തൊഴിൽനികുതി അടവു വരുത്തുന്നതിന്റെ രസീതിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമല്ല. വരവിന്റെ വിവരം മാത്രമാണ് ലഭ്യമാകുന്നത്. ആയത് ബാങ്കിൽ കൃത്യമായി വരവ് വരുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. അതാത് ദിവസം തന്നെ പേമെന്റ് വൗച്ചറുകൾ ചെയ്ത് ഓരോ ദിവസത്തേയും ചെലവ് ആധികാരികമാക്കുന്നില്ല. 1.4.2.23 മുതൽ 30.11.23 വരെയുള്ള പണം പിൻവലിക്കൽ പരിശോധിക്കുന്നതിന് ചെക്ക് കൗണ്ടർഫോയിൽ, ബാങ്ക്ബുക്ക്, പാസ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് ഇവ പൂർത്തിയാക്കി ലഭ്യമാക്കിയിട്ടില്ല.

9)ചെക്ക്/ഡി.ഡി രജിസ്റ്റർ -മതിയായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ബാങ്ക് അക്കൗണ്ടുകളുടെ മാസാന്ത്യ റിക്കൺസിലിയേഷൻ നടത്തുന്നില്ല

ചെക്ക്/ഡി.ഡി യായി സ്വീകരിക്കുന്ന വരവിനങ്ങളുടെ വിശദാംശം രേഖപ്പെടുത്തുന്ന ചെക്ക് റിസീവ്ഡ് രജിസ്റ്ററുകളിലെ കോളങ്ങളിൽ മതിയായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല (കോളം 8, കോളം 9, കോളം 10 എന്നിവ). ചെക്കുകൾ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത തീയതി, ചെക്ക് പ്രകാരമുള്ള തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്ന തീയതി, തുക ക്രഡിറ്റ് ചെയ്യപ്പെട്ട ബാങ്ക് അക്കൗണ്ടിന്റെ വിവരം തുടങ്ങിയ അതി പ്രധാനവിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ ഇതിന്റെ സൂക്ഷിപ്പ് പ്രയോജനരഹിതമായിരിക്കുന്നു. തുകകളുടെ ക്രഡിറ്റ് ഓഡിറ്റിൽ കൃത്യമായി ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ചെക്ക്/ഡി.ഡി പ്രകാരം ലഭിക്കുന്ന തുക യഥാസമയം കളക്ഷന് നൽകി അതാത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നുവെന്ന് നിരീക്ഷിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനം നിലവിലില്ല. നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിന്റെ (00000038152902163) ആഗസ്റ്റ് 2023 വരെയുള്ള റിക്കൺസിലിയേഷൻ മാത്രമേ ഹാജരാക്കിയുള്ളൂ. തനത് ഫണ്ട് ഒഴികയുള്ള അക്കൗണ്ടുകളുടെ 2023 ഏപ്രിൽ മാസം മുതലുള്ള റിക്കൺസിലിയേഷൻ വിവരങ്ങൾ ഹാജരാക്കിയില്ല. ബാങ്ക് അക്കൗണ്ടുകളുടെ മാസാന്ത്യ റിക്കൺസിലിയേഷൻ നടത്താത്തതിനാൽ വരവ് തുകകളുടെ ക്രഡിറ്റ് വിവരം അക്കൗണ്ട്സ് സെക്ഷൻ കൃത്യമായി നിരീക്ഷിക്കുന്നില്ല. കൃത്യമായ മാസാന്ത്യ റിക്കൺസിലിയേഷൻ നടത്തി വരവ് തുകകളിലെ കൃത്യമായ ഒടുക്ക വിവരം ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ അക്കൗണ്ട്സ് സെക്ഷൻ കൈകൊള്ളേണ്ടതാണ്. ഇതിനാവശ്യമായ കൃത്യമായ സംവിധാനം സ്ഥാപന തലത്തിൽ രൂപീകരിച്ച് ഓഫീസ് ഉത്തരവിലൂടെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തേണ്ടതാണ്.

10) വരവിനങ്ങളുടെ ഡിമാന്റ് ആധികാരികമല്ല

വരവിനങ്ങളുടെ ഡിമാന്റ് തയ്യാറാക്കുന്നതിൽ കൃത്യതയില്ല. വിവിധ വരവിനങ്ങൾ കൈകാര്യം ചെയ്യുന്ന സെക്ഷനുകൾ നൽകുന്ന കണക്കുകൾ ആണ് സാംഖ്യയിൽ ഡിമാന്റ് ആയി ചേർക്കുന്നത്. ഇത്തരത്തിൽ ഡിമാന്റ് കണക്കാക്കുന്നത് നിയതമായ നടപടിക്രമങ്ങളുടേയോ ആധികാരികമായ വസ്തുതകളുടേയോ അടിസ്ഥാനത്തിലല്ല. ആയതിനാൽ വരവിനങ്ങളുടെ ഡിമാന്റിൽ കൃത്യതയില്ല. വസ്തുനികുതി പരിഷ്കരണത്തെത്തുടർന്ന് കൂടിയ നിരക്കിൽ ഈടാക്കിയ നികുതി തുടർവർഷങ്ങളിൽ ക്രമീകരിക്കുന്നത് വസ്തു നികുതി ഡിമാന്റ് ,കളക്ഷൻ,ബാലൻസ് തുകകൾ വ്യത്യാസപ്പെടാൻ കാരണമായി.എന്നാൽ ഈ ഇനത്തിലുള്ള കൃത്യമായ വിവരങ്ങൾ/കണക്കുകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അഡ്ജസ്റ്റ്

ചെയ്യപ്പെടുന്ന കണക്കുകൾക്ക് ആധികാരികതയില്ല. ഐ.കെ.എം നടത്തുന്ന "പ്യൂരിഫിക്കേഷൻ പ്രോസസ്"ന്റെ ആധികാരികത ബോദ്ധ്യപ്പെടാൻ കഴിയുന്നില്ല.

12) കേന്ദ്ര- സംസ്ഥാന ആവിഷ്കൃത പദ്ധതികൾ, പ്രത്യേക ആവശ്യങ്ങൾക്കായി ലഭിക്കുന്ന തുകകൾ- കണക്കുകൾ സൂക്ഷിക്കുന്നില്ല

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിക്കുന്ന തുകകൾ പലതും അതിനായുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ വരവ് ചെയ്യുന്നുണ്ട്. എന്നാൽ തുക ട്രാൻസ്ഫർ ചെയ്യുന്നതുമായി ബന്ധപ്പെട്ട അറിയിപ്പ് കൂടാതെ ഡയറക്ട് ട്രാൻസ്ഫർ ചെയ്തു വരുന്ന തുകകൾ ഏതിനത്തിലുള്ള വരവാണെന്ന് വ്യക്തമാകാത്തതിനാൽ ശരിയായ അക്കൗണ്ട് ഹെഡിൽ വരവായി ചേർക്കാൻ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിച്ച ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ ലയബിലിറ്റിയായി വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നുണ്ട്. തനത്ഫണ്ടിനോടൊപ്പം ക്രഡിറ്റ് ചെയ്ത തുകകളുടെ വിനിയോഗമാണ് പലപ്പോഴും വ്യക്തമല്ലാതെ തുടരുന്നത്. വരവ് അക്കൗണ്ട്ചെയ്യുന്ന ഹെഡിൽ നിന്നല്ലാതെ ചെലവ് ചെയ്യുകയും ചെലവുസംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കാതിരിക്കുന്നതും മൂലം യഥാർത്ഥ സ്ഥിതിവിവരങ്ങൾ പലപ്പോഴും സ്ഥാപനത്തിൽ തന്നെ ലഭ്യമല്ലാതിരിക്കുകയും തെറ്റായ വിവരങ്ങൾ വാർഷികകണക്കുകളിൽ പ്രതിഫലിക്കുന്ന സാഹചര്യം സംജാതമാകുകയും ചെയ്യുന്നു. പല ഹെഡുകളിലും ബാക്കി നിൽക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാൻ കഴിയാത്തത് അക്കൗണ്ട്സിന്റെ കൃത്യതയെ ബാധിക്കുന്നുണ്ട്. ഈ വിഷയം കാലാകാലങ്ങളിൽ ഓഡിറ്റ് വിഭാഗത്തിൽ നിന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ടെങ്കിലും രേഖകളുടെ അഭാവത്തിൽ വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കാൻ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ല.

13)അക്കൗണ്ടുകളുടെ ബാഹുല്യം

അക്കൗണ്ടുകളുടെ ബാഹുല്യം അക്കൗണ്ടിംഗിനെ ബാധിക്കുന്നുണ്ട്. പ്രത്യേക ഉദ്ദേശത്തിനായി ലഭിക്കുന്ന തുകയുടെ അക്കൗണ്ടിംഗിനുവേണ്ടി പുതിയ അക്കൗണ്ടുകൾ തുടങ്ങുന്നത് മൂലം അക്കൗണ്ടുകളുടെ എണ്ണം കൂടുന്നു. ഇങ്ങനെ പ്രത്യേക ഉദ്ദേശത്തിനായി ലഭിക്കുന്ന തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക എപ്രകാരം കൈകാര്യം ചെയ്യണമെന്നും ടി തുകയ്ക്ക് ലഭിക്കുന്ന പലിശ അക്കൗണ്ട്ചെയ്ത് ഉപയാഗിക്കുന്നതും സംബന്ധിച്ച് പലപ്പോഴും വ്യക്തമായ നിർദ്ദേശങ്ങൾ ഇല്ലാത്തത് പല ബാങ്ക് അക്കൗണ്ടുകളിലും ഇടപാടുകളില്ലാതെ തുകകൾ വർഷങ്ങളായി ശേഷിക്കുന്നതിന് ഇടയാക്കുന്നു.

14) വസ്തുനികുതി- സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല

സഞ്ചയ- സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടില്ല. ആയതിനാൽ വസ്തുനികുതി കണക്കുകൾ ആധികാരികമല്ല. ബിൽ കളക്ടർമാർ മുഖേന പിരിക്കുന്ന വസ്തുനികുതിയുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ മാനുവലായി പോസ്റ്റ് ചെയ്യുന്ന രീതിയാണ് തുടരുന്നത്. ഇത് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. ഈ നടപടിക്രമങ്ങൾക്ക് വീഴ്ചയുണ്ടാകുന്ന സാഹചര്യങ്ങളിൽ സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ ആധികാരിക മല്ലാതാകുന്നു. ഇത്തരത്തിലുള്ള തെറ്റായ നടപടികൾമൂലം നികുതി കുടിശ്ശിക ഇല്ലാത്ത നികുതിദായകർക്ക് പോലും സഞ്ചയസോഫ്റ്റ് വെയർ പ്രകാരം നികുതികുടിശ്ശിക നിലനിൽക്കുകയും ചെയ്യും. നികുതിദായകർ തന്നെ ശ്രദ്ധയിൽ പെടുത്തുമ്പോഴാണ് ഇത് പരിഹരിക്കപ്പെടുന്നത്. സഞ്ചയയിലെ ഈ അപാകതകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. മാത്രമല്ല നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന മറ്റ് സോഫ്റ്റ്‌വെയറുകളുടെയും ഇന്റഗ്രേഷൻ നടപടികൾ പൂർത്തീകരിക്കാ ത്തതിനാൽ തന്നെ വിവിധ സോഫ്റ്റ് വെയറുകൾ പ്രകാരം ജനറേറ്റ് ചെയ്യപ്പെടുന്ന റിപ്പോർട്ടുകൾ ആധികാരികമല്ലാത്തതും തമ്മിൽ പൊരുത്തക്കേട് നിലനിൽക്കുന്നതുമാണ്.

15) വിവിധ വിഭാഗങ്ങളുടെ ഏകോപനമില്ലായ്മ- രേഖകളിൽ പൊരുത്തക്കേടുണ്ടാക്കുന്നു.

വിവിധ വിഭാഗങ്ങളുടെ ഏകോപനമില്ലായ്മ അക്കൗണ്ടിംഗിൽ അപാകതകളുണ്ടാക്കുകയും രേഖകളിലെ പൊരുത്ത ക്കേടിന് കാരണമാവുകയും ചെയ്യുന്നു. അക്കൗണ്ടിംഗിലെ പരിചയക്കുറവ് മൂലം വരവ്-ചെലവുകൾ തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്യുകയും രേഖകൾ കൃത്യമായി സൂക്ഷിക്കാത്തതും മൂലം സെക്ഷനുകളിൽ സൂക്ഷിക്കുന്ന രജിസ്റ്ററുകൾ പ്രകാരമുള്ള കണക്കുകളും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടൽ ഇല്ലാത്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി, മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അക്കൗണ്ട്സ് സെക്ഷനിൽ യഥാസമയം അറിയിക്കാത്തതിനാൽ പല പ്രവൃത്തികളും പൂർത്തീകരിച്ച് ആസ്തി സൃഷ്ടിക്കപ്പെട്ടെങ്കിലും വാർഷികകണക്കുകളിൽ ടി ഇനത്തിനായി ചെലവു ചെയ്ത തുക ലയബിലിറ്റിയായി Work In Progress എന്ന ഹെഡ്ഡിൽ തുടരാൻ കാരണമാകുന്നു. അഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കാൻ ഫലപ്രദമായ ഇടപെടീലുകൾ ഉണ്ടാകേണ്ടതാണ്.

16)പെൻഷൻ ഫണ്ട് കിട്ടാനുള്ളത് 13.2 കോടി

കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്ന് നഗരസഭക്ക് കിട്ടാനുള്ളത് 13,20,21,189രൂപ .2023മാർച്ച് 31 ബാലൻഷീറ്റിലെ കണക്കാണിത്. പെൻഷൻ ഫണ്ടിൽ നിന്ന് കോടികൾ കിട്ടാനുള്ളപ്പോഴും പെൻഷൻ വിതരണത്തിന് തനത് ഫണ്ട് ലക്ഷങ്ങളാണ് നഗരസഭ വകമാറ്റി ചെലവഴിക്കുന്നത്. ഇത് തനത് ഫണ്ടിന് അധിക ബാധ്യതയാണ്.

പെൻഷൻ ഫണ്ടിന്റെ കണക്ക് കൃത്യമല്ല. കണക്കിലെ വ്യത്യാസം നഗരസഭയുടെ ശ്രദ്ധയിൽപെടുത്തിയിരുന്നു *(2021-22*

*ഓഡിറ്റ് റിപ്പോർട്ട്,ഖ.1-26 കാണുക).* വ്യത്യാസം പരിഹരിച്ച് നഗരസഭ മറുപടിനല്കിയിട്ടില്ല.പെൻഷൻ ഫണ്ട് കണക്കുകൾ കൃത്യമാക്കി കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്ന് കിട്ടാനുള്ള തുക തിരികെ വാങ്ങി തനത്ഫണ്ട് മാനേജ്മെന്റിൽ ആഭ്യന്തരനിയന്ത്രണം കൊണ്ടുവരേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.2.2021 മുതൽ 4.3.2021 വരെ | 1.4.2018 മുതൽ 20.9.2020 വരെ | 3.11.2021 |
| പെർഫോമൻസ് ഓഡിറ്റ് | 4.3.2021 മുതൽ 5.4.2021 വരെ | 2015-16 മുതൽ 2019-20 വരെ | ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായിട്ടില്ല |

## 1-11 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പാർപ്പിടാവശ്യം എന്നിനത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചു

തിരുവല്ല നഗരസഭയിൽ വിവിധ വ്യാപാര സ്ഥാപനങ്ങൾ / കടകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയ പ്രകാരം പാർപ്പിടാവശ്യത്തിനുള്ളത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിങ്ങൾക്ക് 10 രൂപ /ച.മീ എന്ന നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ വാണിജ്യ കെട്ടിടങ്ങൾക്ക് 100 ച.മീറ്ററിനുള്ളിലുള്ളവയ്ക്ക് 60/- രൂപ നിരക്കിലും 100 ച.മീറ്ററിന് മുകളിലുള്ളവയ്ക്ക് 80/- രൂപ നിരക്കിലുമാണ് നികുതി ഈടാക്കേണ്ടത്. ഇത്തരത്തിൽ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ഗാർഹിക നിരക്കിൽ നികുതി നിർണ്ണയിച്ചതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു-

| *ക്രമ നം.* | *കെട്ടിടത്തിന്റെ നം.* | *ഉടമസ്ഥന്റെ പേര്* | *നിലവിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനം / കട* |
|---|---|---|---|
| 1 | 1/68 | മുഹമ്മദ് ബഷീർ | കമ്പ്യൂട്ടർ ഷോപ്പ് |
| 2 | 3/151 | ജോൺ വർക്കി ഏബ്രഹാം | അക്ഷയ സെന്റർ |
| 3 | 20/213 | സ്റ്റീഫൻ ചാക്കോ | റസ്റ്റോറന്റ് |
| 4 | 20/289 | അമ്പിളി കെ | റസ്റ്റോറന്റ് |
| 5 | 20/349 | സാബു മാമ്മൻ | ഐസ് ക്രീ നിർമ്മാണം |
| 6 | 21/55 | സന്തോഷ്കുമാർ, ബിന്ദു | ബ്യൂട്ടി പാർലർ |
| 7 | 6/343 | ഏബ്രഹാം വർഗ്ഗീസ് | ടെക്സ്റ്റയിൽസ്, റെഡിമേഡ്സ് |
| 8 | 11/433 | റ്റി കെ പുന്നൂസ് | തടി മിൽ |
| 9 | 4/212 | പുന്നൂസ് പുന്നൂസ് | ഇരുചക്ര മുചക്ര സ്പെയർ പാർട്ട്സ് |
| 10 | 39/208 | എം കെ ജാനകി അമ്മ | ടയർ കട |
| 11 | 39/357 | സരോജിനി അമ്മ | ഓപ്റ്റിക്കൽസ് |
| 12 | 36/170 | സി പി വർഗ്ഗീസ്, മേരിക്കുട്ടി വർഗ്ഗീസ് | ട്രാവൽ ഏജൻസി |
| 13 | 25/69 | കെ പി നാരായണപിള്ള | OIL MILL |
| 14 | 26/438 | കെ ജാനകി | OIL MILL |
| 15 | 28/106 | കെ ജോബിമോൻ | മൊബൈൽ കട |
| 16 | 28/338 | പി ഗീതാകുമാരി | ഇലക്ട്രിക്കൽ റിപ്പയറിംഗ് കട |
| 17 | 34/197 | പ്രദീപ് സക്കറിയ | പ്രിന്റിംഗ് പ്രസ്സ് |
| 18 | 34/632 | മഞ്ജു ജോസഫ് | കമ്പ്യൂട്ടർ വില്പന, സർവ്വീസ് |
| 19 | 34/633 | | |
| 20 | 34/683 | എസ് അരവിന്ദ് | സ്പെയർ പാർട്ട്സ് കട |

ഇപ്രകാരം വാണിജ്യാടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം പാർപ്പിടാവശ്യം എന്ന് രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതിന്റെ കാരണം വിശദീകരിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (44/2.12.2023) നൽകിയ മറുപടിയിൽ സോഫ്റ്റ് വെയർ പ്രശ്നം മൂലമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്

എന്നറിയിച്ചിട്ടുണ്ട്. ഈ മറുപടി തൃപതികരമല്ല. മേൽ സൂചിപ്പിച്ച ഉദാഹരണങ്ങൾ കൂടാതെ നിരവധി സ്ഥാപനങ്ങൾ ഇപ്രകാരം പ്രവർത്തിക്കുന്നുണ്ട്. ഇത് വസ്തു നികുതിയിനത്തിൽ നഗരസഭയ്ക്ക് നഷ്ടത്തിന് കാരണമാകുന്നുണ്ട്. ആയവ കണ്ടെത്തി നികുതി പുനർനിർണ്ണയം നടത്താനും കടകൾക്കും വ്യാപാര സ്ഥാപനങ്ങളും നഗരസഭയിൽ നിന്നും ലൈസൻസ് എടുക്കുമ്പോൾ അവ പ്രവർത്തിക്കുന്ന കെട്ടിടം ഏത് ഇനത്തിൽപ്പെട്ടതാണെന്ന് ഹെൽത്ത് വിഭാഗം ഉറപ്പുവരുത്തേണ്ടതാണ് എന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-12 വസ്തു നികുതി ഈടാക്കുന്നതിൽ അലംഭാവം - 2,02,02,418/-രൂപ കുടിശ്ശിക

സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും, 2022-23 സാമ്പത്തിക വർഷാവസാനം ചുവടെ ചേർക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മുൻ സാമ്പത്തിക വർഷങ്ങളിലേതുൾപ്പെടെ ഭീമമായ തുകകൾ വസ്തു നികുതിയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. വിശദ വിവരം ചുവടെചേർക്കുന്നു. (31-03-2023 ലെ കുടിശ്ശിക കണക്കുകൾ പ്രകാരം )

| വാർഡ് നം | കെട്ടിട നം | ഉടമസ്ഥന്റെ വിവരം | കുടിശ്ശിക തുക ( PT+LC + SC ) |
|---|---|---|---|
| 1 | 398 , 404<br>459 മുതൽ 468 വരെ<br>470 മുതൽ 475 വരെ | സി.പി. ജോൺ , അനിത സി ജോൺ<br>ചന്ദ്രവിളത്തിൽ | 503482 |
| 4 | 126 | ഡോ . കെ.പി. യോഹന്നാൻ<br>ഗോസ്പൽ ഫോർ ഏഷ്യ | 102899 |
| | 135-10 ,135-9 | ഡോ . കെ.പി. യോഹന്നാൻ<br>ബിലീവേഴ്സ് ചർച്ച് ഹോസ്പിറ്റൽ | 1633337 |
| | 135-92-2,378-1 | ജനറൽ അഡ്മിനിസ്ട്രേറ്റർ<br>ബിലീവേഴ്സ് ചർച്ച് ഓഫ് ഇൻഡ്യ | 550217 |
| 12 | 456-1 | ജനറൽ സെക്രട്ടറി<br>മർത്തോമാ സന്നദ്ധ സുവിശേഷ സംഘം | 410838 |
| 13 | 59 | ആശാ തമ്പി തോമസ്<br>നം 12 ജെ.പി.നഗർ | 271242 |
| | 440-2,440-3 | നൈനാൻ കുര്യൻ<br>പുതിക്കോട്ട ഹൗസ് | 227898 |
| | 486-1,512-1,512-2,<br>512-3 | പ്രദീപ് കുമാർ<br>വിജയപുരത്ത് | 437908 |
| | 550,551,552,554<br>682,682-1,683,684 | വർഗ്ഗീസ് തോമസ്<br>കലൈക്കാട്ടിൽ | 3172580 |
| 14 | 5 , 5-1 | ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ | 109325 |
| | 535-1,536-2,536-3<br>545,606,610-A,618<br>620-A,620-B,620-C<br>622,630 | സഭാ സെക്രട്ടറി,<br>മർത്തോമ്മ സഭ | 537212 |
| | 210-2 | റിലയൻസ്<br>ടെലികമ്മ്യൂണിക്കേഷൻ ടവർ | 318289 |

| | | | |
|---|---|---|---|
| 15 | 361 | മദർ പ്രവിൻഷ്യൾ<br>ബഥനി കോൺവന്റ് | 136162 |
| 16 | 376,380-1,380-2 | മാനേജർ<br>നിക്കോൾസൺ സിറിയൻ സെൻട്രൽ സ്കൂൾ | 640682 |
| 20 | 220-2, 220-4 | വർഗ്ഗീസ് പി ഉമ്മൻ<br>പാറയ്ക്കൽ ഹൗസ് | 156964 |
| | 80 | Wire Less<br>ടെലികമ്മ്യൂണിക്കേഷൻ ടവർ | 169736 |
| 21 | 30 ,32,35,36,47,47-1<br>49 | മാനേജർ<br>ബാലികാമഠം | 158522 |
| 22 | 6 മുതൽ 16 വരെ | അസിസ്റ്റന്റ് ജനറൽ മാനേജർ<br>BSNL | 405750 |
| | 56 | ജനറൽ മാനേജർ<br>BSNL | 2551723 |
| | 81 | ടെലികോം ഡിസ്ട്രിക്ട് എഞ്ചിനീയർ<br>ടെലിഫോൺ എക്സ്ചേഞ്ച് | 253575 |
| | 83,84 | ഡിവിഷണൽ എഞ്ചിനീയർ<br>സെൻട്രൽ ടെലിഗ്രാഫ് | 291011 |
| | 129 | Aircel Dishnet<br>ടെലികമ്മ്യൂണിക്കേഷൻ ടവർ | 201600 |
| | 400 മുതൽ 422 വരെ | ജേക്കബ് കെ.ജി<br>കാട്ടുനിലത്ത് | 483433 |
| | 651 | സെക്രട്ടറി<br>കോപ്പറേറ്റീവ് ബാങ്ക് | 111356 |
| 27 | 70,71 | മാനേജർ<br>സെന്റ് മൂൽക്ക് ഓർത്തഡോക്സ് ചർച്ച് | 101339 |
| 30 | 63 മുതൽ 68-1 വരെ | അസി.ദേവസ്വം കമ്മീഷണർ<br>തിരുവിതാംകൂർ ദേവസ്വം ബോർഡ് | 142118 |
| 34 | 268 മുതൽ 270 വരെ | അന്നമ്മ ജോർജ്ജ് ( കല്ലൂർ ) | 103293 |
| | 414 മുതൽ 561-1 വരെ 563 മുതൽ 570 വരെ,576,579 മുതൽ 581 വരെ 584 മുതൽ 596 വരെ | എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>കേരള ഹൗസിംഗ് ബോർഡ് | 837633 |
| | 600 ,605 ,606 | PWD കെട്ടിടം | 169099 |
| | 770-1,768-1,779-1,2 | Asst. Ex.Engineer<br>PWD Building Division | 804259 |
| 35 | 71,75 മുതൽ 80 വരെ | വി.റ്റി.ജോർജ്ജ്<br>വരമ്പത്ത് കളത്തിപ്പുരയ്ക്കൽ | 408967 |
| | 127 മുതൽ 132 വരെ | എം.സി. കുര്യൻ<br>മതിലുങ്കൽ വീട് | 177329 |
| | 151 | ഡോ.കെ.ജി.എബ്രഹാം<br>ചാരിറ്റബിൾ എജ്യുക്കേഷണൽ & വെൽഫെയർ | 128898 |

| | | | |
|---|---|---|---|
| | | സൊസൈറ്റി | |
| | 153 | ഇന്റഗ്രേറ്റഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ് | 144147 |
| | 155-2 | Bharathi Cellular Ltd<br>ടെലികമ്മ്യൂണിക്കേഷൻ ടവർ | 200214 |
| | 224,228,232,233 മുതൽ 239 വരെ,241<br>243.244 | റ്റി.എം.തോമസ്<br>തട്ടക്കുന്നേൽ ഹൗസ് | 176591 |
| | 358-1,2,3,4 | ശ്രീകുമാർ പിള്ള ,<br>ശ്രീവത്സം | 175280 |
| 36 | 554-1 | ജിജി ആന്റണി<br>നെല്ലകാരൻ ഹൗസ് | 151704 |
| | 598 മുതൽ 612-UA<br>വരെ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>കേരള വാട്ടർ അതോറിറ്റി | 2332535 |
| | 723 | Escotel Mobile Communications<br>ടെലികമ്മ്യൂണിക്കേഷൻ ടവർ | 201054 |
| 37 | 443,444 | കേരള ഗവ: ബിൽഡിംഗ് | 112217 |

മേൽ പരാമർശിച്ച കെട്ടിട ഉടമകൾക്കെതിരെ 2011-ലെ കേരള മുനിസിപ്പാലിറ്റി ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 19 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഓഡിറ്റ് എൻക്വയറി (നം.26/22-23/20.11.2023 ) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല. ലിസ്റ്റിൽ പരാമർശിച്ച കെട്ടിടങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി വരുന്നതായും, കുടിശ്ശിക അടവാക്കാത്തപക്ഷം റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി. 2022-23 ലെ വാർഷിക കണക്കുകൾ പ്രകാരം, തൻവർഷത്തെ 7006312/- രൂപയും, മുൻവർഷങ്ങളിലെ 1,30,21,800/- രൂപയും ഉൾപ്പെടെ 2,02,02,418/- രൂപ വസ്തു നികുതി ഇനത്തിൽ പിരിഞ്ഞു കിട്ടാൻ അവശേഷിക്കുന്നു. നഗരസഭയുടെ പ്രധാന തനതു വരുമാന സ്രോതസ്സുകളിൽ ഒന്നാണ് വസ്തു നികുതി. തനതു വരുമാനത്തിലുണ്ടാകുന്ന കുറവ് നഗരസഭയുടെ സാമ്പത്തിക അടിത്തറ ദുർബലപ്പെടുന്നതിനും, ദൈനംദിന ചെലവുകൾക്കുള്ള ഫണ്ടിന്റെ അപര്യാപ്തതയിലേക്കു നയിക്കുന്നതിനും ഇടയാക്കു ന്നതാണ്. ആകയാൽ ഈ വിഷയത്തിലേക്ക് കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 നിർമ്മാണം പൂർത്തീകരിച്ച മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയം യഥാസമയം നടത്തുന്നില്ല.

മൊബൈൽ ടവറുകളുടെ നിർമ്മാണത്തിനായി SUMMIT DIGITEL INFRASTRUCTURE PVT.LTD, COCHIN എന്ന സ്ഥാപനത്തിനു 2022-23 വർഷം ചുവടെ ചേർക്കും പ്രകാരം ബിൽഡിംഗ് പെർമിറ്റുകൾ അനുവദിച്ചിരുന്നു. മൊബൈൽ ടവറുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർമ്മിതികളുടെ വസ്തു നികുതി നിർണ്ണയം നടത്തിയിട്ടില്ല.

| ക്രമ നം | ബിൽഡിംഗ് പെർമിറ്റ് നം | വാർഡ് നം | വില്ലേജ് / റീ സർവ്വേ നം | സ്ഥലം ഉടമയുടെ പേര് /വിലാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | BP-112/22-23 | 25 | തിരുവല്ല / 29 / 1-1 | സുബ്രഹ്മണ്യൻ നമ്പൂതിരി<br>അരയക്കീഴ് ഇല്ലം<br>പാലിയേക്കര | 18-10-23 ൽ പെർമിറ്റ് കാലാവധി അവസാനിച്ചു. മൊബൈൽ ടവർ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2 | BP-191/22-23 | 29 | കാവുംഭാഗം/ 5/2 | മാത്യു ചെത്തിക്കാട്ട് പെരിങ്ങോൾ | മൊബൈൽ ടവർ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്.Built -Up ഏരിയായിൽ ടവർ , D.G എന്നിവയുടെ ഏരിയ ഉൾപ്പെടുത്തിയിട്ടില്ല. |

മേൽ പരാമർശങ്ങളിൽ വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം 52/ 22-23 Dt 12-12-23) നൽകിയ മറുപടിയിൽ, ക്രമ നം(1)ൽ പരാമർശിച്ചിട്ടുള്ള മൊബൈൽ ടവറിന്റെ നികുതി നിർണ്ണയം നടന്നു വരുന്നതായി അറിയിച്ചിട്ടുണ്ട്. ക്രമ നം ( 2 ) ൽ പരാമർശിച്ചിട്ടുള്ള മൊബൈൽ ടവറിന്റെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി നിർണ്ണയം യഥാസമയം നടത്താതിരിക്കുന്നത് വരുമാന നഷ്ടത്തിനു ഇടയാക്കുന്നതാണ്. തുടർ നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 തറ വിസ്തീർണ്ണം കണക്കാക്കി വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം ഈ കെട്ടിടങ്ങളുടെ വസ്തു നികുതിയും നിർണ്ണയിച്ചിട്ടില്ല.

| ക്രമ നം. | കെട്ടിടത്തിന്റെ നം. | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 33/410 | വി അപ്പുക്കുട്ടൻ പിള്ള, പാലിയിൽ നടുക്കേത്ത് | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| 2 | 33/416 | സുഭദ്രാമ്മ, പാലിമഠത്തിൽ | ടി |
| 3 | 33/433 | സി എൻ പ്രഭാകരൻ പിള്ള ചൂരക്കാട്ട് ഹൗസ് | ടി |
| 4 | 33/434 | സി എൻ പ്രഭാകരൻ പിള്ള ചൂരക്കാട്ട് ഹൗസ് | പാർപ്പിടാവശ്യം |
| 5 | 33/514 | ശശിധരൻ നായർ, ശ്രീഭവൻ | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| 6 | 33/527 | ഈശോ വർഗീസ്, പീടിയേക്കൽ | പാർപ്പിടാവശ്യം |
| 7 | 33/540 | അച്ചാമ്മ ജോസഫ്, ചേരയിൽ വീട് | പാർപ്പിടാവശ്യം |
| 8 | 33/542 | മറിയാമ്മ ജോസഫ്, ചേരംതോട്ട് തെക്കേപീടിക | പാർപ്പിടാവശ്യം |
| 9 | 33/557 | റ്റി ജെ ഫിലിപ്പോസ്, തേന്മഠത്തിൽ | പാർപ്പിടാവശ്യം |

മേൽ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം കണക്കാക്കി വസ്തു നികുതി നിർണ്ണയിക്കാത്തതിന്റെ കാരണം വ്യക്തമാക്കാനും ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (38/1.12.23) മറുപടിയിൽ സോഫ്റ്റ്‌വെയർ പിശക് മൂലമാണ് തറവിസ്തീർണ്ണം രേഖപ്പെടുത്താഞ്ഞത് എന്നും അപാകത പരിഹരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു എന്നും അറിയിച്ചിട്ടുണ്ട് . കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം കണക്കാക്കി വസ്തു നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 കടമുറി വാടക-1369239/- രൂപ കുടിശിക

നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ വാടകയിൽ 1369239/- രൂപ കുടിശിക. 2023 മാർച്ചിലെ കണക്കാണിത്.

2023 മാർച്ച് 31-ലെ ബാലൻസ് ഷീറ്റിൽ കറന്റ് വാടക കുടിശിക (ശീർഷകം 431400101) 522114/- രൂപയും വാടക കുടിശിക (ശീർഷകം 431400102) 847125/- രൂപയും ഉൾപ്പെടെ ആകെ 1369239/- രൂപ ഉണ്ട്. 14 ലക്ഷത്തോളം രൂപയുടെ വാടകകുടിശിക പിരിച്ചെടുക്കാത്തതിന് വിശദീകരണമില്ല. തനത് വരുമാനം നഷ്ടപ്പെടുമ്പോഴും നിയമനടപടികൾ സ്വീകരിച്ച് വാടകക്കാരിൽ നിന്നും കുടിശിക ഈടാക്കുന്നില്ല. കുടിശികക്കാർ കടമുറി വാടക്കാരായി തുടരുകയും ചെയ്യുന്നു. കുടിശിക വാടക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അതിനാൽ കുടിശികതുക കൃത്യമാണോ എന്ന് വ്യക്തമാകുന്നില്ല. വാടകക്കാർ നഗരസഭയുമായി ചമച്ച കരാർ വാടക രജിസ്റ്ററിലെ ക്രമനമ്പർ അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല. കരാറിന്റെ ഒരു ഫയൽ ഓഡിറ്റിന് ലഭിച്ചെങ്കിലും ഇവ പരിശോധിക്കുവാൻ സഹായകരമായ രീതിയിൽ വാടക രജിസ്റ്ററിലെ ക്രമനമ്പർ അനുസരിച്ചല്ല സൂക്ഷിച്ചിരിക്കുന്നത്. ഓഡിറ്റ് നടത്തിയ റാണ്ടം ചെക്കിൽ പല കടമുറി വാടക്കാരും കരാർ ചമച്ചിട്ടില്ലെന്ന് കാണുന്നു. വാടകക്കാർക്ക് നഗരസഭ നല്കിയ ലൈസൻസിന്റേയും ഈടാക്കിയ തൊഴിൽ നികുതിയുടേയും വിവരം ലഭ്യമാക്കണമെന്ന് ഓഡിറ്റ് അന്വേഷണത്തിൽ അവശ്യപ്പെട്ടിരുന്നു. മറുപടി ലഭിച്ചില്ല. കടമുറിവാടകക്കാർ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും വാടകക്കാർ നഗരസഭയുടെ അനുമതിയില്ലാതെ കടമുറി കീഴ് വാടകക്ക് നല്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിനും വേണ്ടിയായിരുന്നു ഇത്. രേഖകളുടെ അഭാവത്തിൽ അത്തരം പരിശോധന നടത്താൻ ഓഡിറ്റിന് കഴിഞ്ഞില്ല. ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര്, കടമുറി നമ്പർ, കരാറുകാരന്റെ പേര് /വിലാസം, ചമച്ച കരാറിന്റെ നമ്പർ, നഗരസഭ നല്കിയ ലൈസൻസിന്റെ വിവരം, തൊഴിൽ നികുതി അടച്ചതിന്റെ വിവരം എന്നിവ വിവരിക്കുന്ന സമഗ്രരേഖ നിയമമോ ഉത്തരവോ നിർബന്ധിക്കുന്നില്ലെങ്കിലും കമ്പ്യൂട്ടർ സഹായത്തോടെ തയ്യാറാക്കി സൂക്ഷിക്കുന്നത് ഭരണപരമായ കാര്യക്ഷമത ഉയർത്തും. മാത്രമല്ല വരവ് നഷ്ടം കുറയ്ക്കാനും കുടിശിക നിർമ്മാർ ജനത്തിനും കീഴ് വാടകക്ക് നല്കുന്നതുപോലെ നിയമവിരുദ്ധ നടപടികൾ തടയാനും സഹായമായിരിക്കും. നിർദേശം കൗൺസിന്റെ പരിഗണനക്ക് സമർപ്പിക്കുന്നു. 14 ലക്ഷത്തിന്റെ കുടിശിക നിർമ്മാർജനത്തിന് സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണം (9/2022-23,05/10/2023) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.

## 1-16 വിനോദനികുതി-സിനിമാ തിയേറ്ററിന്റെ പ്രവർത്തനം, വിനോദനികുതി ഒടുക്ക് - അപാകതകൾ

ഓഡിറ്റ് വർഷം നഗരസഭാപരിധിയിൽ ചിലങ്ക തിയേറ്റർ, ജേക്കബ്സ് തിയേറ്റർ എന്നിങ്ങനെ രണ്ട് തിയേറ്ററുകൾ പ്രവർത്തിച്ചിരുന്നു. ഇതിൽ ജേക്കബ്സ് തിയേറ്ററിന് സാമ്പത്തികവർഷം മുഴുവൻ പ്രവർത്തിക്കുന്നതിന് ലൈസൻസ് നൽകിയിട്ടില്ല. 1988-ലെ കേരള സിനിമാ റഗുലേഷൻ ആക്ടിലെ 31-35 വരെയുള്ള ചട്ടങ്ങൾ പ്രകാരം തിയേറ്ററുടെ പരിശോധന സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ അത്തരത്തിലുള്ള പരിശോധന നടക്കുന്നില്ല. ഓരോ മാസവും പിരിക്കുന്ന വിനോദനികുതി ഡി.സി.ആർ എന്നിവ സഹിതം മാസാവസാനം ഒടുക്കണം എന്നിരിക്കെ ജേക്കബ്സ് തിയേറ്റർ നടപടിക്രമങ്ങളിൽ വീഴ്ച വരുത്തുന്നു. 21.1.2022 മുതൽ 31.12.2023 വരെ വിറ്റ 23847 ടിക്കറ്റിന്റെ വിനോദനികുതി 24.2.2023-ലാണ് ഒടുക്കുവരുത്തിയത് 1.1.2023 മുതൽ 31.3.2023 വരെ വിറ്റടിക്കറ്റിന്റെ വിനോദനികുതി 25.5.2023-ലാണ് ഒടുക്കുവരുത്തിയത്. യഥാസമയം വിനോദനികുതി പിരിക്കാഞ്ഞതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്. മേൽ രണ്ട് തിയേറ്ററുകളും ഘടനാപരവും അല്ലാത്തതുമായ മാറ്റം വരുത്തിയിട്ടുണ്ടോ എന്നും ഒന്നിൽ കൂടുതൽ സ്ക്രീനുകളാക്കിയിട്ടുണ്ടോ എന്നും മേൽ തിയേറ്ററുകളിൽ ഓൺലൈൻ ബുക്കിംഗ് വഴി വിൽക്കുന്ന ടിക്കറ്റുകളുടെ വിനോദനികുതി ഇനത്തിലുള്ള വരവ് ഡി.സി.ആറിൽ ഉൾപ്പെടുത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നുണ്ടോ എന്നുമുള്ള വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തിയേറ്ററുകളുടെ പ്രവർത്തനത്തിലും വിനോദനികുതി, സെസ് എന്നിവയുടെ പിരിക്കലിലും ഒടുക്കലിലും അപാകതകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

<u>ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണം ആധികാരികമാക്കുന്നില്ല</u>

31.8.2019-ലെ സർക്കാർ ഉത്തരവ് (കൈ)112/2019/ത.സേവ.ഭ.വ പ്രകാരം ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദനികുതി നികുതി ഇനത്തിൽ പിരിച്ച തുക തൊട്ടടുത്തമാസം 30ം തീയതിക്കുള്ളിൽ തദ്ദേശ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനം ഫയൽ ചെയ്യുന്ന ജി.എസ്.ടി റിട്ടേണുകൾ പരിശോധിച്ച് ഉറപ്പാക്കാതെ ഒടുക്കുന്ന തുക സ്വീകരിക്കുന്ന രീതിയാണ് നഗരസഭയിൽ പിൻതുടർന്നു വരുന്നത്. സ്ഥാപനം സമർപ്പിച്ച ജി.എസ്.ടി റിട്ടേണുകളുടെ കോപ്പി ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (53/12.12.2023) നൽകിയിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ആകയാൽ വിനോദനികുതി ഇനത്തിലുള്ള വരവിന്റെ ആധികാരികത ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. നഗരസഭയിൽ പ്രവർത്തിക്കുന്ന തിയേറ്ററുകളുടെ ജി.എസ്.ടി റിട്ടേണുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-16-1 വിനോദനികുതി-കുറഞ്ഞ നിരക്കിൽ ഈടാക്കിയതുമൂലം 94045/- രൂപയുടെ നഷ്ടം

സർക്കാർ ഉത്തരവ്(കൈ) 83/2019/തസ്വഭവ 10.6.2019 പ്രകാരം1.9.2019 മുതൽ 100 രൂപയിലേ കൂടുതലുള്ള സിനിമാ ടിക്കറ്റുകൾക്ക് 8.5 ശതമാനം വിനോദനികുതിയും 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5 ശതമാനം വിനോദനികുതിയും പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നഗരസഭയിൽ പ്രവർത്തിക്കുന്ന ചിലങ്ക തിയേറ്ററിന്റെ ബാൽക്കണി ടിക്കറ്റിന്റെ അടിസ്ഥാന നിരക്ക് 100.16 രൂപയാണ്. മേൽ ഉത്തരവ് പ്രകാരം വിനോദനികുതിയായി 8.5 ശതമാനം തുക നഗരസഭയിൽ ഒടുക്കേണ്ടതായുണ്ട്. എന്നാൽ 5 ശതമാനം തുക മാത്രമാണ് വിനോദനികുതി ഇനത്തിൽ നഗരസഭയിൽ ഒടുക്കുവരുത്തുന്നത്. തിയേറ്ററിൽ നിന്ന് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ്, ഡി.സി.ആർ ഇവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ 2022-23 വർഷം ഈ ഇനത്തിൽ 94045/- രൂപയുടെ നഷ്ടം നഗരസഭയ്ക്കുണ്ടായി. *(വിശദവിവരം ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്).* ടി തിയേറ്ററിൽ നിന്ന് നിലവിലും മേൽ നിരക്കിലാണ് വിനോദനികുതി ഈടാക്കി വരുന്നത്. ആകയാൽ 2023-24 സാമ്പത്തികവർഷം വിനോദനികുതി ഇനത്തിൽ നഗരസഭയ്ക്ക് ലഭ്യമാക്കേണ്ട തുക കണക്കാക്കി നഷ്ടം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16-2 വിനോദനികുതി-കേരള കൾച്ചറൽ ആക്റ്റിവിറ്റ്സ് വെൽഫെയർ ഫണ്ടിലേക്ക് ഒടുക്കാനായി സെസിനത്തിൽ പിരിക്കുന്ന തുക നഗരസഭ മുഖേന വെൽഫയർ ഫണ്ടിലേക്ക് ഒടുക്കുവരുത്തുന്നില്ല

കേരള ലോക്കൽ അതോറിറ്റീസ് എന്റർടൈൻമെന്റ് ടാക്സ് 2013 (ഭേദഗതി ചട്ടങ്ങൾ 2016) 3-സി പ്രകാരം 25 രൂപയിൽ കൂടുതലുള്ള ഒരോ ടിക്കറ്റിനും 3 രൂപയിൽ അധികരിക്കാത്ത തുക കേരള കൾച്ചറൽ ആക്റ്റിവിറ്റ്സ് വെൽഫെയർ ഫണ്ടിലേക്ക് ഒടുക്കാനായി സെസിനത്തിൽ ഈടാക്കേണ്ടതാണ്. (ജി.ഒ(എം.എസ്.15/13/എൽ.എസ്.ജി.ഡി/15.1.2013 പ്രകാരം സെസ് 3 രൂപയായി നിശ്ചയിച്ചിട്ടുള്ളതാണ്). ശേഖരിക്കുന്ന തുക തൊട്ടടുത്തമാസം അവസാന പ്രവൃത്തി ദിനത്തിലോ അതിനുമുൻപോ സെക്രട്ടറി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കുവരുത്തേണ്ടതാണ്. തുക യഥാസമയം ഒടുക്കേണ്ടത് നഗരസഭാ സെക്രട്ടറിയുടേയും ചെയർപേഴ്സണിന്റേയും ഉത്തരവാദിത്തമായിരിക്കുമെന്നും ചട്ടം 3 സി(5) ൽ വ്യക്തമാക്കുന്നു. സെസ് പിരിക്കാത്ത തദ്ദേശസ്ഥാപനങ്ങൾ സെസ് തുക ടാക്സിനോടൊപ്പം പിരിക്കുന്നതിന് സർക്കുലർ നം.9902/RD3/2013/lsgd/14.5.2013 പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ സെസ് തിയേറ്റർ ഉടമകൾ വിനോദനികുതിയോടൊപ്പം നഗരസഭയിൽ ഒടുക്കുന്നില്ല എന്ന് കാണുന്നു. 2022-23 വർഷം ഈ ഇനത്തിൽ 179040/- രൂപ പിരിച്ച് ഒടുക്കാൻ ശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| മാസം. | തിയേറ്റർ | ഡി.സി.ആർ പ്രകാരം വിറ്റ ടിക്കറ്റിന്റെ എണ്ണം | സെസിനത്തിൽ പിരിച്ച ഒടുക്കുവരുത്തേണ്ടിയിരുന്ന തുക | |
|---|---|---|---|---|
| 4/2022 | ചിലങ്ക | 4914 | 14742 | |
| 5/2022 | ചിലങ്ക | 4576 | 13728 | |
| 6/2022 | ചിലങ്ക | 1717 | 5151 | |
| 7/2022 | ചിലങ്ക | 4164 | 12492 | |
| 8/2022 | ചിലങ്ക | 3103 | 9309 | |
| 9/2022 | ചിലങ്ക | 1485 | 4455 | |
| 10/2022 | ചിലങ്ക | 2631 | 7893 | |
| 11/2022 | ചിലങ്ക | 2081 | 6243 | |
| 12/2022 | ചിലങ്ക | 1909 | 5727 | |
| 1/2023 | ചിലങ്ക | 1339 | 4017 | |
| 2/2023 | ചിലങ്ക | 2098 | 6294 | |
| 3/2023 | ചിലങ്ക | 956 | 2868 | |
| 4/2022 മുതൽ 12/2022 വരെ | ജേക്കബ്സ് തിയേറ്റർ | 20775 | 62325 | 21.1.2022 മുതൽ31.12.2023 വരെ വിറ്റ 23847 ടിക്കറ്റിന്റെ വിനോദനികുതി 24.2.2023 ലാണ് |

| | | | | |
|---|---|---|---|---|
| | | | | ഒടുക്കവരുത്തിയത് .ഇതിൽഓഡിറ്റ് കാലയളവിലേക്ക് ഒടുക്കേണ്ടത് 20775 ടിക്കറ്റിന്റേയാണ്. |
| 1/2023 മുതൽ 3/2023 വരെ | | 7932 | 23796 | 1.1.2023 മുതൽ31.3.2023 വരെ വിറ്റടിക്കറ്റിന്റെ വിനോദനികുതി 25.5.2023ലാണ് ഒടുക്കവരുത്തിയത് |
| സെസിനത്തിൽ ഒടുക്കേണ്ട തുക | | ആകെ | 179040/- | |

തുക ഈടാക്കി ക്ഷേമനിധിയിൽ ഒടുക്കവരുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ 2023-24 വർഷം ഈ ഇനത്തിൽ ഒടുക്കേണ്ട തുകയും ഈടാക്കി ക്ഷേമനിധിയിൽ ഒടുക്കവരുത്തി വിവരം അറിയിക്കേണ്ടതാണ്. വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 51/11.12.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-17 IBPMS സോഫ്റ്റ് വെയറിലൂടെ ലഭിക്കുന്ന പെർമിറ്റ് ഫീസ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ യഥാസമയം ക്രഡിറ്റ് ചെയ്യുന്നില്ല

നഗരസഭയിൽ 2021 ഒക്ടോബർ മുതലാണ് IBPMS മുഖേന പെർമിറ്റ് അപേക്ഷ സ്വീകരിക്കുന്നത്. 300 എം2 ന് മുകളിലുള്ള പെർമിറ്റ് അപേക്ഷകളിൻമേലുള്ള നടപടികൾ മാനുവലായാണ് നടക്കുന്നത്. IBPMS സോഫ്റ്റ് വെയറിലൂടെ ലഭിക്കുന്ന പെർമിറ്റ് ഫീസ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ വരവ് വരുന്നത് "സെറ്റിൽമെന്റ് മർച്ചന്റ് അക്കൗണ്ട് ബൾക്ക് പോസ്റ്റിംഗ് "എന്ന വിവരണത്തോടെയാണ്. പണം ഒടുക്കുന്ന തീയതിയിലോ നിശ്ചിത ഇടവേളകളിലോ അല്ല ബാങ്ക് അക്കൗണ്ടിൽ വരവ്തുക ക്രഡിറ്റ് വരുന്നത് എന്നതിനാൽ വരവു വരുന്ന തുകയുടെ കൃത്യത പരിശോധിക്കാനാകുന്നില്ല. IBPMS സോഫ്റ്റ്‌വെയർ മുഖേന ലഭ്യമാക്കുന്ന സ്റ്റേറ്റ്മെന്റിൽ അപേക്ഷകരുടെ വ്യക്തിഗത വിവരങ്ങൾ ലഭ്യമല്ല. തുക അടവാക്കുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ സോഫ്റ്റ് വെയർ മുഖേന ലഭ്യമാക്കുന്ന സ്റ്റേറ്റ്മെന്റിൽ ഫയൽനം, ചെലാൻ നം ഒടുക്കിയ തുക ഇവ മാത്രമാണ് ലഭ്യമാക്കുന്നത്. നിലവിൽ ലോഗിൻ സൗകര്യമുള്ള നഗരസഭയിലെ ഉദ്യോഗസ്ഥർക്ക് മാത്രമേ ഫയൽ പരിശോധന സാധ്യമാകൂ. ബാങ്ക് സ്റ്റേറ്റ്മെന്റിൽ തുക അടവാക്കിയ രശീതിന്റെ വിശദാംശങ്ങൾ ലഭ്യമാകുന്നില്ല. ട്രാൻസ്ഫർ ചെയ്തുവരുന്ന തുകയുടെ വിശദാംശങ്ങൾ (ഏതൊക്കെ അപേക്ഷകൾക്കായി ഒടുക്കിയതാണെന്നത് ഉൾപ്പെടെ)ലഭ്യമാകുന്നില്ല.അപേക്ഷകർ ഓൺലൈനായി അടയ്ക്കുന്ന രസീതിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമല്ല. IBPMS ൽ നിന്നുള്ള വരവിന്റെ വിവരം മാത്രമാണ് ലഭ്യമാകുന്നത്. ആയത് ബാങ്കിൽ കൃത്യമായി വരവ് വരുന്നു എന്നുറപ്പാക്കാൻ നിലവിലെ സംവിധാനം മുഖേന സാദ്ധ്യമല്ല. ലൈസൻസി ഓരോ അപേക്ഷകരുടെയും ലൈസൻസ് ഫീസ് പ്രത്യേക ഫീസായിട്ടാണ് അടയ്ക്കുന്നത്. എന്നാൽ ഇത് ബൾക്ക് പോസ്റ്റിംഗായിട്ടാണ് ബാങ്ക് സ്റ്റേററ്മെന്റിൽ തുക വരവ് വരുന്നത്. ആയതിനാൽ വരവ് വരുന്ന തുകയുടെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കാൻ കഴിയുന്നില്ല. 300 എം2 വരെ അസിസ്റ്റന്റ് എഞ്ചിനീയറാണ് പെർമിറ്റ് നൽകുന്നത്. അതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ മാത്രമാണ് പരിശോധന സാദ്ധ്യമാകുന്നത്. IBPMS സോഫ്റ്റ്‌വെയറിൽ അക്കൗണ്ടന്റിന് ലോഗിൻ സൗകര്യം ഇല്ലാത്തതിനാൽ അക്കൗണ്ടന്റിന് വരവ് പരിശോധിക്കാൻ സാധിക്കുന്നില്ല. ആയതിനാൽ അക്കൗണ്ടന്റ്, ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ വരവ് തിട്ടപ്പെടുത്തി അക്കൗണ്ട് ചെയ്യുകയാണ് നിലവിൽ ചെയ്യുന്നത്. ബാങ്കിൽ വരവ് വരുന്ന തുകകളിൽ പൊരുത്തക്കേടുകളുള്ളതായി നഗരസഭയിൽ IBPMS ആരംഭിച്ച ഒക്ടോബർ 2021 മുതൽ 30.11.2023 വരെ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വരവും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവും പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ സ്റ്റേറ്റ്മെന്റായി ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

| മാസം/വർഷം | സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | ബാങ്കിൽ വരവ് | വ്യത്യാസം |
|---|---|---|---|
| 2021-22 | | | |
| Oct—21 | 30 | 0 | -30 |
| Nov—21 | 9350 | 9450 | 100 |
| Dec—21 | 23216.345 | 21057.89 | -2158.455 |

| | | | |
|---|---|---|---|
| Jan—22 | 29072.3875 | 29225.35 | 152.9625 |
| Feb—22 | 19336.545 | 16803.97 | -2532.575 |
| March—22 | 27864.22 | 27964.41 | 100.19 |
| Total | 108869.4975 | 104501.62 | -4367.8775 |
| 2022-23 | | | |
| April—22 | 23022.185 | 26605.71 | 3583.525 |
| May—22 | 27011.34 | 24205.84 | -2805.5 |
| June—22 | 19522.185 | 22507.7 | 2985.515 |
| July—22 | 17603.025 | 14523.7 | -3079.325 |
| Aug—22 | 14594.48 | 17673.83 | 3079.35 |
| Sept—22 | 8598.235 | 10502.65 | 1904.415 |
| Oct—22 | 16360.435 | 13277.75 | -3082.685 |
| Nov—22 | 27960.805 | 32974.69 | 5013.885 |
| Dec—22 | 19348.81 | 15335.37 | -4013.44 |
| Jan—23 | 6107.48 | 8797.65 | 2690.17 |
| Feb—23 | 16575.28 | 13531.52 | -3043.76 |
| March—23 | 23735.675 | 28231.75 | 4496.075 |
| Total | 220439.935 | 228168.16 | 7728.225 |
| 2023-24 | | | |
| April—23 | 113722.38 | 105939.3 | -7783.08 |
| May—23 | 232474.045 | 217667.14 | -14806.905 |
| June-23 | 367928.07 | 372221.3 | 4293.23 |
| July-23 | 303937.9 | 303937.9 | 0 |
| August-23 | 409803.4 | 608353.4 | 198550 |
| September-23 | 363742.88 | 358677.28 | -5065.6 |
| October-23 | 342639.4 | 336118.1 | -6521.3 |
| November-23 | 276281 | 304314.3 | 28033.3 |
| | 2410529.07 | 2607228.72 | 196699.65 |

IBPMS ആരംഭിച്ച ഒക്ടോബർ 2021 മുതൽ 31.3.21 വരെ 4367.87 രൂപ സോഫ്റ്റ്‌വെയർ മുഖേന വരവ് വന്നത് നഗരസഭാ അക്കൗണ്ടിൽ ക്രഡിറ്റ് വന്നിട്ടില്ല. എന്നാൽ 2022-23 വർഷം 7728.22 രൂപയും 2023-24 വർഷം(30.11.2023 വരെ) 196699.65 രൂപയും സ്റ്റേററ്മെന്റ് പ്രകാരമുള്ളതിൽ നിന്ന് ബാങ്കിൽ അധികം ക്രഡിറ്റ് വന്നതായി കാണുന്നു. ബാങ്കിൽ ക്രഡിറ്റ് വരുത്തുന്ന തുകയാണ് അക്കൗണ്ട് ചെയ്യപ്പെടുന്ന എന്നതിനാൽ ഈ ഇനത്തിൽ ലഭിച്ചതായി അക്കൗണ്ട്ചെയ്യുന്ന കണക്കുകൾ യഥാർഥമല്ല. IBPMS സ്റ്റേറ്റ്മെന്റും ബാങ്ക് സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുത്താൻ നിലവിൽ സാധിക്കുകയില്ല. IBPMS സംവിധാനം മുഖേന ലൈസൻസി ഒടുക്കുവരുത്തുന്ന തുക അതാതു ദിവസം തന്നെ ബാങ്ക് അക്കൗണ്ടിൽ വരവ് വരുത്തുന്ന തരത്തിൽ ക്രമീകരണം ഉണ്ടാക്കുന്ന വിഷയം സർക്കാർ തലത്തിൽ പരിഗണിക്കപ്പെടേണ്ടതാണ്. പെർമിറ്റ് ഫീസിനത്തിൽ നഗരസഭാ അക്കൗണ്ടിൽ ക്രഡിറ്റു വന്ന തുകയും സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവും തമ്മിലുള്ള വ്യത്യാസത്തിന് കാരണം കണ്ടെത്തി പൊരുത്തപ്പെടുത്തലുകൾ വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്. മേൽ വിഷയം 19.6.2023-ലെ കെ.എസ്.എ.റ്റി.എൽ.എം.റ്റി1/149/2023 നം കത്ത് പ്രകാരം സെക്രട്ടറിയുടേ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ വരവ് തുകകളിൽ പൊരുത്തക്കേടുള്ളതായി അറിയിച്ചിട്ടുണ്ട്. മേൽ അപാകത പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ബിൽഡിംഗ് പെർമിറ്റ് - റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിലെ കുറവ് , അനധികൃത നിർമ്മാണം -നടപടികളില്ല

ബിൽഡിംഗ് പെർമിറ്റ് നം : 131/22-23 Dt : 03-09-22

വാർഡ് നം : 39

അക്സീനിയ ബോബൻ , കൂടത്തുംമുറിയിൽ ഹൗസ് , മുത്തൂർ എന്ന വ്യക്തി , തിരുവല്ല വില്ലേജ് , സർവ്വേ നമ്പർ 38/5-1 ൽ ഉൾപ്പെട്ട സ്ഥലത്ത് അനധികൃത കെട്ടിട നിർമ്മാണം നടത്തുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക സ്റ്റോപ്പ് മെമ്മോ നൽകിയതായും, തുടർന്ന് ടിയാൾ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും പ്ളാനും സമർപ്പിച്ചിട്ടുള്ളതായും ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മൂന്ന് നിലകളിലായി 95.79 ച.മീ കൊമേഴ്സ്യൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നൽകുകയും ചെയ്തു. കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് ഈടാക്കിയത്, കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്റ്റോപ്പ് മെമ്മോ നൽകിയ ശേഷം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷ സമർപ്പിച്ചതിനാൽ റെഗുലറൈസേഷൻ ഫീസ് ഇനത്തിൽ 4310 രൂപ (95.79x15x3) ഈടാക്കേണ്ടിയിരുന്നു. എന്നാൽ പെർമിറ്റ് ഫീസ് ഇനത്തിൽ 1450 രൂപയാണ് ഈടാക്കിയിട്ടുള്ളത്. ഫീസ് ഇനത്തിൽ 2860 രൂപയുടെ കുറവ്.

2) രണ്ട് നിലകളിലായി 133.32 ച.മീ കൊമേഴ്സ്യൽ കെട്ടിടം നിർമ്മാണം നടത്തി കംപ്ളീഷൻ പ്ളാൻ സമർപ്പിക്കുകയും, അധികമായി നിർമ്മിച്ച 37.53 ച.മീ കെട്ടിടത്തിനു റെഗുലറൈസേഷൻ ഫീസ് ഇനത്തിൽ 676 രൂപ (37.53x6x3) ഈടാക്കുകയും ചെയ്തു. എന്നാൽ, കൊമേഴ്സ്യൽ കെട്ടിടം ആയതിനാൽ 1689 രൂപ (37.53x3x15) രൂപ ഈടാക്കേണ്ടിയിരുന്നു. ഫീസ് ഇനത്തിൽ 1013 രൂപയുടെ കുറവ്.

3) കെട്ടിടത്തിന്റെ താഴത്തെ നിലയ്ക്ക 416/3 (63.5ച.മീ), ഒന്നാം നിലയ്ക്ക 416/4 (69.82ച.മീ) എന്നീ രണ്ടു നമ്പരുകൾ അനുവദിച്ചു നൽകുകയും 100 ച.മീ വരെയുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി 60 രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 30-11-2023 ൽ കെട്ടിടം നേരിൽ പരിശോധിച്ചതിൽ നിന്നും 100 ച.മീറ്ററിൽ താഴെയുള്ള രണ്ടു കെട്ടിടങ്ങളായി മാറ്റി രണ്ടു നമ്പരുകൾ അനുവദിച്ചുവഴി നികുതി ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുള്ളതായും കാണുന്നു. ഒറ്റ കെട്ടിടമായി കണക്കാക്കി 100 ച.മീറ്ററിനു മുകളിലുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി 80 രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടിയിരുന്നു. വ്യത്യസ്ത ഉപയയോഗക്രമങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടില്ല.

4) 30-11-2023 ൽ, സാങ്കേതിക വിഭാഗത്തിലെ ഉദ്യോസ്ഥരുടെ സാന്നിദ്ധ്യത്തിൽ കെട്ടിടം നേരിൽ പരിശോധിച്ചതിൽ നിന്നും കംപ്ളീഷൻ പ്ളാനിൽ നിന്നും ചുവടെ ചേർക്കും പ്രകാരം വ്യതിചലനം സംഭവിച്ചിട്ടുള്ളതായി കാണുന്നു.

l ) താഴത്തെ നിലയിൽ ടോയ് ലറ്റ് നിർമ്മിച്ചിട്ടില്ല.

li) റാമ്പ് നിർമ്മിച്ചിട്ടില്ല.

lii) സ്റ്റെയർ പാർക്കിംഗ് ഏരിയായിലേക്ക സ്ഥാനം മാറ്റി നിർമ്മിച്ചിരിക്കുന്നു.

lv) ബിൽഡിംഗിനുള്ളിൽ കിണർ നിർമ്മിച്ചിരിക്കുന്നു.

V) മൂന്നാം നിലയുടെ നിർമ്മാണം നടക്കുന്നു.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും, സ്വീകരിച്ച തുടർ നടപടിയുടെ വിവരം അറിയിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/22-23/dt:01.12.2023) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നം (1),(2) എന്നിവ പ്രകാരം റഗുലറൈസേഷൻ ഫീസ് ഇനത്തിൽ കുറവു വന്ന 3873 രൂപ 02-12-2023-ൽ ഒടുക്ക വരുത്തിയതിന്റെ രശീതുകൾ പരിശോധനയ്ക്ക ഹാജരാക്കിയിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ നിർത്തി വയ്ക്കുന്നതിനു 04-12-2023 ൽ സ്റ്റോപ് മെമ്മോ നൽകിയിട്ടുള്ളതായും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നികുതി നിർണ്ണയിച്ചതിലെ അപാകത്തിന് സെക്രട്ടറി വിശദീകരണം നൽകിയിട്ടില്ല. നികുതി പരിഷ്കരിച്ച് ഈടാക്കുന്നതിനും അനധികൃത നിർമ്മാണത്തിനുമേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. തുടർനടപടിയുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ഓഡിറ്റ് ഇംപാക്റ്റ്**

ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ റഗുലറൈസേഷൻ ഫീസ് ഇനത്തിൽ കുറവു വന്ന 3873 രൂപ 02-12-2023ൽ ഒടുക്ക വരുത്തി. അനധികൃത നിർമ്മാണങ്ങൾ നിർത്തി വയ്ക്കുന്നതിനു 04-12-2023-ൽ സ്റ്റോപ് മെമ്മോ നൽകി.

## 1-19 ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ

1.*ലൈസൻസ്- മൂലധന നിക്ഷേപം സമർപ്പിക്കപ്പെട്ട വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കുന്നില്ല*

സർക്കാർ ഉത്തരവ് (പി) നമ്പർ 62/20 തസ്വഭവതീയതി. 30.10.2020 പ്രകാരം കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങൾ 2020 നിലവിൽ വന്നിട്ടുണ്ട്. മേൽചട്ടം പ്രകാരം വിവിധ വ്യവസായങ്ങൾ , ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ , മറ്റു സേവനങ്ങൾ എന്നിവയെ ഉൽപാദന മേഖല, സേവന മേഖല

എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ 2022-23 ലേക്ക് ലൈസൻസ് പുതുക്കാൻ സമർപ്പിച്ച അപേക്ഷകളിൽ മൂലധന നിക്ഷേപം കണക്കാക്കിയിരിക്കുന്നത് ഫീൽഡ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല . ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ രേഖപ്പെടുത്തുന്ന തുകയാണ് മൂലധന നിക്ഷേപമായി കണക്കാക്കിയിട്ടുള്ളത്.

2.*ലൈസൻസ് അനുവദിക്കുമ്പോൾ ഉറവിടമാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല*

സ.ഉ (സാധാ) നം. 2511/2017/തസ്വഭവ തീയതി. 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിരുന്നു. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ലൈസൻസ് അനുവദിക്കുമ്പോൾ മേൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

3) *ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു*

ലൈസൻസില്ലാതെയും നഗരസഭയുടെ അറിവോടെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. നഗരസഭയിൽ വിനോദനികുതി ഒടുക്കുവരുത്തുന്ന നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സിനിമാ തിയേറ്ററുകളിൽ ഒന്നിന് ലൈസൻസ് ഇല്ല എന്നത് ഗൗരവപരമായി കാണുന്നു. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (ഓഡിറ്റ് എൻക്വയറി നം42/22-23/20.11.2023,51/11.12.23) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രം ലൈസൻസ് അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-20 അപേക്ഷ സമർപ്പിച്ച് ഒരു വർഷം പിന്നിട്ടിട്ടും തുടർനടപടി സ്വീകരിച്ചില്ല- ജേക്കബ്സ് തിയേറ്റർ ഫിറ്റ്നസോ, ലൈസൻസോ കൂടാതെ പ്രവർത്തിച്ചത് ഒരു വർഷം

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന തിയേറ്ററുകൾ നടപ്പു സാമ്പത്തിക വർഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിന് അനുവദിക്കുകയും ലൈസൻസ് നൽകുന്നതിന് വേണ്ട രേഖകൾ ഹാജരാക്കാതെ ലൈസൻസ് നൽകിയതായും കാണുന്നു.

1)*ജേക്കബ്സ് തിയേറ്റർ*

2023-24 വർഷം ലൈസൻസ് കൂടാതെയാണ് പ്രവർത്തിക്കുന്നത്. ലൈസൻസ് പുതുക്കുന്നതിനായി ഉടമ 9.12.2022 ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ഫയലിൽ തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തിയതിനാൽ ലൈസൻസ് നൽകിയിട്ടില്ല. ഫീസിനത്തിൽ 1000/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. എന്നാൽ മേൽ അപാകത യഥാസമയം അപേക്ഷകനെ അറിയിച്ചു കാണുന്നില്ല. ഫിലിം ഡിവിഷൻ ബ്രോഡ്കാസ്റ്റിംഗ് സർട്ടിഫിക്കറ്റിന്റെ കാലാവധി 31.12.2023-നും പി.ഡബ്ല്യൂ.ഡി സൗണ്ട്നസ് സർട്ടിഫിക്കറ്റ് കാലാവധി 24.2.24-നും അവസാനിക്കുന്നതിനാൽ അവ പുതുക്കി ഹാജരാക്കാനും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാനും 5.12.2023-ൽ അറിയിപ്പ് നൽകിയിട്ടുണ്ട. അപേക്ഷ സമർപ്പിച്ച് ഒരു വർഷം പൂർത്തിയായിട്ടും മേൽ തിയേറ്ററിന് ലൈസൻസ് നൽകാനോ ലൈസൻസില്ലാതെ പ്രവർത്തിച്ച മേൽ സ്ഥാപനത്തിനുമേൽ നടപടി സ്വീകരിക്കാനോ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട്. 12/2022-നു ശേഷം നാളിതുവരെ ലൈസൻസോ ഫിറ്റ്നസോ കൂടാതെ സ്ഥാപനം പ്രവർത്തിക്കാനിടയാക്കിയ നടപടി അംഗീകരിക്കാൻ കഴിയില്ല. വിഷയത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണം ഉണ്ടാകേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2)*ചിലങ്ക തിയേറ്റർ*

2023-24 വർഷത്തിൽ 11.5.23 വരെ തിയേറ്ററിന് ലൈസൻസ് നൽകിയിട്ടുണ്ട്. തുടർന്ന് 31.3.2024 വരെ ലൈസൻസ് പുതുക്കി നൽകി. സ്ഥാപനത്തിനുള്ള ഫിറ്റ്നെസ് സർട്ടിഫിക്കറ്റിന്റെ കാലാവധി 11.5.2023 ന് അവസാനിച്ചിട്ടുള്ളതാണ്. ഫിറ്റ്നെസ് കൂടാതെ 11.5.23 ന് ശേഷം ലൈസൻസ് പുതുക്കി നൽകിയത് സംബന്ധിച്ച് വിശദീകരണം രേഖാമൂലം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-55/13.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനിൽ നിന്ന് 15.3.2024 വരെയുള്ള സർട്ടിഫിക്കറ്റാണ് പുതുക്കി നൽകിയിട്ടുള്ളത്. വിഷയത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണം ഉണ്ടാകേണ്ടതാണ്.

## 1-21 പാർക്കിംഗ് ഫീസ് വേണ്ടെന്ന് വെച്ചു. നഗരസഭയ്ക്ക് വരവ് നഷ്ടം.

നഗരസഭയ്ക്ക് പ്രതിമാസം 25000/- രൂപയിലധികം വരുമാനം ലഭ്യമാക്കിക്കൊണ്ടിരുന്ന നഗരസഭാ ഗ്രൗണ്ടിന്റെ

പാർക്കിംഗ് ഫീസ് വേണ്ടെന്ന് വെച്ചതോടെ നഗരസഭയ്ക്ക് വരുമാനനഷ്ടം സംഭവിച്ചു. 11.08.2023-ലെ കൗൺസിലാണ് പാർക്കിംഗ് ഫീസ് പിരിവ് വേണ്ടെന്ന് വെച്ചത് (തീരുമാനം നം. 9). കാരണം വ്യക്തമാക്കാതെയാണ് തീരുമാനം. 13,14 വാർഡുകളിലെ നഗരസഭയുടെ ഗ്രൗണ്ടിലാണ് കൗൺസിലിന്റെ 22.07.2022-ലെ 5-ാം നമ്പർ തീരുമാനപ്രകാരം 01.08.2022 മുതൽ പാർക്കിംഗ് ഫീസ് ഏർപ്പെടുത്തിയത്. വൈ.എം.സി.എ-യ്ക്ക് സമീപമാണ് ടി സ്ഥലം. നേരത്തേ തന്നെ ഇവിടെ ഉണ്ടായിരുന്ന അനധികൃത പാർക്കിംഗ് നിയന്ത്രിക്കുന്നതിനും നഗരസഭയുടെ സ്ഥലത്തെ കൈയ്യേറ്റ സാധ്യത ഒഴിവാക്കുന്നതിനും ആസ്തികൾ വരുമാനദായകമാക്കുന്നതിനും സാമൂഹ്യ വിരുദ്ധശല്യം കുറയ്ക്കുന്നതിനും സ്ഥലം നഗരസഭയുടേതാണെന്ന് അറിയിക്കുന്നതിനും ഒക്കെയായി പാർക്കിംഗ് ഫീ ഏർപ്പെടുത്തിയ നടപടി സഹായകരമായിരുന്നു. ഇത് വേണ്ടെന്ന് വെച്ചതോടെ ലക്ഷങ്ങളുടെ വരുമാന നഷ്ടത്തോടൊപ്പം ടി സ്ഥലത്ത് അനധികൃത പാർക്കിംഗ് വ്യാപകമായിരിക്കുകയാണ്.





(നഗരസഭാ ഗ്രൗണ്ടിലെ അനധികൃത പാർക്കിംഗ്)

01.08.2023 മുതൽ 13.01.2023 വരെ നഗരസഭ നേരിട്ടാണ് പാർക്കിംഗ് ഫീസ് പിരിച്ചിരുന്നത്. 132585/- രൂപയാണ് ടി കുറഞ്ഞ കാലയളവിൽ നഗരസഭയ്ക്ക് ലഭിച്ചിരുന്നത്. ഈ കണക്ക് അടിസ്ഥാനമാക്കുമ്പോൾ ശരാശരി 25000/- രൂപയിൽ കൂടുതൽ വരവുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മാത്രം കണക്കാക്കുമ്പോൾ വർഷം മൂന്ന് ലക്ഷത്തിലധികമാണ് നഗരസഭയ്ക്ക് വരുമാനനഷ്ടം. നഗരസഭയുടെ കണ്ടിജന്റ് ജീവനക്കാരെ ഉപയോഗിച്ച് നേരിട്ടാണ് പാർക്കിംഗ് ഫീ പിരിച്ചിരുന്നത്. അതിനാൽ ഇവരുടെ ശമ്പളം ഒഴികെ മറ്റ് ,ചെലവുകളും ഇല്ലായിരുന്നു.

11.08.2023 ലാണ് നഗരസഭ പാർക്കിംഗ് ഫീ പിരിവ് വേണ്ടെന്ന് തീരുമാനിച്ചത്. 14.01.2023 മുതൽ തീരുമാനമെടുക്കുന്ന തീയതിവരെ പാർക്കിംഗ് ഫീ ഇനത്തിൽ വരവില്ല. 175000/- രൂപയിൽ കൂടുതൽ ടി കാലയളവിൽ വരവ് ലഭിക്കേണ്ട തായിരുന്നു. ടി കാലയളവിലെ പാർക്കിംഗ് ഫീസ് വരവിന്റെ കണക്കും പിരിവ് രേഖകളും ആവശ്യപ്പെട്ട് ലഭ്യമാക്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയും രേഖകളും ലഭിച്ചില്ല. അതിനാൽ ടി കാലയളവിൽ പാർക്കിംഗ് ഫീസ് ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികളിൽ നിന്ന് നഷ്ടം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ടി കാലയളവിൽ പാർക്കിംഗ് ഫീസ് പിരിക്കേണ്ട എന്ന് കൗൺസിൽ തീരുമാനം എടുത്തതായി കാണുന്നില്ല. കൗൺസിൽ തീരുമാനമില്ലാതെ ലക്ഷങ്ങളുടെ വരവ് നഷ്ടമാക്കിയത് ഭരണപരമായ വീഴ്ചയായി കണ്ട് തുടർ നടപടി സ്വീകരിക്കേ ണ്ടതാണ്. 18.04.2023 തീയതിയിലെ കൗൺസിലിന്റെ 3-ാം നമ്പർ തീരുമാനപ്രകാരം പാർക്കിംഗ് ഫീസ് ലേലം ചെയ്യുകയുണ്ടായി. ലേലത്തിലും പുനർലേലത്തിലും ആരും പങ്കെടുത്തില്ല. തുടർന്ന് ഓഫർക്ഷണിച്ചതിൽ 54000/- രൂപയുടെ ഓഫർ നഗരസഭയ്ക്ക് ലഭിച്ചിരുന്നു. എന്നാൽ ഓഫർ നൽകിയ വ്യക്തി പിന്നീട് ഇതിൽ നിന്ന് പിൻമാറിയതായി കാണുന്നു. ആ അവസ്ഥയിൽ വീണ്ടും ലേല നടപടി സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ അത്തരം നിയമപരമായ നടപടികൾ നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല. ഇക്കാലയളവിൽ പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.ആയതിനാൽ വരവിനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്.ഈ വിഷയം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.50തീയതി.06.12.2023) മറുപടി ലഭ്യമാക്കിയില്ല. ആസ്തി സംരക്ഷണം, ആസ്തികൾ വരുമാനദായകമാക്കൽ, ആസ്തികൾ അന്യാധീനപ്പെടാതെ സംരക്ഷിക്കുക, തുടങ്ങിയ നഗരസഭയുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതായിരുന്നു ടി സ്ഥലത്തെ പാർക്കിംഗ് ഫീസ് പിരിവ്. ഇത് വേണ്ടെന്ന് വെച്ച കൗൺസിൽ തീരുമാനം നഗരസഭയുടെ ഉത്തമ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതല്ല. അതിനാൽ തീരുമാനം പുന:പരിശോധിക്കുന്നതിന് കൗൺസിലിന്റെ ശ്രദ്ധക്ഷണിക്കുന്നു.

**1-22 തയ്യൽ യൂണിറ്റ് നടത്താൻ നൽകിയ കെട്ടിത്തിന്റെ വാടക11/2022 മുതൽഈടാക്കിയിട്ടില്ല- 2022-23 ലെ കുടിശ്ശിക 2500/-**

ഫയൽ നം-R6-11992/21

നഗരസഭയുടെ 17-ാം വാർഡിലെ 23-ാം നമ്പർ അംഗൻവാടി കെട്ടിടത്തിന്റെ മുകൾവശം കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി തയ്യൽ യൂണിറ്റ് നടത്താൻ വാർഡ് കൗൺസിലറിന്റെ അപേക്ഷപ്രകാരം 4.3.2022 ലെ കൗൺസിൽ പ്രതിമാസം 500/- രൂപ നിരക്കിൽ 3 മാസത്തെ വാടക ഡിപ്പോസിറ്റ് വാങ്ങി നൽകാൻ തീരുമാനിച്ചു. മേൽ കെട്ടിടത്തിന്റെ 4/2022 മുതൽ 10/2022 വരെയുള്ള വാടക 27/3/2022 തീയതിയിൽ ഒടുക്കി. കെട്ടിടത്തിന്റെ വാടക വർദ്ധനവ് മേൽ തീരുമാനപ്രകാരം വരുത്തിയതിന്റെയും 11/2022 മുതൽ നാളിതുവരെയുള്ള വാടക ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നം-11/10.11.23) നൽകിയതിന് കുടിശ്ശിക തുക ഒടുക്കുവരുത്താൻ നോട്ടീസ് നൽകിയതായി അറിയിച്ചു. 2022-23-ൽ കുടിശ്ശികയായ 2500/- രൂപയും തുടർന്നുള്ള മാസങ്ങളിലെ വാടക കുടിശ്ശിക മേൽ കൗൺസിൽ തീരുമാനപ്രകാരമുള്ള വർദ്ധനവോടെയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 നഗരസഭാവക ഷോപ്പിംഗ് കോംപ്ലക്സ്-വാടകനിരക്ക് പുതുക്കാനുള്ള ശുപാർശ പരിഗണിച്ചിട്ടില്ല

ഫയൽ നം-R6/3569/21

നഗരസഭാവക ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക നിരക്കുകൾ കുറവായതിനാൽ അത് പുതുക്കണമെന്നുള്ള റവന്യൂ വിഭാഗത്തിന്റെ ശുപാർശയെ തുടർന്ന് വിഷയം പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ 14/9/2022 ലെ കൗൺസിൽ വൈസ്ചെയർമാൻ,റവന്യൂ ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തി. അതിനു തുടർച്ചയായി നഗരസഭാ വക മഞ്ഞാടി പബ്ലിക് മാർക്കറ്റിനകത്തെ കടമുറികൾ, റ്റി.കെ റോഡിന്റെ വശത്തുള്ള തിരുമൂലപുരം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ, കാവുംഭാഗം ഷോപ്പിംഗ്കോംപ്ലക്സിലെ കടമുറികൾ, രാമപുരം മാർക്കറ്റിലെ കടമുറികൾ എന്നിവിടങ്ങളിൽ വാടക കുറവാണെന്നും വാടക പുതുക്കണമെന്നും റവന്യൂ ഇൻസ്പെക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് റവന്യൂ ഓഫീസർ അംഗീകരിച്ച് മേൽ റിപ്പോർട്ട് തീരുമാനത്തിനായി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മറ്റിയ്ക്ക് സമർപ്പിച്ചതായി കാണുന്നു. ഇതിൻമേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരവും മേൽ റിപ്പോർട്ട് പ്രകാരം വാടക പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-11/10.10.2023) മറുപടിയായി വിഷയം ഫിനാൻസ് സ്റ്റാന്റിംഗ് കമ്മറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയുടെ വരുമാന വർദ്ധനവിന് ഉതകുന്ന തരത്തിൽ വരുമാനസ്രോതസുകൾ കണ്ടെത്തുകയും അവ ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്യേണ്ട ഫിനാൻസ് സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച വിശദീകരിക്കപ്പെടേണ്ടതും 14.9.2022 ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് പരിഗണിച്ച് തുടർനടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-24 ലേലം:വരവിൽ വർധനയില്ല,ഇറച്ചിസ്റ്റാളുകൾ ലേലം ചെയ്തില്ല

ഇറച്ചി ലേലത്തിൽ മുൻവർഷ വരവിൽ ചെറിയ വർധനവാണ് ഉണ്ടായത് (പട്ടിക കാണുക.). അണ്ണവട്ടം, കുറ്റപ്പുഴ എന്നിവിടങ്ങളിൽ ഇറച്ചി സ്റ്റാളുകൾ ലേലം ചെയ്തില്ല. ഇതിനാൽ ലക്ഷങ്ങളാണ് വരുമാന നഷ്ടം. ലേലപരസ്യം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്താറുണ്ടെങ്കിലും മുൻവർഷങ്ങളിൽ പങ്കെടുക്കുന്നവർ മാത്രമാണ് ലേലത്തിൽ പങ്കെടുത്തത്. പങ്കെടുത്തവർ തന്നെ ഒരേ മേൽവിലാസമുള്ളവരാകയാൽ ഒരു വീട്ടിലെ അംഗങ്ങളാണെന്ന് കരുതാവുന്നതാണ്. അതിനാൽ ലേലത്തിൽ മത്സരമുണ്ടായിട്ടില്ല. ലേല തുകയിലെ നാമമാത്ര വരുമാന വർധന അതിന് തെളിവാണ്. മുൻവർഷങ്ങളിലെ ലേലക്കാർക്കും അവരുടെ ബന്ധുക്കൾക്കും ലേലത്തിൽ പങ്കെടുക്കുന്നതിന് നിയമതടസമില്ല. എന്നാൽ ലേലത്തിന്റെ മത്സരസ്വഭാവം നിലനിർത്താനും അതുവഴി വരുമാന വർദ്ധനവുണ്ടാക്കാനും നഗരസഭ ശ്രദ്ധിക്കേണ്ടതാണ്. നഗരസഭക്ക് സ്വന്തമായി അറവ് ശാലയുണ്ട്. അതിനാൽ നഗരത്തിൽ വില്പന നടത്തുന്ന ഇറച്ചിയുടെ ഏകദേശ കണക്ക് നഗരസഭക്ക് അറിയാവുന്നതാണ്. അത് അടിസ്ഥാനപ്പെടുത്തി ഇറച്ചിലേലം നടത്തിയാൽ നഗരസഭക്ക് ലക്ഷങ്ങളുടെ വരുമാന വർധനവ് ഉണ്ടാകും.അതിന് ശ്രമിക്കേണ്ടതാണ്.

പട്ടിക

ലേലം:2021-22, 2022-23 താരതമ്യം

| | ലേല വിവരം | 2022-23 | 2021-22 | വർധനവ് |
|---|---|---|---|---|
| 1. | കാവുംഭാഗം ഇറച്ചിക്കട | 80000 | 73000 | 7000 |
| 2. | കിഴക്കൻ മുത്തൂർ ഇറച്ചിക്കട | 115000 | 110000 | 5000 |
| 3. | തിരുമൂലപുരം ഇറച്ചിക്കട | 75000 | 66000 | 9000 |

| | | | | |
|---|---|---|---|---|
| 4. | മഞ്ഞാടി ഇറച്ചിക്കട | 80000 | 205000 | വർധനയില്ല. 125000രൂപ കുറഞ്ഞു. |
| 5. | തിരുമൂലപുരം കാലിച്ചന്ത | 115000 | 105000 | 10000 |
| 6. | മുനിസിപ്പൽ സ്റ്റാൻഡ് ഫീസ് പിരിവ് | 290000 | 275000 | 15000 |
| 7. | മഞ്ഞാടി പബ്ളിക് മാർക്കറ്റ് ഫീസ് പിരിവ് | 27000 | 46000 | വർധനയില്ല. 19000രൂപ കുറഞ്ഞു. |
| 8. | ചന്തക്കടവിൽ മത്സ്യവ്യാപാരം | 14000 | 10000 | 4000 |
| | ആകെ | 796000 | 890000 | |

(കുറിപ്പ്: ഇറച്ചി ലേലത്തിൽ 22-23ൽ 21-22ലേക്കാൾ ലേലതുകയിൽ നാമമാത്ര വർധനവുണ്ട്.എന്നാൽ 22-23ലെ 8ലേലം പരിഗണിച്ചപ്പോൾ ആകെ ലേലതുക 94000രൂപ കുറഞ്ഞു.ലേല വരവിൽ വലിയ നഷ്ടമുണ്ടെന്ന ഓഡിറ്റ് നിഗമനം പട്ടിക ശരിവെക്കുന്നു.)

ലേലവുമായി ബന്ധപ്പെട്ട ഫയൽ (R6-1400/2022)പരിശോധന വ്യക്തമാക്കിയ അപാകങ്ങൾ:

**1)*ജനങ്ങൾ ആവശ്യപെട്ടിട്ടും ഇറച്ചിസ്റ്റാൾ അനുവദിച്ചില്ല***

അണ്ണവട്ടം എന്ന സ്ഥലത്ത് ഇറച്ചി സ്റ്റാൾ ആവശ്യപ്പെട്ട് നഗരസഭയിലെ 5,6 വാർഡുകളിലെ 57 പേർ ഒപ്പിട്ട് അപേക്ഷ നൽകിയിരുന്നു. 28.2.22-ന് അപേക്ഷ നഗരസഭയിൽ കൈപ്പറ്റി. അപേക്ഷയിൽ തുടർനടപടി സ്വീകരിച്ചതായി കാണുന്നില്ല. ജനങ്ങളുടെ ആവശ്യം പരിഗണിച്ച് അണ്ണവട്ടത്ത് ഇറച്ചി സ്റ്റാൾ അനുവദിച്ച് ലേലം ചെയ്തിട്ടുമില്ല. ഇതിനാൽ നഗരസഭക്ക് വലിയ വരുമാന നഷ്ടമുണ്ട്. മാത്രമല്ല അനധികൃത ഇറച്ചിവില്പനക്കും സാധ്യതയുണ്ട്. 2023-24-ൽ ഇവിടെ ഇറച്ചി സ്റ്റാൾ അനുവദിച്ച് വരുമാനം ഉറപ്പാക്കേണ്ടതാണ്. വിഷയത്തിൽ സെക്രട്ടറിയുടെ പ്രതികരണം തേടിയിരുന്നു (ഓഡിറ്റ് അന്വേഷണം 02/22-23). കൗൺസിൽ തീരുമാനം ലഭ്യമാകുന്ന മുറക്ക് ഇറച്ചി സ്റ്റാൾ അനുവദിച്ച് ലേലം നല്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി (ആർ6-എ2-10927/22) നല്കിയിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. സ്റ്റാൾ അനുവദിക്കാതെ 22-23ൽ ലക്ഷങ്ങളുടെ വരുമാന നഷ്ടം ഉണ്ടായി എന്ന ഓഡിറ്റ് നിഗമനം ശരിവെക്കുന്നതാണ് മറുപടി. സ്റ്റാൾ അനുവദിച്ച് വരുമാന നഷ്ടം ഒഴിവാക്കുന്നതിനും അനധികൃത ഇറച്ചി വ്യാപാരം തടയുന്നതിനും കൗൺസിലിന്റെ ശ്രദ്ധക്ഷണിക്കുന്നു.

***കുറ്റപ്പുഴ ഇറച്ചിസ്റ്റാൾ:വരവ് നഷ്ടം തടഞ്ഞില്ല***

ലേലവും പുനർലേലവും നടത്തി ഒരുവട്ടം ഓഫർ ക്ഷണിച്ചിട്ടും കുറ്റപ്പുഴ ഇറച്ചിസ്റ്റാൾ ലേലം പോയില്ല. തുടർന്ന് ഓഫർ/ഓഫറുകൾ ക്ഷണിച്ചതായി കാണുന്നില്ല. നിയമപരമായി ആർക്കെങ്കിലും വില്പനാവകാശം ഉറപ്പിച്ച് നൽകി അനധികൃത ഇറച്ചി വില്പനക്കുള്ള സാധ്യതയും വരവ് നഷ്ടവും നഗരസഭ തടഞ്ഞതായും കാണുന്നില്ല. മുൻവർഷം 71000/-രൂപയ്ക്ക് ലേലം പോയതാണ് ഈ സ്റ്റാൾ. വിഷയത്തിൽ സെക്രട്ടറിയുടെ വിശദീകരണം തേടിയിരുന്നു. (ഓഡിറ്റ് അന്വേഷണം 02/22-23) മറുപടിയിൽ "ആരും ഓഫർ സമർപ്പിച്ചില്ലെന്നും കുറ്റപ്പുഴ ഇറച്ചി സ്റ്റാൾ ഏറ്റെടുക്കുന്ന കരാറുകാർ സ്വന്തമായി സ്ഥലം കണ്ടെത്തേണ്ടതിനാൽ സ്റ്റാൾ ഏറ്റെടുക്കുന്നതിന് ആരും തന്നെ സന്നദ്ധത അറിയിച്ചിട്ടില്ല. ആയതിനാലാണ് റീഓഫർ ക്ഷണിക്കാഞ്ഞത്"എന്ന് വിശദീകരിച്ചു. സെക്രട്ടറിയുടെ മറുപടി തികച്ചും സാങ്കേതികമാണ്. അതിനാൽ അംഗീകരിക്കുന്നില്ല. പ്രശ്നപരിഹാരത്തിലൂടെ വരും വർഷം സ്റ്റാൾ ലേലം ചെയ്ത് വരുമാന നഷ്ടം തടയേണ്ടതാണ്. കൗൺസിലിന്റെ ശ്രദ്ധക്ഷണിക്കുന്നു.

**2)*കരാർ ചമച്ചില്ല***

ലേലക്കാർ കരാർ ചമച്ചില്ല. ലേലവ്യവസ്ഥപ്രകാരം നഗരസഭയുമായി 200 രൂപ മുദ്രപ്പത്രത്തിൽ കരാർ ചമക്കണം. ഓഡിറ്റ് അന്വേഷണത്തിൽ (നം-02/22-23/11.7.23) ആവശ്യപെട്ടിട്ടും കരാർ ഹാജരാക്കിയില്ല. അതിനാലാണ് കരാർ ചമച്ചില്ലെന്ന ഓഡിറ്റ് നിഗമനം. ലേലത്തിൽ നഗരസഭയുടെ താല്പര്യങ്ങൾക്ക് നിയമപരിരക്ഷ ഉറപ്പാക്കാനും ലേലം കൊണ്ടവർ ലേലാവകാശം കൂടിയ തുകക്ക് മറിച്ച് നല്കുന്നില്ലെന്ന് ഉറപ്പാക്കാനുമാണ് കരാർ. ലേലക്കാരുടെ തിരിച്ചറിയൽ രേഖകൾ, സോൾവൻസി സർട്ടിഫിക്കറ്റ്, എന്നിവയും നഗരസഭ സൂക്ഷിച്ചിട്ടില്ല. ലേലക്കാർ കരാർ ചമക്കാത്തതുമൂലം സർക്കാരിനുണ്ടായ മുദ്രവില നഷ്ടം ക്രമീകരിക്കേണ്ടതാണ്. വിഷയത്തിൽ തുടർ നടപടിക്ക് ധനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-25 കുടിവെള്ളപൈപ്പ് ലൈൻ-നിക്ഷേപത്തുക വിനിയോഗിക്കാത്തതിനാൽ തിരികെ നൽകുന്നത്-വരവ് ബോദ്ധ്യപ്പെട്ടിട്ടില്ല

**ഫയൽ നം-ഇ2-595/2021**

ചിത്രരചന ജംഗ്ഷൻ മുതൽ കാവുംഭാഗം അമൃത സ്കൂൾ-ഉകലശ്ശേരി റോഡ് വരെ പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കുന്നതിനായി 1694000/- രൂപ നിക്ഷേപിച്ചിരുന്നത് ടി പ്രവൃത്തി 4 തവണ ടെണ്ടർ ചെയ്യെങ്കിലും ഏറ്റെടുക്കാൻ ആളില്ലാഞ്ഞതിനാൽ തുക തിരികെ നൽകുന്നതിനായി ബാങ്ക് വിവരങ്ങൾ അറിയിക്കാൻ എക്സി.എഞ്ചിനീയർ. പി.എച്ച് ഡിവിഷൻ 25/7/2022 ലെ ഡിബി3/33030/21 പ്രകാരം ആവശ്യപ്പെട്ടു. 15.11.22 ൽ മേൽ വിവരങ്ങൾ അറിയിച്ചുവെങ്കിലും തുക തിരിക ലഭ്യമായതായി ഫയലിൽ രേഖപ്പെടുത്തലില്ല. തുക ലഭ്യമായിട്ടുണ്ടെങ്കൽ വിശദവിവരം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-27/21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് നടത്തിയ ഫണ്ടിന്റെ വിവരം ലഭ്യമാക്കേണ്ടതും തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-26 ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപനം -ജി.എസ്.ടി ഈടാക്കുന്നില്ല,സ്ഥാപനം നേരിട്ട് ഒടുക്കിയതായി രേഖകളില്ല-

**എ)ഫയൽ നം- ഇ2/1654/23**

ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് കാവുഭാഗം - ഇടഞ്ഞിലം റോഡ്, കാവുഭാഗം മുത്തൂർ റോഡിനേയും ബന്ധിപ്പിക്കുന്ന ടാർ റോഡിൽ 10 ജി.ഐ പോൾ സ്ഥാപിച്ച് Overhead Optical Cable സ്ഥാപിക്കുന്നതിനുള്ള അപേക്ഷ പ്രകാരം റീസ്റ്റോറേഷൻ ചാർജ്ജ് -16688.16/-, വാടക-3780/- സെക്യൂരിറ്റി നിക്ഷേപം -378/-എന്നീ ക്രമത്തിൽ തുക ഒടുക്കുവരുത്തി. എന്നാൽ 18 ശതമാനം ജി.എസ്.റ്റി 680/- റിവേഴ്സ് മെക്കാനിസം വഴി ഒടുക്കി രേഖകൾ ഹാജരാക്കും എന്ന നിബന്ധനയിലാണ് അനുവാദം നൽകിയത്. ജി.എസ്.റ്റി ഒടുക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

**ബി)ഫയൽ നം- ഇ2//4778/23**

നഗരസഭയിലെ മുത്തൂർ-ചുമത്ര റോഡ്,ബിലീവേഴ്സ് ഹോസ്പിറ്റൽ-ടാക്കോ കേബിൾ റോഡ്, ചുമത്ര കിഴക്കൻമുത്തൂർ റോഡ്,ചുമത്ര ടാക്കോ കിഴക്കൻമുത്തൂർ റോഡ്, കിഴക്കൻമുത്തൂർ -കുറ്റപ്പുഴ റോഡ്, മാർത്തോമ്മാ കോളേജ് റോഡ്, കണ്ണേട്ടുകടവ്-മാർത്തോമാ കോളേജ് റോഡ്, കുറ്റപ്പുഴ റെയിൽവേ ലൈൻ റോഡ് എന്നിവിടങ്ങളിൽ 388 എണ്ണം ജി.ഐ പോൾ സ്ഥാപിച്ച് Overhead Optical Cable സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് അപേക്ഷ നൽകിയതനുസരിച്ച് വിഷയം 4.6.2022-ലെ കൗൺസിൽ പരിഗണിക്കുകയും മുൻപ് ടി സ്ഥാപനം വരുത്തിയ കുടിശ്ശിക ഒടുക്കിയതിനുശേഷം നിയമാനുസൃത വാടക ,റോഡ് കട്ടിംഗ് ചാർജ്ജ് എന്നിവ ഈടാക്കിയശേഷം അനുമതി നൽകുന്നതിന് തീരുമാനിച്ചു. 1252 പോളുകളുടെ വാടക കുടിശ്ശിക ഒടുക്കിയതിനാൽ 388 എണ്ണത്തിന് അനുമതി നൽകി. മേൽ വിഷയവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്നവയ്ക്ക് വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1) മേൽ തീരുമാനത്തിന്റ അടിസ്ഥാനത്തിൽ ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് കുടിശ്ശിക വരുത്തിയ 1252 ജി.ഐ പോളുകളുടെ വാടക കുടിശ്ശിക 970175/- രൂപ നഗരസഭാ ഫണ്ടിൽ ഒടുക്കുവരുത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒടുക്കിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ജി.എസ് റ്റി റിവേഴ്സ് മെക്കാനിസം വഴി ഒടുക്കി രസീത് ഹാജരാക്കുന്നതാണെന്ന് സ്ഥാപനം അറിയിച്ചതായി നോട്ട് ഫയലിൽ 22.8.2022 തീയതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക വാടക തുകയുടെ 18 ശതമാനം ജി.എസ്.ടി തുക ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി ഇനത്തിൽ ഈടാക്കേണ്ട തുക കണക്കാക്കി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2)പുതുതായി അനുമതി തേടിയ പോളുകളുടെ വാടക ഇനത്തിൽ 131544/- രൂപയും, റിസ്റ്റൊറേഷൻ ചാർജ്ജായി 711719/- രൂപയും സെക്യൂരിറ്റി നിക്ഷേപമായി 13154 രൂപയും 27.4.23 ൽ ഒടുക്കിയിട്ടുണ്ട്. വാടകയുടെ 18 ശതമാനമായ 23678 രൂപ ജി.എസ്.ടി ബില്ലിൽ പിടിക്കുകയോ സ്ഥാപനം നേരിട്ട് ഒടുക്കി രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും ജി.എസ്.ടി ഒടുക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

3)ജി.ഐ പോളുകളുടെ എണ്ണം , വാടക എന്നിവ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സമർപ്പിക്കാൻ സെക്ഷനെ ചുമതലപ്പെടുത്തിക്കാണുന്നു. മേൽ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-27/21.11.2023) രേഖകൾ ഹാജരാക്കാൻ സ്ഥാപനത്തിന് അറിയിപ്പുനൽകി എന്ന മറുപടി ലഭ്യമാക്കി. നടപടിയുടെ പുരോഗതിവിവരം അറിയിക്കേണ്ടതാണ്.

## 1-27 2022-23 വർഷം ചെലവ് ചെയ്യാത്ത പ്രോജക്ടുകൾക്ക് സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.

നഗരദാരിദ്ര്യ നിർമാർജന സെൽ പ്രോജക്ട് ഓഫീസറുടെ താഴെ പട്ടികയിൽ വിവരിക്കുന്ന മൂന്ന് പ്രോജക്ടുകൾക്കാണ് നഗരസഭയുടെ 2022-23-ലെ സുലേഖ പദ്ധതി ചെലവ് പത്രികയിൽ ഇത്തരത്തിൽ ചെലവ് കാണിച്ചത്. സുലേഖയിൽ ചെലവ് രേഖപ്പെടുത്തുന്ന പ്രോജക്ടുകൾ നിർവഹിച്ചതായി കണക്കാക്കപ്പെടും.

പ്രോജക്ടുകളുടെ ഫയലിൽ നിന്നും പട്ടികയിൽ വിവരിക്കുന്ന ആദ്യ രണ്ട് പ്രോജക്ടുകളുടെ ചെലവും മൂന്നാമത്തെ പ്രോജക്ടിന്റെ ഭാഗിക ചെലവും നടന്നത് 4/23ലാണ്. പ്രോജക്ടുകളുടെ ചെലവ് 2023-24 സാമ്പത്തിക വർഷമായതിനാൽ ഇവ 22-23ൽ നിർവഹിക്കപ്പെട്ടതായി കണക്കാക്കാനാവില്ല. നിർവഹിക്കാത്ത പ്രോജക്ടുകൾ നിർവഹിച്ചതായും വകയിരുത്തിയ ഫണ്ട് ചെലവഴിച്ചതായും സുലേഖയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയിരിക്കുകയാണ്. അതിനാൽ 22-23-ലെ പദ്ധതി ചെലവിൽ നിന്നും 845996/- രൂപ ഒഴിവാക്കി ആയത് 2023-24-ലെ ചെലവിൽ ഉൾക്കൊള്ളിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. സാംഖ്യയിൽ ഈ പ്രോജക്ടുകളുടെ ബില്ല് 22-23-ൽ തന്നെ എടുത്തതായി കാണുന്നു. തനത് ഫണ്ട് വകയിരുത്തിയ പ്രോജക്ടുകളായതിനാൽ സാംഖ്യ ബില്ലെടുക്കുമ്പോൾ തന്നെ ചെലവാകില്ല. അതിന് തനത് ഫണ്ട് ചെക്ക് എഴുതണം. 22-23-ൽ സാംഖ്യബില്ല് എടുത്തെങ്കിലും തനത് ഫണ്ട് ചെക്ക് എഴുതിയത് 23-24-ലാണ്. വാർഷികകണക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതിന് മുമ്പ് സുലേഖയിലെ തെറ്റായ വിവരങ്ങൾ ഒഴിവാക്കാൻ നഗരസഭയിലെ ആസൂത്രണ വിഭാഗം ശ്രമിച്ചില്ല. 22-23ൽ എടുത്ത ബില്ലുകളുടെ ചെലവ് 23-24-ലേക്ക് നീണ്ടത് ഭരണപരമായ വീഴ്ചയാണ്.പട്ടികയിൽ വിവരിച്ച മൂന്ന് പ്രോജക്ടുകളുടേയും ചെലവ് 2023-24 സാമ്പത്തിക വർഷമാണ്. എന്നാൽ ചെലവ് ക്രമീകരിക്കാൻ 23-24-ൽ അംഗീകരിച്ച പ്രോജക്ടുകളില്ല. ആ വസ്തുത കൗൺസിലിന്റെ ശ്രദ്ധയിൽപെടുത്തുന്നു.

*പട്ടിക*

| പ്രോജക്റ്റിന്റെ വിവരങ്ങൾ | സാംഖ്യ ബിൽ തീയതി | സുലേഖ ചെലവ് | ചെലവിന്റെ വിവരണം | പരാമർശം |
|---|---|---|---|---|
| പ്രോ.394/23<br>എഎംസി-നിരീക്ഷണ ക്യാമറ,<br>ഫയൽ H6-26357/22,തനത് ഫണ്ട് | 21/03/2023 | 399996 | വൗ.36-4/23,ചെക്ക് 433724/10.04.23 346436രൂപ<br>ആകെ ചെലവ് 399996രൂപ. | ചെലവ് 4/23ലായതിനാൽ 23-24സാമ്പത്തിക വർഷത്തെ ചെലവാണ്.22-23-ൽ പ്രോജക്ട് നിർവഹിക്കപ്പെട്ടില്ല. |
| പ്രോ.377/23<br>അതിദരിദ്രക്ക് മരുന്ന് നല്കൽ<br>ഫയൽ H224591/22-തനത് ഫണ്ട് | 30/03/2023 | 46000 | വൗ.45-4/23<br>ചെക്ക് 433730/11.04.23<br>46000രൂപ | ചെലവ് 4/23ലായതിനാൽ 23-24 സാമ്പത്തിക വർഷത്തെ ചെലവാണ് .<br>22-23-ൽപ്രോജക്ട് നിർവഹിക്കപ്പെട്ടില്ല. |
| പ്രോ.193/23-<br>അഗതിരഹിത കേരളം<br>ഫയൽ. H6-26358/22<br>തനത് ഫണ്ട് 4ലക്ഷം,പ്ളാൻ 1ലക്ഷം. | 02/03/2023(തനത് ഫണ്ട്)<br>ബിൽ റഫറൻ നമ്പർ 22050747001601284369/03.03.2023<br>1ലക്ഷം(പ്ളാൻ) | 5ലക്ഷം | വൗ.111-4/23<br>ചെക്ക്583584/25.04.23-4ലക്ഷം. | ചെലവിൽ 4ലക്ഷം 4/23-ലായതിനാൽ 23-24 സാമ്പത്തിക വർഷത്തെ ചെലവാണ് .22-23ൽ 1 ലക്ഷം രൂപ പ്ളാൻ ഫണ്ട് ചെലവഴിച്ചതിനാൽ പ്രോജക്ട് ഭാഗികമായി മാത്രം നിർവഹിക്കപ്പെട്ടു. |
| ആകെ | | | **845996** | |

വിഷയത്തിൽ വിശദീകരണം തേടി നഗരദാരിദ്ര്യ നിർമാർജന സെൽ പ്രോജക്ട് ഓഫീസർ (ഹെൽത്ത് സൂപ്രണ്ട്)ക്ക് ഓഡിറ്റ് അന്വേഷണം(36/22-23,1/12/2023) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. സുലേഖയിലെ തെറ്റ് തിരുത്തി പ്രോജക്ടുകളുടെ തൻവർഷ ചെലവ് ക്രമീകരിക്കേണ്ടതാണ്.

## 1-28 ഡ്രൈവർമാരുടെ കരാർ നിയമനം സർക്കാർ നിർദ്ദേശം പാലിക്കാതെ

നഗരസഭയിൽ 6 ഹെവി മോട്ടോർ വാഹനങ്ങളും 2 ലൈറ്റ് മോട്ടോർ വാഹനങ്ങളുമാണുള്ളത്. ലൈറ്റ് മോട്ടോർ

വാഹനങ്ങളുടെ 2 അംഗീകൃത ഡ്രൈവർ തസ്തികകളാണ് നഗരസഭയിൽ അനുമതിയുള്ളത്. ഹെവി മോട്ടോർ വെഹിക്കിൾ ഡ്രൈവർ തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല. 8 വാഹനങ്ങൾക്കായി 5 ഡ്രൈവർമാർ ജോലി നോക്കുന്നു. ഇതിൽ രണ്ടെണ്ണം പി.എസ്.സി നിയമനവും 4 എണ്ണം താല്ക്കാലിക നിയമനവുമാണ്. താൽക്കാലിക തസ്തികയിൽ നിയമിക്കപ്പെട്ടി രിക്കുന്നവർ എംപ്ലോയ്മെന്റ് മുഖേന നിയമിക്കപ്പെട്ടവരല്ല. സർക്കുലർ നം 3/2019/ധന /11.1.2019 പ്രകാരം സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ നിയമനം നടത്താവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല മേൽ നിയമനങ്ങളെല്ലാം പി.എസ്.സി/ എംപ്ലോയ് മെന്റ് മുഖേനയായിരിക്കണമെന്നും നിർദ്ദേശം നിലനിൽക്കെ ഇതിനു വിരുദ്ധമായി കരാർ അടിസ്ഥാനത്തിൽ ദിവസവേതനത്തിന് ഡ്രൈവർ തസ്തികയിൽ നിയമനം നടത്തിയിട്ടുള്ളതാണ്. നഗരസഭയിൽ ദിവസവേതനാ ടിസ്ഥാനത്തിൽ ജോലിനോക്കിവരുന്ന ഡ്രൈവർമാരുടെ നിയമന ഫയൽ, അർഹത തെളിയിക്കുന്ന രേഖകൾ ഇവ ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം-57/13.12.23) മറുപടി ലഭ്യമാക്കുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. താൽക്കാലിക നിയമനനേടിയവരുടെ നിയമനരേഖകൾ പരിശോധിച്ച് അർഹത ഉറപ്പാക്കേണ്ടതും നിയമനം സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-29 2003 ലെ കേരള മുനിസിപ്പാലിറ്റി( ദുരിതാശ്വാസ നിധി രൂപീകരവും വിനിയോഗവും)ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധിഫണ്ട് സമാഹരണം നാമമാത്രം

പേമാരി, വെള്ളപ്പൊക്കം , പ്രകൃതി ക്ഷോഭം, അഗ്നിബാധ , കൊടുങ്കാറ്റ് , കടലാക്രമണം , അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്നവരം നഗരസഭ പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി 2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ദുരിതാശ്വാസനിധി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത ദുരിതാശ്വാസനിധിയിലേക്കുള്ള ഫണ്ട് സമാഹരണം നാമമാത്രമാണ്. 2022-23സാമ്പത്തിക വർഷം ടി ഇനത്തിൽ വരവില്ല. 2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും )ചട്ടം 6 (1) പ്രകാരം നിധിയെ സംബന്ധിച്ച എല്ലാ വരവ് ചെലവ് കണക്കുകളും (നിധിയിലേക്ക് സംഭാവന നൽകിയവരുടെയും നിധിയിൽ നിന്ന് ധനസഹായം ലഭിച്ചവരുടെയും പേരുകൾ ഉൾപ്പെടെ) സെക്രട്ടറി മാസാമാസം നഗരസഭാ കൗൺസിൽ മുൻപാകെ സമർപ്പിക്കേണ്ടതാണ്. അപ്രകാരം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 24.05.2022 തീയതിയിലെ നഗരസഭ ചെയർപേഴ്സന്റെ ദുരിതാശ്വാസനിധി ധനസഹായം കമ്മിറ്റി തീരുമാനപ്രകാരം 6 അപേക്ഷകൾ ധനസഹായം നൽകുന്നതിനായി പരിഗണിച്ചിട്ടുണ്ട്. ഇതിൽ ശ്രീമതി. മഞ്ജുഷ രാഗേഷ്, കൊക്കാപ്പള്ളിൽ വീട്, കാവുംഭാഗം, തിരുവല്ല എന്നയാൾക്ക്മാത്രമാണ് 10000/-രൂപ അനുവദിച്ചിട്ടുള്ളത്. (അക്കൗണ്ട് നം. 6109149106/തീയതി. 07.05.2023) കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടും മറ്റുള്ള അപേക്ഷകർക്ക് നാളിതുവരെ ധനസഹായം നൽകാതിരുന്ന തിനുള്ള കാരണം വിശദമാക്കുന്നതിന് ലഭ്യമാക്കിയ ഓഡിറ്റ് എൻക്വയറി നം.31/22-23 തീയതി. 22.11.2023 ന് ലഭ്യമാക്കിയ മറുപടിയിൽ ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നതിനാണ് തുക അനുവദിച്ച് നൽകാതിരുന്നത് എന്ന് വിശദീകരിച്ചിട്ടുണ്ട്. ചെയർപേഴ്സന്റെ ഉത്തരവിന് കൗൺസിൽ അംഗീകാരം വാങ്ങുന്നതിന് അജണ്ട തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. അടിയന്തിര സഹായം ലഭ്യമാക്കേണ്ടതിനായി സ്വരൂപിച്ച നിധിയുടെ പ്രയോജനം അർഹതപ്പെട്ടവർക്ക് യഥാസമയം ലഭ്യമാകുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മഹാമാരിയുടെയും പ്രകൃതി ദുരന്തങ്ങളുടെയും കാലഘട്ടത്തിൽ ദുരിതാശ്വാസ നിധിയിലേക്കുള്ള ഫണ്ട് സമാഹരണം കൂടുതൽ കാര്യക്ഷമമാക്കി പ്രസ്തുത ഫണ്ട് കൂടുതൽ പ്രയോ ജനകരമായ രീതിയിൽ വിനിയോഗിക്കാൻ സാധിക്കേണ്ടതുണ്ട്. കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും , വ്യക്തികൾ, സംഘടനകൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി വിപുലീകരിച്ച് ദുരിതമനുഭവിക്കുന്ന കൂടുതൽ വ്യക്തികളിലേക്ക് ധനസഹായം എത്തിക്കാൻ കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാകേണ്ട തിന്റെ ആവശ്യകതയിലേക്ക് അധികൃതരുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-30 ആസ്തി സംരക്ഷണം

**ഫയൽ നം-എച്ച്6/24852/22**

വാർഡ് 26 ലെ 140-ാം നമ്പർ അംഗൻവാടിയുടെ മുകൾ നിലയിൽ സൂക്ഷിച്ചിട്ടുള്ള നഗരസഭയുടെ ആസ്തിയിൽപ്പെട്ട 30 ഓളം വരുന്ന കസേരകൾ വാടകകെട്ടിടത്തിന്റെ താക്കോൽ ലഭ്യമല്ലാത്തതിനാൽ തിരികെ എടുക്കാൻ കഴിഞ്ഞിട്ടില്ലെന്ന് 1/12/2022 ൽ ജെ.എച്ച്.ഐ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ കസേരകൾ നഗരസഭാ ഓഫീസിന്റെ മുകൾ വശത്തുള്ള ഹാളിലേക്ക് വാങ്ങിയതാണെന്ന് 30.11.2022ലെ കൗൺസിൽ മിനിട്സിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ ഹാളിന്റെ താക്കോൽ തന്റെ കൈവശമുണ്ടെന്ന് വാർഡ് കൗൺസിലർ അറിയിച്ചതായി മിനിട്സിൽ രേഖപ്പെടുത്തി ക്കാണുന്നു. ഈ

വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല. നഗരസഭാ ആസ്തിയിൽ ഉൾപ്പെട്ട കസേരകളുടെ നിലവിലെ സ്ഥിതിവിവരം അറിയിക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറിയ്ക്ക് (നം-28/21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-31 ദേശീയ നഗര ഉപജീവനദൗത്യം പദ്ധതി-ഷെൽട്ടർ ഹോം നിർമ്മാണം-സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ നഗരസഭയ്ക്ക് 2.5 കോടി രൂപയുടെ പദ്ധതി നഷ്ടപ്പെടുന്ന സാഹചര്യം

കുടുംബശ്രീ ദേശീയ നഗര ഉപജീവനദൗത്യം പദ്ധതിയിൽ നഗരങ്ങളിലെ ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതി പ്രകാരം സ്വന്തമായി സ്ഥലമുള്ള നഗരസഭകൾക്ക് ഷെൽറ്റർ ഹോമുകൾ നിർമ്മിക്കുന്നതിന് പരമാവധി 2.5 കോടി രൂപ വരെയും നിലവിൽ ഷെൽട്ടർ ഹോമുകൾ ഉള്ള പക്ഷം അതിന്റെ പുനരുദ്ധാരണത്തിന് പരമാവധി 50 ലക്ഷം രൂപവരേയും ലഭ്യമാക്കുന്നതിന് പദ്ധതി ലഭ്യമിട്ടിരുന്നു. ഷെൽട്ടർ ഹോമിന്റെ നടത്തിപ്പിനായി പ്രതിവർഷം 6 ലക്ഷം രൂപ നിരക്കിൽ 5 വർഷം ലഭ്യമാക്കും. ആയതിനായി വിശദമായ പദ്ധതിരേഖ 28/2/22നകം കൗൺസിൽ തീരുമാനത്തോടെ ലഭ്യമാക്കുവാൻ കുടുംബശ്രീ എക്സിക്യൂട്ടീവ്ഡയറക്ടർ 11.2.2022 ലെ 4868/എഫ്/2015/കെ.എസ്.എച്ച്.ഒ പ്രകാരം ആവശ്യപ്പെട്ടു. 31.3.2022 ലെ കൗൺസിലിൽ മേൽ വിഷയം ചർച്ച ചെയ്യുകയും അനുയോജ്യമായ സ്ഥലം ലഭ്യമാണെങ്കിൽ വിട്ടു നൽകുന്നതിന് മതഅദ്ധ്യക്ഷൻമാർക്ക് കത്ത് നൽകാൻ തീരുമാനിക്കുകയും ചെയ്തു.അതിൻ പ്രകാരം കത്ത് നൽകിയിട്ടുണ്ട്. ഡി.പി.ആർ സമർപ്പിക്കാനുള്ള കാലപരിധി 25/4/2022 നകം ദീർഘിപ്പിച്ചുകൊണ്ട് കുടുംബശ്രീ ഡയറക്ടർ 13.4.22 ൽ അറിയിപ്പുനൽകി. ഈ വിഷയവുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിച്ചതിന്റേയും തുടർ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ അവയുടെയും വിവരം, തുടർ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം, ഈ പ്രോജക്ടിനായി നഗരസഭാ ആസ്തിയിൽ ഉൾപ്പെട്ട സ്ഥലം ലഭ്യമല്ല എന്ന് ഉറപ്പുവരുത്തിയിരുന്നോ എന്നീ വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-12/10.10.23) സ്ഥലം കണ്ടെത്തുന്നതിന് അജണ്ട സമർപ്പിച്ചിരുന്നതിന് സ്ഥലം വിട്ടുനൽകുന്നതിന് മത അദ്ധ്യക്ഷൻമാർക്ക് കത്ത് നൽകാനാണ് കൗൺസിൽ തീരുമാനിച്ചതെന്നും ഡി.പി.ആർ സമർപ്പിക്കേണ്ടിയിരുന്ന കാലാവധിയ്ക്കുള്ളിൽ സ്ഥലം കണ്ടെത്താൻ കഴിഞ്ഞില്ല എന്നും മറുപടി നൽകി. വിഷയത്തിൻ മേൽ തുടർനടപടി സ്വീകരിച്ചതായി വ്യക്തമാക്കിയിട്ടില്ല. നഗരസഭയുടെ ആസ്തിയിൽപ്പെട്ട സ്ഥലങ്ങൾ മറ്റ് സ്ഥാപനങ്ങൾ ക്കായി (ട്രഷറി കെട്ടിടനിർമ്മാണം, കോടതി സമുച്ചയനിർമ്മാണംതുടങ്ങിയവ) വിട്ടു നൽകുകയും നഗരസഭാ പ്രോജക്ടിന് വേണ്ടി സ്ഥലം കണ്ടെത്താനാകാതെ നിരാലംബരും അശരണരും സ്വന്തമായി പാർപ്പിടമില്ലാതെ വഴിയോരത്ത് അന്തി ഉറങ്ങുന്നവരുമായവർക്ക് ആശ്രയമാകാവുന്ന അഭയ കേന്ദ്ര നിർമ്മാണം പോലുള്ള പദ്ധതി ഉപേക്ഷിക്കേണ്ടിവരികയും ചെയ്യുന്ന സാഹചര്യം നീതീകരിക്കാനാകില്ല. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 1-32 നഗരസഭ പരിധിയിൽ 3ഹെൽത്ത് വെൽനെസ് സെന്റർ ആരംഭിക്കൽ,നഗരകുടുംബാരോഗ്യകേന്ദ്രം അർബൻ പോളി ക്ളിനിക്കായി ഉയർത്തൽ - പദ്ധതി പ്രവർത്തനങ്ങൾ പുരോഗതി കൈവരിച്ചില്ല.

**ഫയൽ നം H6 - 14362 /22**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച , 2021-22 ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ(സാധാ) നം.2132/2022/ LSGD തീ:31-08-22 പ്രകാരവും, 2022-23 ലെ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള കർമ്മ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(സാധാ) നം.2156/2022/ LSGD തീ:01-09-22 പ്രകാരവും പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഗ്രാന്റ് ഇനത്തിൽ 2022-23 വർഷം 1.33 കോടി രൂപയും, 2023-24 വർഷം 1.94 കോടി രൂപയും നഗരസഭയുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ,നഗരസഭ പരിധിയിൽ 3 ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ ആരംഭിക്കുന്നതിനു 1.05 കോടി രൂപ വകയിരുത്തിയും , നഗര കുടുംബാരോഗ്യ കേന്ദ്രം അർബൻ പോളി ക്ളിനിക്കായി ഉയർത്തുന്നതിനു 28 ലക്ഷം രൂപ വകയിരുത്തിയും 2022-23 വർഷം രണ്ടു പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും നടപ്പിലാക്കിയിട്ടില്ല. പദ്ധതികളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ മറുപടി/വിവരം ഹാജരാക്കുന്നതിനു ഓഡിറ്റ് അന്വേഷണം (നം.16/22-23/25.10.2023 ) നൽകിയിരുന്നു.

1) ഗ്രാന്റ് തുക നിക്ഷേപിച്ചിട്ടുള്ള അക്കൗണ്ടിൽ ( SBI A/c No 40986891213) , മുതൽ പലിശ എന്നീ ഇനങ്ങളിൽ നിലവിൽ ലഭ്യമായ തുക.

2) വാർഡ് 17 ൽ വാടക കെട്ടിടത്തിലും, വാർഡ് 18 ൽ നഗരസഭ വക കെട്ടിടത്തിലും രണ്ടു ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകൾ ആരംഭിക്കുന്നതിനു തീരുമാനമെടുത്തിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നാമത്തെ ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടില്ല. 3 വെൽനെസ് സെന്ററുകളുടെയും നിലവിലെ അവസ്ഥ.

3) പുതുതായി ആരംഭിക്കുന്ന രണ്ടു വെൽനെസ് സെന്ററുകളിൽ(വാർഡ് 17, 18 )മാനേജ്മെന്റ് കമ്മിറ്റികൾ

രൂപീകരിച്ചിട്ടില്ല. മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനു സ്വീകരിച്ച നടപടികൾ

4) പൊതു ജനങ്ങൾക്കു സ്പെഷ്യാലിറ്റി സർവ്വീസ് ലഭ്യമാക്കുന്നതിനു അർബൻ പോളി ക്ലിനിക്ക് ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ നിലവിലെ അവസ്ഥ

മേൽ പരാമർശിച്ച വിഷയങ്ങൾ സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ലാത്തതിനാലും, ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കാത്തതിനാലും പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണെന്നും , ആരോഗ്യ മേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടു വരാൻ സാധിക്കുന്ന ഈ പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം നഗരസഭയുടെ വീഴ്ചയായും വിലയിരുത്തുന്നു. പദ്ധതികൾ ലക്ഷ്യത്തിലെത്തിക്കുന്നതിനു അടിയന്തിര നടപടികൾ കൗൺസിലിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 1-33 കുടിവെള്ള പൈപ്പ് ലൈൻ മാറ്റൽ- നഗരസഭാ അധികൃതരുടെ വീഴ്ചമൂലം സംസ്ഥാനാവിഷ്കൃത പ്രോജക്ട് നടപ്പാക്കാൻ കഴിഞ്ഞില്ല

ഫയൽ നം-ഇ3/3826/97

തിരുവല്ല-ഐക്കാട് റോഡിലുള്ള കേടുപാട് സംഭവിച്ച 100 എം.എം എ.സി പൈപ്പ് മാറ്റി 160 എം.എം പി.വി സി പൈപ്പിടുന്നതിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി വർക്ക് അവാർഡ് ചെയ്തിട്ടുള്ളതിനാൽ റോഡ് കട്ടിംഗിനുള്ള അനുമതിയ്ക്കായി 19.8.2022 ലെ കത്ത് പ്രകാരം വാട്ടർ അതോറിറ്റി അപേക്ഷ സമർപ്പിച്ചിരുന്നു. ഏകദേശം 86 കുടുംബങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹിരിക്കുന്നതിനുള്ള മേൽപ്രവൃത്തി പൂർത്തീകരണത്തിനുശേഷം കട്ടിംഗ് നടത്തുന്ന കോൺക്രീറ്റിംഗ്/ടാറിംഗ് പുനസ്ഥാപിച്ചു നൽകാമെന്നും അറിയിച്ചിരുന്നു. എന്നാൽ ഇത്തരത്തിൽ റോഡ് പുനസ്ഥാപിച്ചു നൽകുന്ന വ്യവസ്ഥ സ്വീകാര്യമല്ലാത്തതിനാൽ മേൽ പ്രവൃത്തിയ്ക്കായി 3365873.40രൂപയുടെ റീസ്റ്റൊറേഷനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിൽ സമർപ്പിച്ചു. 15.10.22 ലെ കൗൺസിൽ 35 ാം തീരുമാനപ്രകാരം തുക അടയ്ക്കുന്നതിന് കത്ത് നൽകാനും ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും സർക്കാർ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് നഗരസഭയ്ക്ക് വസ്തുനികുതി ഇനത്തിൽ ലഭിക്കാനുള്ള തുകയും വാട്ടർ ചാർജ്ജ് ഇനത്തിൽ നൽകാനുള്ള തുകയും തട്ടിക്കഴിച്ച് റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കുന്നതിനോ/ അഡ്ജസ്റ്റ് ചെയ്യുന്നതിനോ ബഹു.സർക്കാർ അനുമതിയ്ക്കായി കത്ത് നൽകാനുള്ള തീരുമാനം കേരളവാട്ടർ അതോറിട്ടി മാനേജിംഗ് ഡയറക്ടർ, എക്സി.എഞ്ചിനീയർ എന്നിവരെ അറിയിക്കുന്നതിന് തീരുമാനിച്ചു. അതനുസരിച്ച് വകുപ്പു ഡയറക്ടർക്കും വാട്ടർ അതോറിട്ടിയിലേക്കും നൽകാനുള്ള കത്തിന്റെ കരട്16.11.22 തീയതിയിൽ സെക്രട്ടറി ഒപ്പുവച്ചെങ്കിലും മേൽ കത്തുകൾ നൽകിയിട്ടില്ല. ആയതിനാൽ മേൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തി. 3.2.2023 ൽ എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി ഡിബി-24070/2022(Price Est) കത്ത് പ്രകാരം മേൽ പ്രവൃത്തി അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കേണ്ടതാണെന്നും നിരവധി തവണ അറിയിപ്പ് നൽകിയിട്ടും മേൽ പ്രവൃത്തിയ്ക്ക് അനുമതി നൽകാഞ്ഞതിനാൽ പ്രവൃത്തി റദ്ദുചെയ്യേണ്ട സാഹചര്യമാണുള്ളതെന്നും അറിയിച്ചു. ടി പ്രദേശത്തുള്ള പഴക്കം ചെന്ന എസി പൈപ്പിൽ ഉണ്ടാകുന്ന പൊട്ടലുകളും ലീക്കുകളും കാരണം ഉണ്ടാകുന്ന കുടിവേള്ള ക്ഷാമത്തിന് നഗരസഭ മാത്രമായിരിക്കും ഉത്തരവാദി എന്നും അറിയിച്ചു. മേൽ കത്തിൻമേലും തുടർ നടപടി കൈക്കൊണ്ടിട്ടില്ല. നഗരസഭയുടെ അനിവാര്യ ചുമതലയിൽപ്പെട്ട കുടിവെള്ള വിതരണത്തിനായുള്ള പദ്ധതിയുടെ നടത്തിപ്പിന് നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കാണുന്നു. അനുമതിയ്ക്കായി 19.8.2022 ൽ കേരള വാട്ടർ അതോറിറ്റി നൽകിയ കത്തിനോ വിഷയത്തിന്റെ ഗൗരവം ചൂണ്ടിക്കാട്ടി തുടർന്നു വന്ന അറിയിപ്പുകൾക്കോ നഗരസഭ രേഖാമൂലമായ മറുപടി നൽകിയതായി ഫയലിൽ കാണുന്നില്ല. മേൽ വിഷയത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാനും വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ വിവരം അറിയിക്കാനും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-30/11.11.2023 ) നിലവിലെ അവസ്ഥ ആരാഞ്ഞ് വാട്ടർ അതോറിട്ടിയ്ക്ക് കത്തു നൽകുന്നതാണെന്നും കുടിവെള്ളപ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമെന്നും മറുപടി ലഭ്യമാക്കി. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

## 1-34 വിതച്ച വിത്ത് എരണ്ടപക്ഷികൾ തിന്നതായി വിശദീകരണം, നെൽകൃഷി വികസന പദ്ധതിയിൽ സർക്കാർ മാർഗരേഖ ലംഘിച്ചു.

കൃഷി ഫീൽഡ് ഓഫീസർ നടപ്പാക്കിയ നഗരസഭയുടെ 198/23 പ്രോജക്ടിലാണ് മാർഗരേഖ ലംഘിച്ച് വികസന ഫണ്ട് ചെലവഴിച്ചത്. മീന്തലവയൽ, പുലരി, കവിയൂർ പുഞ്ച എന്നീ പാടശേഖരങ്ങളിലാണ് പ്രോജക്ട് നടപ്പാക്കിയത്. ഇതിൽ പുലരി പാടത്താണ് എരണ്ട ആക്രമിച്ചത്.

പ്രോജക്ടിന് 917776/- രൂപ ചെലവുണ്ട്. നഗരസഭയിലെ പാടശേഖരങ്ങളിൽ (മീന്തലവയൽ,പുലരി,കവിയൂർ പുഞ്ച) പാട്ടകൃഷി വ്യവസ്ഥയിൽ നെൽ കൃഷി നടത്തുകയായിരുന്നു പ്രോജക്ട് ലക്ഷ്യം. പാട്ടകർഷകർക്ക് സൗജന്യമായി വിത്തും പൂട്ട് കൂലിയും നല്കാനായിരുന്നു പ്രോജക്ട്.പ്രോജക്ടിന്റെ ചെലവ് അംഗീകരിക്കുന്നതിന് കൃഷി ഫീൽഡ് ഓഫീസർ ലഭ്യമാക്കിയ നിർവഹണ രേഖകൾ അപര്യപ്തമായിരുന്നു. വിശദീകരണവും കൂടുതൽ രേഖകളും ആവശ്യപെട്ട് കൃഷി ഫീൽഡ് ഓഫീസർക്ക് ഓഡിറ്റ് അന്വേഷണ(12/2022-23,12/10/2023)വും നല്കി. ഇതിന് ലഭിച്ച മറുപടിയും കൂടി

പരിഗണിച്ച് തയ്യാറാക്കിയ ഓഡിറ്റ് വിശകലനങ്ങൾ ചുവടെ ചേർക്കുന്നു.

എ)മാർഗരേഖ ലംഘിച്ചു

കൃഷി പ്രോജക്ടുകളിൽ സബ്സിഡി മാനദണ്ഡങ്ങൾ സർക്കാർ (സ.ഉ (കൈ) 115/2022തസ്വഭവ,28/05/2022-14ാം പദ്ധതി സബ്സിഡി മാർഗരേഖ) പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗരേഖയിലെ നിർദേശങ്ങൾ(ഖണ്ഡിക 6.1( 4),9A കാണുക.).

1)കൃഷിസ്ഥലത്തിന്റെ വിസ്തൃതി പരിധി പാട്ടകർഷകർക്കും ബാധകം.
2) സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തിന്റെ അളവും തുകയും തീരുമാനിക്കേണ്ടത്.
3) പാട്ടത്തിനെടുത്ത ഭൂമി കുടുംബാംഗങ്ങൾ, ബന്ധുക്കൾ എന്നിവരുടേതാകരുത്.
4)കൃഷി വകുപ്പ് ഫാമുകൾ, വികസന അതോറിറ്റി, വി.എഫ്.പി.സി.കെ വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ളിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നും ഗുണമേന്മ ഉറപ്പാക്കി യഥാർത്ഥ വിലനല്കി നെൽ വിത്ത് വാങ്ങാം.

മാർഗരേഖയിലെ ആദ്യ മൂന്ന് നിർദേശങ്ങളും ഉറപ്പാക്കുന്നതിന് കരംഅടച്ച രസീതും പാട്ടക്കരാറും നിലമുടമകളുമായി ചമച്ച കരാറും അവശ്യരേഖയാണ്. രേഖകൾ ഹാജരാക്കിയില്ല. ഇത് സബ്സിഡി മാർഗരേഖയുടെ ലംഘനമാണ്. പ്രോജക്ടിലെ മാർഗരേഖ ലംഘനം താഴെ വിവരിക്കുന്നു.

1) പദ്ധതിയിൽ പൂട്ടുകൂലിയും വിത്തിന്റെ വിലയും നല്കിയ കവിയൂർ പുഞ്ച കിഴക്കൻ മുത്തൂർ പാടശേഖരത്തിൽ 36കർഷകർ 64.176ഹെക്ടറിൽ കൃഷി നടത്തിയതായി കൃഷി ഫീൽഡ് ഓഫീസർ നല്കിയ പൂട്ടുകൂലി രേഖകളും വിള ഇൻഷ്വറൻസ് രേഖകളും തെളിയിക്കുന്നു. എന്നാൽ 64.176ഹെക്ടർ നിലത്തിന്റെ 22-23ൽ കരംഅടച്ച രസീത്, ഭൂഉടമകളുമായി ചമച്ച പാട്ടകരാർ എന്നിവ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. 36കർഷകരും പാടശേഖര സമിതി സെക്രട്ടറിയുമായി കരാർ ചമച്ചിട്ടുണ്ട്. കരാർ ചമക്കാൻ പാടശേഖര സമിതി സെക്രട്ടറിയെ നിലമുടമകൾ ചുമതലപ്പെടുത്തിയിട്ടില്ല. ഇവിടെ കൃഷി നടത്തിയ 36കർഷകരും ജിനു ആൻഡ്രൂസി (കാളിയോടം,നീലം പേരൂർ)ൽ നിന്നാണ് വിത്ത് വാങ്ങിയത്. ജിനുആൻഡ്രൂസിന് കൃഷി വകുപ്പിന്റെ അംഗീകാരം ഉണ്ടെന്ന് തെളിയിച്ചിട്ടില്ല. കൃഷി ഓഫീസർ നഗരസഭ ഫണ്ട് 248672/- രൂപ വിത്തിന്റെ വില നല്കി. സ്വകാര്യ വ്യക്തിയിൽ നിന്ന് വിത്ത് വാങ്ങാൻ മാർഗരേഖ അനുവദിക്കുന്നില്ല. വിത്ത് വാങ്ങലിൽ സുതാര്യതയില്ല.

2)പുലരിപാടത്ത് 5 കർഷകരാണ് കൃഷി നടത്തിയത്. ഇവരുടെ അപേക്ഷ,പാട്ടക്കരാർ, 22-23ലെ കരം അടച്ച രസീത് എന്നിവ ഓഡിറ്റിന് ലഭിച്ചില്ല.

സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 48 ക്രമനം.4ൽ പാട്ടകൃഷി സബ്സിഡി ലഭിക്കുന്നതിന് സ്ഥലം ഉടമ നൽകിയിട്ടുള്ള സാക്ഷ്യപത്രം, കൃഷി ചെയ്തിട്ടുണ്ടെന്നുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ നിർദേശിച്ചിട്ടുണ്ട്. ഈ രേഖകൾ കൂടാതെയാണ് പാടശേഖരങ്ങൾക്ക് ആനുകൂല്യം നല്കിയത്.

മാർഗരേഖ പാലിക്കാഞ്ഞതിന് നൽകിയ കൃഷി ഫീൽഡ് ഓഫീസറുടെ വിശദീകരണം ഓഡിറ്റിന് അംഗീകരിക്കാനാവില്ല. കാരണം മാർഗരേഖക്ക് ഇളവ് അനുവദിക്കാൻ സർക്കാരിന് മാത്രമാണ് അധികാരം.

ബി)വിത്ത് എരണ്ട തിന്നതായി വിശദീകരണം

വിതച്ച 1000 കിലോ വിത്തും എരണ്ടപക്ഷി തിന്നതായി കൃഷി ഫീൽഡ് ഓഫീസർ വിശദീകരിച്ചത് പുലരി പാടശേഖര ത്തിലാണ്. നഗരസഭയുടെ പ്രോജക്ടിലാണ് ഇത് സംഭവിച്ചത്.എന്നാൽ വിവരം നഗരസഭയെ രേഖാമൂലം അറിയിച്ചിട്ടില്ല. ഫോണിൽ ചെയർപേഴ്സണേയും സെക്രട്ടറിയേയും അറിയിച്ചെന്ന് മറുപടിയിൽ പറയുന്നു. കൃഷി ഫീൽഡ് ഓഫീസ് സർക്കാർ നഗരസഭക്ക് വിട്ട് നല്കിയതാണ്. ആ ഓഫീസിന്റെ മുഖ്യ പ്രവർത്തനമാണ് നെൽകൃഷി വികസനം. അതിൽ സംഭവിച്ച നാശം രേഖാമൂലം നഗരസഭയെ ഓഡിറ്റ് നടക്കുന്നത് വരെയും അറിയിച്ചില്ലെന്നത് ഗുരുതര ഭരണവീഴ്ചയാണ്. വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ കൗൺസിലിന്റെ ശ്രദ്ധക്ഷണിക്കുന്നു. തിരുവല്ല കൃഷി അസി.ഡയറക്ടറെ വിവരം അറിയിച്ച കത്തി(തീയതി 17.01.2023)ന്റെ ഫോട്ടോ കോപ്പി ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയോടൊപ്പം ഹാജരാക്കി(കത്തിൽ ഓഫീസ് നടപടി ക്രമം അനുസരിച്ച് നമ്പരില്ല.കത്ത് അയച്ചതിന്റെ രേഖയില്ല). ഇതിൻമേൽ കൃഷി അസി.ഡയറക്ടർ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കിയിട്ടില്ല. പുലരി പാടത്ത് വിത്ത് വിതച്ച അതേ സമയത്ത് തന്നെ സമീപത്തെ മീന്തലവയൽ പാടത്ത് 2500കിലോ വിത്ത് വിതച്ചിരുന്നു. പുലരി പാടത്ത് 25 ഏക്കറിലായിരുന്നു വിത്ത് വിതച്ചത്. മുഴുവൻ എരണ്ട തിന്നതായാണ് കൃഷി ഫീൽഡ് ഓഫീസറുടെ വിശദീകരണം. അത് വാർത്തയാകു മായിരുന്നു. വാർത്തകൾ വന്നതായി തെളിവില്ല. എരണ്ട തിന്നു കൃഷി നശിച്ചതിനാൽ വിളഇൻഷ്വറൻസ് എടുത്തില്ലെന്ന് മറുപടിയിൽ അറിയിച്ചു. പാടശേഖര സെക്രട്ടറി 5 കർഷകർക്ക് 200കിലോ വിത്ത് വീതം വിതരണം ചെയ്ത പത്രിക കൃഷി ഓഫീസർ മറുപടിയോടൊപ്പം ഹാജരാക്കി. പത്രിക ശരിയാണെന്ന് കൃഷി ഓഫീസർ സാക്ഷ്യപെട്ടിട്ടില്ല. അതിനാൽ പത്രിക ആധികാരിക രേഖയായി അംഗീകരിക്കാനാവില്ല.

പുലരി പാടശേഖര സമിതി സെക്രട്ടറിക്ക് നല്കിയ 1000കിലോ വിത്തിന്റെ വില 38750രൂപ കൃഷി ഫീൽഡ് ഓഫീസർ പെരിങ്ങര സർവീസ് സഹകരണ ബാങ്കിന് നല്കിയിട്ടുണ്ട്. വിത്ത് എരണ്ട തിന്നതിനാൽ തുക പാഴായി. കൃഷി

ഓഫീസറുടെ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. കൃഷി നശിച്ചത് അംഗീകരിച്ചുകൊണ്ടുള്ള കൗൺസിൽ തീരുമാനം ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയിൽ കൗൺസിൽ തീരുമാനം ലഭ്യമായാൽ ചെലവ് 38750രൂപ ഓഡിറ്റിൽ അനുവദിക്കുന്നതാണ്.തീരുമാനം ഇല്ലെങ്കിൽ 38750രൂപ ഓഡിറ്റിൽ നിരാകരിക്കുന്നതാണ്.

സി)വിത്ത് കൈപ്പറ്റിയവർ കൃഷി നടത്തിയില്ല

പ്രോജക്ടിൽ പെരിങ്ങര സർവീസ് സഹകരണ ബാങ്കിൽ നിന്നും പെർമിറ്റിൽ 500 കിലോ വിത്ത് ഗിരീഷ്,സുശീല,സ്വപ്ന എന്നിവർക്ക് കൃഷി ഫീൽഡ് ഓഫീസർ നല്കിയിരുന്നു. ഇവരുടെ അർഹത, ഏത് പാടശേഖരത്തിൽ കൃഷി നടത്തി എന്നിവ തെളിയിക്കുന്ന രേഖകൾ കൃഷി ഫീൽഡ് ഓഫീസർ ഓഡിറ്റിന് നല്കിയിരുന്നില്ല. ഇവരുടെ അപേക്ഷ, പാട്ടക്കരാർ, ഇവർ കൃഷി നടത്തിയ പാടത്തിന്റെ 22-23ലെ കരം അടച്ച രസീത്, വിള ഇൻഷ്വറൻസ് പോളിസി, സിവിൽ സപ്ളൈസ് കോർപ്പറേഷന് നെല്ല് അളന്നിട്ടുണ്ടെങ്കിൽ അതിന്റെ രേഖ എന്നിവ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടു. രേഖകൾ കൃഷി ഫീൽഡ് ഓഫീസർ ഹാജരാക്കിയില്ല. വിശദീകരണവുമില്ല. ആവശ്യപെട്ട രേഖകൾ ഇല്ലാ ത്തതിനാൽ കൃഷി ഫീൽഡ് ഓഫീസറിൽ നിന്ന് വിത്ത് കൈപ്പറ്റിയ ഈ മൂന്ന് പേർ ആരെന്ന് വ്യക്തമല്ല. അവർ കൃഷി നടത്തിയതിനും തെളിവില്ല. അതിനാൽ നല്കിയ വിത്തിന്റെ വില 19375രൂപ ഇവരിൽ നിന്ന് ഈടാക്കണം. ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയിൽ ഇത് ഈടാക്കിയ രേഖ ഹാജരാക്കേണ്ടതാണ്. 19375രൂപ ഈടാക്കിയ വിവരം ലഭ്യമായില്ലെങ്കിൽ തുക കൃഷി ഫീൽ ഓഫീസറുടെ ബാധ്യതയായി കണക്കാക്കുന്നതായിരിക്കും.

സബ്സിഡി മാർഗരേഖ നിർദേശിക്കുന്ന രേഖകൾ ഇല്ലാത്തതിനാലും പ്രോജക്റ്റ് ലക്ഷ്യം നേടിയതായി തെളിക്കുന്ന കൃഷി വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ലാത്തതിനാലും മുകളിൽ വിവരിച്ച ഓഡിറ്റ് വിശകലനങ്ങളുടേയും അടിസ്ഥാനത്തിൽ ആകെ പ്രോജക്റ്റ് ചെലവ് 917776രൂപ തടസപ്പെടുത്തുന്നു. കൂടുതൽ അന്വേഷണം ഉൾപ്പെടെ നടത്തി പ്രോജക്ടിന്റെ ലക്ഷ്യം നേടിയതായും ക്രമക്കേടുകൾ സംഭവിച്ചില്ലെന്നും നഗരസഭ ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. വിഷയം കൗൺസിലിന്റെ ശ്രദ്ധക്ക് സമർപ്പിക്കുന്നു.

*പ്രോജക്റ്റ് ചെലവ് 917776 രൂപയുടെ വിവരണം.*

1)ബിൽ റഫറൻസ് നമ്പർ 22050747000901404930/20.03.2023-248672രൂപ.(36കർഷകർക്ക് വിത്തിന്റെ വില നല്കിയത്.)

2) ബിൽ റഫറൻസ് നമ്പർ 22050747000901404938/20.03.2023-385056രൂപ( 36 കർഷകർക്ക് ഹെക്ടറിന് 6000രൂപ നിരക്കിൽ പൂട്ട് കൂലി നല്കിയത്.)

3)ബിൽ റഫറൻസ് നമ്പർ 22050747000901097716/27.01.2023 -155000രൂപ

4)ബിൽ റഫറൻസ് നമ്പർ 22050747000901353839/15.03.2023 -129048രൂപ

## 1-35 യൂണിറ്റ് കോസ്റ്റ് ബാധകമാക്കിയില്ല,വാഴവിത്തിന് അധിക വില നൽകി

കൃഷി ഫീൽഡ് ഓഫീസറുടെ "ഞങ്ങളും കൃഷിയിലേക്ക് -വാഴവിത്ത് വിതരണം" പ്രോജ(നം.301/23)ലാണ് ജില്ലാതല യൂണിറ്റ് കോസ്റ്റ് ബാധകമാക്കാതെ ഏത്തവാഴവിത്തിന് അധികവില നല്കി നഗരസഭഫണ്ടിന് 9480/- രൂപയുടെ നഷ്ടം വരുത്തിയത് *(കൂടുതൽ വിവരങ്ങൾക്ക് ഭാഗം 3-1 കാണുക).*

## 1-36 യൂണിറ്റ് കോസ്റ്റ് അവഗണിച്ചു,ഫലവൃക്ഷതൈകൾക്ക് അധിക വില നല്കി

കൃഷി ഓഫീസറുടെ "ഞങ്ങളും കൃഷിയിലേക്ക്-ഫലവൃക്ഷതൈ വിതരണം" പ്രോജക്ടിലാണ് (നം. 302/23) അധിക വില നല്കിയത്. 60125/- രൂപയാണ് അധിക വില നല്കിയത്. ജില്ലാതല യൂണിറ്റ് കോസ്റ്റ് അവഗണിച്ച് കൃഷി ഓഫീസർ സ്വന്തം നിലക്ക് യൂണിറ്റ് കോസ്റ്റ് നിർണയിച്ചതാണ് നഷ്ടത്തിന് കാരണം. 185 ഗുണഭോക്താക്കൾക്ക് ഒരു യൂണിറ്റ് വീതം ഫലവൃക്ഷതൈ വിതരണം ചെയ്യാനായിരുന്നു പ്രോജക്റ്റ്. ജാക്ക് ഫ്രൂട്ട് ബഡ്,മാംഗോ ബഡ്,പേര ലയർ എന്നിവയുടെ ഓരോ തൈകളാണ് ഒരു യൂണിറ്റ്. 75% സബ്സിഡിയിലാണ് വിതരണം ചെയ്തത്.പത്തനംതിട്ട ജില്ലാകളക്റ്ററുടെ ജില്ലാതല യൂണിറ്റ് കോസ്റ്റ് ഉത്തരവിൽ (ആർ.ഓ-601/2022/ഡി.പി.സി/ഡി.പി.ഒ/പി.റ്റി.എ,21.06.2022) കൃഷി ഓഫീസർ വിതരണം ചെയ്ത മൂന്ന് തൈകളുടേയും വില നിർണയിച്ചിരുന്നു. മാവ് (ഗ്രാഫ്റ്റ്-പോളിബാഗ്)-75 രൂപ, പ്ളാവ്(ഗ്രാഫ്റ്റ്)-75 രൂപ. പ്ളാവ്(ലാർജ്പോട്ട്)-150രൂപ, പേര(ലയർ)-50 രൂപ എന്നിങ്ങനെയായിരുന്നു ഉത്തരവിലെ ജില്ലാതല യൂണിറ്റ് കോസ്റ്റ്. ഉത്തരവിലെ ഈ ഇനത്തിലുള്ള തൈകളുടെ കൂടിയ വില അടിസ്ഥാനമാക്കി കണക്കാക്കിയാൽ കൃഷി ഓഫീസർ വിതരണം ചെയ്ത് ഫലവൃക്ഷതൈ ഒരു യൂണിറ്റിന്റെ കൂടിയ വില 275 രൂപയാണ് (മാവ്-75+പ്ലാവ് -ലാർജ് പോട്ട്-150+പേര്-50). എന്നാൽ യൂണിറ്റ് കോസ്റ്റ് 600/- രൂപയായി നിർണ്ണയിച്ച് അധികചെലവ് വരുത്തി. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. *(വിശദവിവരങ്ങൾ ഭാഗം 3 ഖണ്ഡിക 3-2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.)*

## 1-37 നഗരസഭയിലെ മാലിന്യ സംസ്കരണം- രേഖകൾ ലഭ്യമാക്കിയില്ല

മാലിന്യനീക്കം എന്ന അനിവാര്യ ചുമതല ക്രിസ് ഗ്ലോബൽ എന്ന സ്വകാര്യ സ്ഥാപനത്തിന് നഗരസഭ കൈമാറിയിട്ടുണ്ട്. മാലിന്യ ശേഖരണം, സംസ്കരണം എന്നിവ സ്വകാര്യ സ്ഥാപനത്തിന് ഏല്പിച്ച് നൽകിയതിലെ അപാകതകൾ 2021-22 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-58 ആയി ചൂണ്ടിക്കാട്ടിയിരുന്നു. നിലവിലും മേൽ സ്ഥാപനം, കൈമാറിയ ചുമതല ശരിയായി നടത്തുന്നുണ്ടോ എന്നത് നഗരസഭ വിലയിരുത്തിയതിന് രേഖകളില്ല. മാലിന്യം സംഭരിക്കുന്നതിനും തരംതിരിക്കുന്നതിനും നഗരസഭ എം.സി.എഫ് നാമമാത്രവാടകക്ക് കൈമാറിയിട്ടുണ്ട്. ഇത് ഉപയോഗിക്കുന്നതിന് സ്ഥാപനവുമായുള്ള കരാർ പ്രകാരം 2022-23 വർഷം നഗരസഭയിൽ ഒടുക്കേണ്ടതായ 25000/- രൂപ ഒടുക്കിയോ എന്നത് ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഫയൽ, റിപ്പോർട്ടുകൾ ഇവ ഓഡിറ്റ് റിക്വിസിഷൻ (റിക്വിസിഷൻ നം.22/12.12.23) മുഖേന ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ചിട്ടുണ്ടോ എന്നും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ക്രിസ് ഗ്ലോബൽ 2022-23 സാമ്പത്തികവർഷം നഗരത്തിൽ നിന്നും സംഭരിച്ച് സംസ്കരിച്ച മാലിന്യത്തിന്റെ അളവ്, സംഭരണം,സംസ്കരണം ഇവ നഗരസഭ പരിശോധിച്ച് ഉറപ്പാക്കുന്നതിന് രേഖകളില്ല. ക്രിസ് ഗ്ലോബൽ തരംതിരിച്ച മാലിന്യത്തിന്റെ അളവ് വ്യക്തമാക്കുന്ന രേഖകൾ, മാലിന്യം ക്ളീൻ കേരള കമ്പനിക്ക് കൈമാറുന്നോ എന്ന വിവരം, അജൈവമാലിന്യങ്ങളിൽ പുനർസംസ്കരിക്കാനാവാത്തവ എങ്ങനെ കയ്യൊഴിയുന്നു തുടങ്ങിയ വസ്തുതകൾ രേഖകളുടെ അഭാവത്തിൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മാലിന്യം സംഭരിക്കുന്നതിൽ മാത്രം നഗരസഭയുടെ അനിവാര്യചുമതല തീരുന്നില്ല. അവ പരിസ്ഥിതിയ്ക്ക് ദോഷമില്ലാതെ കയ്യൊഴിയുന്നതും നഗരസഭയുടെ ഉത്തരവാദിത്വമാണ്. നിലവിൽ നഗരസഭാ സ്റ്റേഡിയത്തിന് സമീപമുള്ള സ്ഥലത്താണ് മാലിന്യം ശേഖരിച്ച് തരംതിരിക്കുന്നത്. ശാസ്ത്രീയമായ സംസ്കരണം ഉറപ്പുവരുത്തുന്നതിൽ വരുത്തുന്ന വീഴ്ചകൾ ഗുരുതര പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾക്കും കാരണമായേക്കാവുന്ന സാധ്യതകൾ കണക്കിലെടുത്ത് ഈ വിഷയത്തിൽ ഭരണവകുപ്പിന്റെ മോണിട്ടറിംഗും ഇടപെടീലുകളും ഉണ്ടാകേണ്ടതാണ്.



*നഗരസഭാ സ്റ്റേഡിയത്തിന് സമീപമുള്ള നഗരസഭയുടെ മാലിന്യശേഖരണം*

## 1-38 ഇൻഫർമേഷൻ കേരള മിഷനിൽ (ഐകെഎം) ഒരു ലക്ഷം രൂപ നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും നഗരസഭക്ക് ആസ്തി രജിസ്റ്റർ ഇല്ല.

2020-ലെ പ്രോജക്റ്റിലാണ് (583/20) 100000/- രൂപ ഐകെഎമ്മിൽ നഗരസഭ നിക്ഷേപിച്ചത്. ശേഷം നഗരസഭ തുടർനടപടികൾ സ്വീകരിച്ചില്ല. ഒരു ലക്ഷം നിക്ഷേപിച്ച ശേഷം 2020-21, 2021-22, 2022-23 മൂന്ന് പദ്ധതി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രോജക്ട് പൂർത്തിയാക്കി അസറ്റ് രജിസ്റ്റർ തയ്യാറാക്കിയില്ല. അസറ്റ് രജിസ്റ്റർ തയ്യാറാക്കുന്നതിന് 531297/- രൂപയാണ് ഐകെഎം ചെലവ് കണക്കാക്കിയത്. തുകമുഴുവൻ നല്കാഞ്ഞതിനാലാണ് പ്രോജക്ട് പൂർത്തിയാക്കാഞ്ഞത്. ഐകെഎം ആസ്തിരജിസ്റ്റർ തയ്യാറാക്കില്ലെന്ന് വ്യക്തമായിട്ടും നല്കിയ ഒരു ലക്ഷം നഗരസഭ തിരികെ വാങ്ങിയിട്ടില്ല. തുക

അടിയന്തരമായി തിരികെ വാങ്ങി വിവരം അറിയിക്കേണ്ടതാണ്.(ഫയൽ I P-4705/22 അടിസ്ഥാനമാക്കിയാണ് ഖണ്ഡിക തയ്യാറാക്കിയത്.) മേൽ വിഷയത്തിൻമേൽ വിശദീകരണം തേടി സെക്രട്ടറിക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (9/16.10.2023) മറുപടി ലഭിച്ചില്ല. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ നഗരസഭ ഗുരുതരമായ വീഴ്ച തുടരുന്നുണ്ട്. നഗരത്തിൽ കോടികൾ വിലയുള്ള നിരവധി വസ്തുക്കൾ നഗരസഭക്കുണ്ട്. ഇവ കയ്യേറ്റ ഭീഷണിയിലാണ്. ഈ വസ്തുത നിലനില്ക്കെ ആസ്തിരജിസ്റ്റർ തയ്യാറാക്കി നഗരസഭയുടെ വസ്തുക്കളുടെ ഉടമസ്ഥത ആധികാരികമാക്കേണ്ടതുണ്ട്. കയ്യേറ്റവുമായി ബന്ധപ്പെട്ട നിയമവ്യവഹാരങ്ങൾ നഗരസഭക്ക് അനുകൂലമാക്കുന്നതിനും ആസ്തിരജിസ്റ്റർ അത്യാവശ്യമാണ്. അതിനാൽ അടിയന്തര പ്രാധാന്യം നല്കി സമയബന്ധിതമായി ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് കൗൺസിലിന്റേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധക്ഷണിക്കുന്നു.

ആസ്തി രജിസ്റ്ററുമായി ബന്ധപ്പട്ട താഴെ വിവരിക്കുന്ന വിഷയങ്ങളിലേക്കും കൗൺസിലിന്റേയും ധനകാര്യ സ്ഥിരം സമിതിയുടേയും ശ്രദ്ധക്ഷണിക്കുന്നു.

1)*സംരക്ഷണ ഗ്രാന്റ് നഷ്ടപ്പെടാം*

നഗരസഭയുടെ ആസ്തികൾ, അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി സർക്കാർ കൈമാറ്റം ചെയ്ത വിവിധ വകുപ്പുകളുടെ ആസ്തികൾ ഉൾപ്പെടെ വ്യക്തമാക്കുന്ന ആധികാരിക രേഖയാണ് ആസ്തിരജിസ്റ്റർ. സംരക്ഷണ ഗ്രാന്റ് നല്കുന്നതിന് സംസ്ഥാന ധനകാര്യകമ്മീഷൻ ആസ്തികൾ മാനദണ്ഡമാക്കിയിട്ടുണ്ട്. ആസ്തി രജിസ്റ്ററില്ലാത്തതിനാൽ സംരക്ഷണ ഗ്രാന്റ് നഷ്ടപ്പെട്ടുവാനുള്ള/കുറവ് വരുത്താനുള്ള സാദ്ധ്യതയും നിലനില്ക്കുന്നു. 2022-23-ൽ സംരക്ഷണ ഗ്രാന്റ് ഇക്കാരണത്താൽ നഷ്ടപ്പെട്ടിട്ടില്ലെന്ന് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

2)*പ്രോജക്ടുകൾ നടപ്പാക്കാതെ സർക്കാർ ഫണ്ട് നഷ്ടപ്പെടുത്തുന്നു*

2022-23 സാമ്പത്തിക വർഷം ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് സെക്രട്ടറി വികസന ഫണ്ട് പൊതുവിഹിതം 432000/- രൂപ വകയിരുത്തി പ്രോജക്ട് അംഗീകരിച്ചിരുന്നു.(പ്രോ.40/23).ഇത് നടപ്പാക്കിയില്ല. മറ്റ് പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചിട്ടുമില്ല. അതിനാൽ 432000/- രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തി. മുൻ വർഷങ്ങളിലും പ്രോജക്ടിന് തുക വകയിരുത്തി ചെലവഴിക്കാതെ നഷ്ടപ്പെടുത്തുന്ന സമീപനമായിരുന്നു ആസ്തി രജിസ്റ്ററിന്റെ കാര്യത്തിൽ.

3)*ആസ്തി മൂല്യം കുറച്ച് കാണിക്കുന്നു*

വാർഷികകണക്കിൽ നഗരസഭയുടെ വസ്തുക്കളുടെ മൂല്യമായി കുറഞ്ഞ തുക കാണിച്ചിരിക്കുന്നു. 2023 മാർച്ച് 31-ലെ ബാലൻസ് ഷീറ്റ് 410100100 ശീർഷകം അനുസരിച്ച് ഭൂമിയുടെ മൂല്യം കാണിച്ചിരിക്കുന്നത് 1069235/- രൂപ. ഇത് കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമല്ല. സ്ഥലവിലനിർണയ സാക്ഷ്യപത്രം അടിസ്ഥാനമാക്കിയല്ല. ആസ്തിമൂല്യം കുറച്ച് കാണിച്ചിരിക്കുന്നത് തിരുത്തപ്പെടേണ്ടതാണ്.

## 1-39 എസ്.സി വിദ്യാർത്ഥികൾക്കു പഠനമുറി തയ്യാറാക്കൽ - നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ - തുടർ നടപടികൾ സ്വീകരിക്കണം

പ്രോജക്ട് നം. 282/22-23 , 23/22-23 , 24/22-23

എസ്.സി വിദ്യാർത്ഥികൾക്കു പഠനമുറി തയ്യാറാക്കുന്നതിനു സാമ്പത്തിക സഹായം നൽകുന്നതുമായി ബന്ധപ്പെട്ട് രണ്ടു സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെ 3 പദ്ധതികൾ പട്ടികജാതി വികസന ഓഫീസർ 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്. ഒരു ഗുണഭോക്താവിനു 2 ലക്ഷം രൂപയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആദ്യ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതു വരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്തവിന്റെ വിവരം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ബിന്ദു അരുൺ,<br>പുളിമൂട്ടിൽപറമ്പിൽ ,ഞക്കുവള്ളി | 50000 |
| 2 | സുദർശന കുമാർ,<br>വെളുത്തേടം പറമ്പിൽ,മുത്തൂർ | 125000 |
| 3 | ജിജീഷ് കുമാർ,<br>വാലു പറമ്പിൽ,കറ്റോട് | 50000 |
| 4 | കൃഷ്ണൻകുട്ടി,<br>മാമ്മൂട്ടിൽ മലയിൽ ,മഞ്ഞാടി | 125000 |
| 5 | അനിൽ കുമാർ എം.കെ,<br>കോട്ടാലിൽ,ചുമത്ര | 125000 |

| | | |
|---|---|---|
| 6 | ജയേഷ് കുമാർ,<br>കറുകകുന്നിൽ,ചാത്തമല | 125000 |

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ /സ്വീകരിച്ച നടപടി എന്നിവ ആരാഞ്ഞ് നൽകിയ ഓഡിറ്റ്അന്വേഷണത്തിന് (നം.15/22-23/21.10.2023), ക്രമനം(1) ൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താവ് പഠനമുറിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ തുക തിരിച്ചടയ്ക്കുന്നതിനു കത്തു നൽകിയെന്നും , ശേഷിക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ക്രമനം(1) ൽ പരാമർശിച്ച ഗുണഭോക്താവിൽ നിന്നും 50000/- രൂപ തിരികെ ഈടാക്കിയ വിവരം റിപ്പോർട്ട് ചെയ്യേണ്ടതും , മറ്റുള്ള ഗുണഭോക്താക്കളെ കൊണ്ട് നിർമ്മാണം പൂർത്തീകരിപ്പിച്ച് ശേഷിക്കുന്ന ധനസഹായം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-40 ദുരന്തനിവാരണത്തിന്റെ പേരിൽ നഗരസഭ നടപ്പാക്കിയ ബയോടോയിലറ്റ് പദ്ധതി(പ്രോ.211/23) ഉപയോഗപ്രദമായില്ല.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് 721654/- രൂപ ചെലവഴിച്ചാണ് 6 ബയോ സെപ്റ്റിക് ടാങ്ക്, 2 വലിയ പോർട്ടബിൾ ടോയിലറ്റ് ക്യാബിൻ,10 ചെറിയ പോർട്ടബിൽ ടോയിലറ്റ് ക്യാബിൻ എന്നിവ പ്രോജക്ട് ഓഫീസർ, ദാരിദ്രലഘൂകരണവിഭാഗം നടപ്പാക്കിയ പ്രോജക്ടിലൂടെ അടിയന്തര ദുരന്തഭീഷണികൾ നേരിടുന്നതിന് വാങ്ങിയത്. ഇത്തരം പ്രോജക്ട് നടപ്പാക്കാൻ ജില്ല ദുരന്തനിവാരണ അതോറിറ്റിയുടെ അടിയന്തര നിർദേശം ഉണ്ടായതായി ഫയലിൽ കാണുന്നില്ല. സർക്കാരിന്റെ അടിയന്തര നിർദേശമോ മുൻഗണനാ ക്രമത്തിൽ നടപ്പാക്കേണ്ട പ്രോജക്ടാണിതെന്ന് തെളിയിക്കുന്ന രേഖകളോ അടിയന്തര ദുരന്തഭീഷണികൾ ഇല്ലാതിരിക്കെ പദ്ധതിയുടെ പേരിൽ 7.22ലക്ഷം ചെലവഴിച്ചതിന് വിശദീകരണമോ ഇല്ല. പദ്ധതിയിൽ വാങ്ങിയ ടോയിലറ്റുകൾ എവിടെയെങ്കിലും സ്ഥാപിച്ചതിനോ ജനങ്ങൾക്ക് ഉപയോഗിക്കാൻ സജ്ജമാ ക്കിയതിനോ തെളിവില്ല. നഗരത്തിൽ വഴിയോര ടോയിലറ്റുകളില്ല. ടേക്ക് എ ബ്രേക്ക് പദ്ധതിക്ക് ലക്ഷങ്ങൾ ചെലവഴിച്ചെങ്കിലും പദ്ധതി ലക്ഷ്യം കണ്ടില്ല. പദ്ധതിയിൽ വാങ്ങിയ ടോയിലറ്റുകൾ എടുത്തുമാറ്റാവുന്നതാണ്. വരാനിരിക്കുന്ന ദുരന്തത്തിന് കാത്തിരിക്കാതെ വഴിയോരങ്ങളിൽ ഇവ സ്ഥാപിച്ച് ജനോപകാരപ്രദമാക്കാമായിരുന്നു. യൂസർ ഫീ ഏർപ്പെടുത്തി പരിപാലന ശുചീകരണ ചെലവ് കണ്ടെത്താമായിരുന്നു. അതിനും തീരുമാനമില്ല. 2023-ലെ നഗരസഭയുടെ ശബരിമല ഇടത്താവളത്തിലും ഇവ ഉപയോഗിക്കാമായിരുന്നു. ഇവ ഉപയോഗിക്കാതെ ഇടത്താവളത്തിൽ ലക്ഷങ്ങൾ ചെലവഴിച്ച് താല്ക്കാലിക ശൗചാലയങ്ങൾക്ക് നഗരസഭ കരാർ നല്കുകയായിരുന്നു. 2023 മാർച്ച് 27-നാണ് ഇ-ടെണ്ടർ വഴി ഏറ്റുമാനൂർ ഇന്ത്യൻ സെൻട്രിഫ്യൂജ് എഞ്ചിനിയറിംഗ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന് ഇവ വാങ്ങിയത്(സ്ഥാപനത്തിന്റെ 27/03/23-ലെ ടാക്സ് ഇൻവോയിസ് അനുസരിച്ച് ആകെ തുക 721654/- രൂപ. 29/03/2023-ലെ ട്രഷറി ബില് ആകെ ചെലവ് 721654/- രൂപ, സപ്ളൈർ- 636032/- രൂപ.).

പ്രോജക്ടിലെ അപാകങ്ങൾ:

1.ബയോടോയിലറ്റിന്റെ ശുചിത്വമിഷൻ അംഗീകരിച്ച സ്പെസിഫിക്കേഷൻ വില എന്നിവയുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.അതിനാൽ ടോയിലറ്റിന് നഗരസഭ അമിതവില നല്കിയിട്ടി ല്ലെന്ന് ഉറപ്പാക്കാനാവുന്നില്ല.

2.വാങ്ങിയ ബയോടോയിലറ്റ് നഗരസഭയുടെ സ്റ്റോക്കിൽ ചേർത്തിട്ടില്ല.ഇത് കേരള ഫിനാഷ്യൽ കോഡിന്റെ ലംഘനമാണ്.

3.വാങ്ങിയ ടാങ്കും ക്യാബിനും സ്ഥാപിച്ച് ഉപയോഗിക്കുന്നില്ല.ഇവ സ്ഥാപിക്കുന്നതിന് സ്ഥലങ്ങൾ കൗൺസിൽ അംഗീകരിച്ചിട്ടില്ല.സ്ഥാപിക്കാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല. ടാങ്കും ക്യാബിനും നഗരസഭയുടെ സുരക്ഷിത സൂക്ഷിപ്പിലാണെന്ന് തെളിയിക്കുന്ന രേഖകളുമില്ല.

4.ഒരു ബയോടോയിലറ്റ് ക്യാബിനും,ടാങ്കും നഗരസഭ ഓഫീസിന് മുന്നിലെ വാഹന ഷെഡിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കുറെ നാൾ കിടന്നിരുന്നു. ഓഡിറ്റ് അന്വേഷണം കൈപ്പറ്റി അധികം കഴിയും മുമ്പ് അത് അവിടെ നിന്നും മാറ്റി.മുൻഗണന ക്രമത്തിൽ നടപ്പാക്കേണ്ട പദ്ധതിയായിരുന്നില്ല ഇതെന്ന് വ്യക്തമാക്കുന്നതാണിത്.

5.ടോയിലറ്റ് പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി,വെള്ളം എന്നിവ ആവശ്യമാണ്. ഇവയുടെ കണക്ഷൻ എടുത്തതിന്റെ രേഖയില്ല. പ്രവർത്തന ചെലവിന്റെ കണക്കുകളില്ല.

ബയോടോയിലറ്റുകളുടെ ശുചീകരണം ഉൾപ്പെടെ പരിപാലനം ആർക്കാണെന്ന് വ്യക്തമാക്കുന്ന രേഖകളില്ല.പരിപാലന ചെലവിന്റെ കണക്കില്ല.

6.പ്രോജക്ട് പൊതുസമൂഹത്തിന് പ്രോയോജനപെട്ടു എന്ന് വ്യക്തമാക്കുന്ന വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് റിപ്പോർട്ടില്ല.

7.സപ്ളൈറുടെ ഇൻവോയിസ് അനുസരിച്ച് സ്ഥാപനചെലവ് ഉൾപ്പെടെയാണ് ആകെ വില. സ്ഥാപന ചെലവ് എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല. സ്ഥാപിക്കാത്തതിനാൽ സ്ഥാപന ചെലവ് തിരികെ ഈടാക്കേണ്ടതാണ്.

റിട്ടൻഷൻ തിരികെ നല്കുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്.

നഗരസഭയുടെ ദാരിദ്ര്യ ലഘൂകരണ സെൽ പ്രോജക്ട് ഓഫീസർക്ക് മേൽ വിഷയം ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണം (10/22-23,06/10/2023) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. മറുപടി ലഭിക്കാത്തതിനാലാണ് അന്വേഷണത്തിൽ ആവശ്യപ്പെട്ട വിശദീകരണങ്ങളും രേഖകളും ഇല്ലെന്ന് നിഗമനത്തിൽ ഖണ്ഡിക തയ്യാറാക്കി ഉൾപ്പെടുത്തിയത്. സർക്കാർ ഫണ്ട് ചെലവഴിക്കുന്നതിന് വേണ്ടി മാത്രമാണ് ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുന്നതെന്ന് മുകളിലെ ഓഡിറ്റ് വിശകലനങ്ങൾ തെളിയിക്കുന്നു. അതിനാൽ ആകെ ചെലവ് 721654/- രൂപ തടസപ്പെടുത്തുന്നു. പ്രോജക്ട് ജനോപകാര പ്രദമാക്കിയതായുള്ള കൗൺസിൽ തീരുമാനം ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കാവുന്നതാണ്.

*അധിക വിവരങ്ങൾ*:

ഫയൽ H6-25271/22 , അടങ്കൽ 750000/- (ധനകാര്യകമ്മീഷൻ), നിർവഹണം-പ്രോജക്ട് ഓഫീസർ,ദാരിദ്ര്യ ലഘൂകരണ സെൽ.

## 1-41 NULM-അർബൻ പോവർട്ടി റിഡക്ഷൻ പ്ലാൻ- ഈസ്റ്റ് സി.ഡി.എസ് ന്റെ പ്രവർത്തനം- നടത്തിയില്ല

നഗര പ്രദേശത്തെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലൂടെ തയ്യാറാക്കുന്ന കർമ്മ പദ്ധതിയായ അർബൻ പോവർട്ടി റിഡക്ഷൻ പ്ലാൻ ദാരിദ്ര്യ ലഘൂകരണ പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നഗരപ്രദേശത്തെ സാധാരണക്കാരുടെ ആവശ്യങ്ങൾ മനസ്സിലാക്കികൊണ്ട് അയൽക്കൂട്ടതലത്തിൽ തയ്യാറാക്കുന്ന കർമ്മപദ്ധതികൾ എ.ഡി.എസ് തലത്തിൽ ക്രോഡീകരിച്ച് എ.ഡി.എസ് തല കർമ്മ പദ്ധതിയും എ.ഡി.എസ് തല കർമ്മ പദ്ധതികൾ ക്രോഡീകരിച്ച് സി.ഡി.എസ്, നഗരസഭാതല കർമ്മ പദ്ധതിയും തയ്യാറാക്കാൻ സ്വീകരിക്കേണ്ട നടപടിക്രമങ്ങളും പ്രവർത്തന കലണ്ടറും മേൽ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിരുന്നു. സി.ഡി.എസ് തലത്തിൽ ക്രോഡീകരിക്കുന്ന പദ്ധതി , വിലയിരുത്തൽ സമിതി പരിശോധിച്ച് നഗരസഭയ്ക്ക് കൈമാറാനും ഉദ്ദേശിച്ചിരുന്നു. ഈ പ്രവർത്തനങ്ങൾക്കായി തിരുവല്ല നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈസ്റ്റ് സി.ഡി.എസിന് 42870/- രൂപയും വെസ്റ്റ് സി.ഡി.എസിന് 39385/ രൂപയും 2022-23 വർഷം(25.10.22) നൽകി. എന്നാൽ വെസ്റ്റ് സി.ഡി.എസ് മാത്രമാണ് നിർദ്ദിഷ്ട വർഷം പ്ലാൻ തയ്യാറാക്കി ചെയർപേഴ്സണിന് സമർപ്പിച്ചിരുന്നത്. ഈസ്റ്റ് സി.ഡി.എസ് 2022-23 വർഷംമേൽ പ്രവർത്തനം നടത്തി പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ദാരിദ്രലഘൂകരണത്തിന് ഉതകുംവിധമുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും അത് സമൂഹത്തിലെ അർഹതപ്പെട്ടവരിൽ എത്തിക്കുന്നതിനും സഹായകരമാകുന്ന പ്രവർത്തനങ്ങളിൽ നിന്ന് മേൽ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം വിട്ടുനിന്നതിനുള്ള കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-56/13.12.2023) മെമ്പർ സെക്രട്ടറി നൽകിയ മറുപടിയിൽ സി.ഡി.എസിന്റെ ആഭ്യന്തര പ്രശ്നങ്ങൾ മൂലം ഭരണസമിതി യോഗങ്ങൾ സി.ഡി.എസ് അംഗങ്ങൾ ബഹിഷ്കരിച്ച് പോകുകയും ആയതിനാൽ യോഗങ്ങൾ വിളിച്ചുകൂട്ടി അയൽക്കൂട്ടതല ക്രോഡീകരണമോ എ.ഡി.എസ്/സി.ഡി.എസ് തല ക്രോഡീകരണമോ നടത്താൻ കഴിഞ്ഞില്ല എന്നും ടി തുക ഉപയോഗിച്ച് റിഡക്ഷൻ പ്ലാൻ തയ്യാറാക്കാമെന്നും മറുപടി ലഭ്യമാക്കി. ദാരിദ്രലഘൂകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കേണ്ട സി.ഡി.എസിന്റെ മേൽ നടപടി ആശാവഹമല്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും കൗൺസിലിന്റേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-42 വാഹന പരിപാലനത്തിൽ വേണ്ടത്ര ജാഗ്രത പാലിക്കുന്നില്ല

നഗരസഭയിലെ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങളായ KL27B 2299, KL27C 1818, KL27C 3374 എന്നിവയുടെ ഉപയോഗം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു-

1. മൂന്ന് വാഹനങ്ങളുടെയും ലോഗ് ബുക്ക് പരിശോധിച്ചതിൽ വിവിധ ദിവസങ്ങളിൽ ആഫീസ് ആവശ്യത്തിന് ലോക്കൽ ട്രിപ്പ്, വിവിധ വാർഡുകളിൽ പോയി വന്ന യാത്ര, സൈറ്റ് ഇൻസ്പെക്ഷൻ, പരാതി സംബന്ധിച്ച പരിശോധന എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, യാത്ര പോയ സ്ഥലം, യാത്രയുടെ ഉദ്ദേശ്യം എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

2. കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ 9(1,2) ചട്ടങ്ങൾ പ്രകാരം വാഹനത്തിന്റെ ഇന്ധന ടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതും, ആ സമയത്ത് ടാങ്കിലുള്ള ഇന്ധനത്തിന്റെ അളവ്, ഇന്ധനം നിറയ്ക്കുമ്പോൾ ഹാജരായിട്ടുള്ള ആളിന്റെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്ക് രേഖപ്പെടുത്തിയിട്ടില്ല.

3. കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ 8(1) ചട്ടം പ്രകാരം ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ഇന്ധന ഉപഭോഗത്തെ സംബന്ധിച്ച് സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തണമെന്നുള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

4. കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ 4-ാം ചട്ടത്തിൽ സൂചിപ്പിച്ചിട്ടുള്ള ഡീസൽ, ഓയിൽ എന്നിവയ്ക്കുള്ള ഓർഡർ ബുക്ക്, ഡീസൽ, ഓയിൽ എന്നിവയുടെ റിപ്പയർ രജിസ്റ്റർ,

സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

5. KL27B 2299 എന്ന വാഹനത്തിന്റെ ലോഗ് ബുക്കിൽ 1.4.2022 മുതൽ 2.7.2022 വരെ വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

6. KL27C 3374 എന്ന വാഹനത്തിന് തിരുവനന്തപുരം യാത്രയ്ക്ക് (*തിരുവല്ല-തിരുവനന്തപുരം-തിരുവല്ല)* 17.8.22, 26.8.22, 2.9.22 എന്നീ ദിവസങ്ങളിൽ 340 Km, 2.9.22-ന് 347 Km, 9.10.22-ന് 348 Km, 12.9.22, 14.9.22, 21.9.22, 10.1.23, 18.1.23, 20.1.23, 23.1.23 എന്നീ ദിവസങ്ങളിൽ 350 Km എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ഈ യാത്രയ്ക്ക് വേണ്ടി വരുന്ന ദൂരത്തേക്കാൾ വളരെയധികമാണ്.

7. KL27C 3374 എന്ന വാഹനത്തിന്റെ ലോഗ് ബുക്കിൽ 1.11.22, 4.11.22, 7.11.22, 9.11.22, 10.11.22, 11.11.22 എന്നീ ദിവസങ്ങളിലെ Strating Km, Ending Km, Purpose Of Journey, Km Covered എന്നിവ വൈറ്റ്നർ ഉപയോഗിച്ച് തിരുത്തിയിട്ടുണ്ട്,

മേൽ അപാകതകൾക്ക് വിശദീകരണത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (48/5.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-43 മാലിന്യപ്രശ്നത്തിന് പരിഹാരമാകാവുന്ന സീവറേജ് ട്രീറ്റ്മെന്റ്പ്ലാന്റിന് സ്ഥലം കണ്ടെത്താനായില്ല-128 കോടി രൂപയുടെ പ്രോജക്ട് നഷ്ടമാകുന്ന അവസ്ഥ

ഫയൽ നം-എച്ച്.2/16221/21

സംസ്ഥാനത്തെ 28 നഗരസഭകളിൽ സീവറേജ് ട്രീറ്റ്മെന്റ് നെറ്റ് വർക്ക് ഉൾപ്പെടുത്തി STP കൾ സ്ഥാപിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ 30.10.21 നകം കണ്ടെത്തി നൽകാൻ ശുചിത്വമിഷൻ എക്സി.ഡയറക്ടർ 16.10.2021 ലെ 1562/G/21/ Smകത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.(അടങ്കൽ-128 കോടി രൂപ)സോൺ 1 ൽ 9.5 കപ്പാസിറ്റിയിലുള്ള STP യും 2 Collection Well ഉം സോൺ 2 ൽ 8.5കപ്പാസിറ്റിയിലുള്ള STP യും 2 Collection Well ഉം സ്ഥാപിക്കാനുള്ള സ്ഥലം ലഭ്യമാക്കാനാണ് നിർദ്ദേശിച്ചിരുന്നത്. 9.11.21 ലെ കൗൺസിൽ 5 ാംനമ്പർ തീരുമാനപ്രകാരം പ്ലാന്റ് സ്ഥാപിക്കുന്നതിന് 34,35 വാർഡുകളിലെ സ്ഥലത്തിന്റെ അനുയോജ്യത പരിശോധിക്കുന്നതിന് തീരുമാനിച്ചു. 39ാം വാർഡിൽ കണ്ടെത്തിയ സ്ഥലം (സർവ്വേ 117) അനുയോജ്യമാണെന്നും ആയത് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കാനും കേരള വാട്ടർ അതോറിറ്റി ,പിപിഡി ക്യാമ്പ് ഓഫീസ്(സീവറേജ്) 23.2.2022 ൽ കത്ത് നൽകിയിരുന്നു.മേൽ സ്ഥലം ലഭ്യമല്ലങ്കിൽ 21ാം വാർഡിലെ(തിരുമൂലപുരം) സർവ്വേ 261ഉകലശ്ശേരി സർവ്വേ 248 ഇവ ഏറ്റടുത്ത് നൽകാനും 1.3.2022 ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.ഉടർന്ന് നഗരസഭ നിർദ്ദേശിച്ച പ്രകാരം മഴവങ്ങാട് എസ്.റ്റി.പി സ്ഥാപിക്കാനും (ബ്ലോക്ക് 222,സർവ്വേ 4-4-1) ലിഫ്റ്റിംഗ് സ്റ്റേഷന് 13 ഉം കളക്ഷൻ വെല്ലിന് 2 ഉം സ്ഥലങ്ങൾ ചൂണ്ടിക്കാട്ടി ഡിസൈൻ പുതുക്കി നൽകിയതായി 24.11.2022ൽ കേരള വാട്ടർ അതോറിറ്റി, പിപിഡി ക്യാമ്പ് ഓഫീസിൽ നിന്ന് അറിയിച്ചിട്ടുണ്ട്. 12.12.22 ലെ കൗൺസിൽ 19 ാം നമ്പരായി മേൽ സ്ഥലങ്ങളിൽ ഡിപിആർ അംഗീകരിച്ച് പ്രോജക്ട് നടത്താൻ തീരുമാനിച്ചു. എന്നാൽഎസ്.റ്റി.പി സ്ഥാപിക്കാനുദ്ദേശിച്ച മേൽ സ്ഥലം അനുയോജ്യമല്ലെന്നും അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തി അറിയിക്കാനും ഫോൺ മുഖേന ജല അതോറിറ്റിയിൽ നിന്ന് അറിയിച്ചതായി നോട്ട്ഫയലിൽ(8.6.2023) രേഖപ്പെടുത്തിക്കാണുന്നു. ഈ വിവരം അറിയിച്ചുകൊണ്ട് 15.6.2023,11.7.2023 ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, സീവറേജ് സർക്കിൾ, തിരുവനന്തപുരത്തിന് കത്ത് നൽകിയിട്ടുണ്ട്. ഇതിനു ഉടർച്ചയായി കൗൺസിലിന്റെ 12.12.22 ലെ തീരുമാനം വഴി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകിയെങ്കിലും സ്ഥലത്തിന്റെ ലഭ്യത, സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് നൽകാൻ 21.9.23 ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ,സീവറേജ് സർക്കിൾ, തിരുവനന്തപുരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ മേൽ വിഷയം കൗൺസിൽ ചർച്ച ചെയ്യുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. നഗരസഭയുടെ മാലിന്യപ്രശ്നത്തിന് ഏറെ ഉപകാരപ്രദമാകാവുന്ന മേൽ പ്രോജക്ട് നടത്തിപ്പിനായി സ്ഥലം കണ്ടെത്തി നൽകുന്നതിലു ണ്ടാകുന്ന കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടും പ്രോജക്ടിന്റെ നിലവിലെ സ്ഥിതിവിവരം അറിയിക്കാനാവശ്യപ്പെട്ടുകൊണ്ടും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-28/21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽവിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-44 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - കുടിശ്ശിക തുക 23.83 ലക്ഷം രൂപയായി വർദ്ധിച്ചു - തുടർ നടപടികൾ അനിവാര്യം.

ഫയൽ നം E2 – 8321 /16

പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജുമായി ബന്ധപ്പെട്ട് നഗരസഭ നാളിതു വരെ സ്വീകരിച്ച നടപടികൾ , വാട്ടർ ചാർജ്ജ് കുടിശ്ശികയുടെ നിലവിലെ അവസ്ഥ എന്നിവയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) നഗരസഭ പരിധിയിൽ 213 പൊതു ടാപ്പുകൾ നിലവിലുണ്ട്. 2021-22 കാലയളവിൽ 363 പൊതുടാപ്പുകൾ

ഉണ്ടായിരുന്നത്, ഒന്നാം ഘട്ട സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ 213എണ്ണമായി കുറവു വന്നിട്ടുള്ളതാണ്. ഇതോടൊപ്പം രണ്ടാം ഘട്ട സംയുക്ത പരിശോധനയ്ക്കും തീരുമാനം എടുത്തിട്ടുള്ളതാണെങ്കിലും (29-05-23 ലെ തീരുമാനം4) പരിശോധന നടത്തിയിട്ടില്ല.

2) 02/22 , 04/22 , 05/22 , 06/22 എന്നീ മാസങ്ങളിലെ വാട്ടർ ചാർജ്ജ് അടവാക്കിയിട്ടില്ല. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ പൊതു ടാപ്പുകളുടെ എണ്ണത്തിൽ കുറവു വന്നതനുസരിച്ച് 04/22 മുതൽ 06/22 വരെയുള്ള ബില്ലുകൾ വാട്ടർ അതോറിറ്റി ക്രമീകരിച്ചു നൽകിയിട്ടില്ല. പ്രസ്തുത മാസങ്ങളിലെ വാട്ടർ ചാർജ്ജും ആയതിന്റെ ഫൈനും ചേർത്തുള്ള തുക 07 /22 മുതൽ ഡിമാന്റ് ചെയ്തു വരുന്നു. 02 /22 ലെ വാട്ടർ ചാർജ്ജ് അടവാക്കാത്തതിനുള്ള കാരണം വ്യക്തമല്ല.

3) 2020 ജനുവരി മാസത്തിലെ ഡിമാന്റ് നോട്ടീസിൽ ( ബിൽ നം 39907/ 13-01-20 ) കുടിശ്ശിക ഇനത്തിൽ 257768 രൂപ തെറ്റായി ഡിമാന്റ് ചെയ്തിട്ടുള്ളത് നാളിതു വരെയും ക്രമീകരിച്ചിട്ടില്ല. കുടിശ്ശിക തെറ്റായി ഡിമാന്റ് ചെയ്തതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിലും കുടിശ്ശിക ക്രമീകരിച്ചിട്ടില്ല. 03/2023 ലെ ബിൽ നം 71955/06-03-23 പ്രകാരം കുടിശ്ശിക ഇനത്തിൽ 2337419 രൂപയും , ഫൈൻ ഇനത്തിൽ 45849 രൂപയും ഡിമാന്റ് ചെയ്തിട്ടുണ്ട്.

മേൽ പരാമർശങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നം.20/22-23/dt 01.11.2023) നൽകിയ മറുപടിയിൽ, പൊതു ടാപ്പുകളുടെ എണ്ണം സംയുക്തപരിശോധന നടത്തി കൃത്യമായി നിർണ്ണയിക്കുന്നതാണെന്നും, 02/22 ലെ വാട്ടർ ചാർജ്ജ് ഇനത്തിലുള്ള അടവാക്കിയിട്ടില്ലായെന്നും , കുടിശ്ശിക ഇനത്തിലെ തെറ്റായ ബാധ്യതകൾ ഒഴിവാക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നതായും പരാമർശിച്ചിട്ടുണ്ട്. യഥാസമയം തുടർ നടപടികൾ സ്വീകരിച്ച് വാട്ടർ ചാർജ്ജ് ഇനത്തിലെ ബാധ്യതകൾ ക്രമീകരിക്കേണ്ടതാണ്.

## 1-45 പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് അറ്റകുറ്റപ്പണി - കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിട്ടില്ല.

ഫയൽ നം : E2 – 7747 /20
Proj No : 74 / 23
M Book നം : 200 / 20-21
നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ അറ്റകുറ്റപ്പണിയ്ക്കായി 2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിക്കുകയും , 2022-23 വർഷം പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ള പദ്ധതിയ്ക്കായി 10 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിന് 13503 ( RE)/ 20-21 Dt : 14-03-22 പ്രകാരം സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതാണ്. എസ്റ്റിമേറ്റിലെ ഇനം 3 ആയ Earth Work In Excavation By Mechanical Means എന്ന പ്രവൃത്തിയിൽ , KSTP Side Wall ഭാഗത്തുള്ള അധികം മണ്ണ് നീക്കം ചെയ്യൽ , Front Yard ൽ Inter Locking Paver Blocks വിരിയ്ക്കുന്നതിനായി മണ്ണ് നീക്കം ചെയ്യൽ എന്നിവ ഉൾപ്പെടുന്നു. എം ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം ( പേജ് 44 മുതൽ 46 വരെ ) 77.578 എം3 മണ്ണ് നീക്കം ചെയ്തിട്ടുള്ളതാണ്. സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന ഇനത്തിനായി നീക്കം ചെയ്ത 3.53 എം 3 ഉൾപ്പെടെ 80.64 എം3 മണ്ണ് നീക്കം ചെയ്തതിനു എം ബുക്ക് പേജ് 55 പ്രകാരം 13950 രൂപ (173 / എം3 ) കരാറുകാരനു അനുവദിച്ചിട്ടുണ്ട്. സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി നീക്കം ചെയ്ത3.53 എം 3 മണ്ണ് സൈഡ് ഫില്ലിംഗിനു ഉപയോഗിച്ചതായി എം ബുക്ക് പേജ് 2 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശേഷിക്കുന്ന 77.578 എം3 മണ്ണിന്റെ വിനിയോഗ വിവരം രേഖപ്പെടുത്തുകയോ , കരാറുകാരനിൽ നിന്നും മണ്ണിന്റെ വില ഈടാക്കുകയോ ചെയ്തിട്ടില്ല. മേൽ പരാമർശത്തിൽ വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്കു(നം.33/ 22-23 / Dt:28.11.2023), പ്രവൃത്തി നിർവ്വഹിച്ച കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകി. വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ നീക്കം ചെയ്ത മണ്ണിന്റെ വില കണക്കാക്കി ഉത്തരവാദിയായ അസിസ്റ്റൻ്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കുന്നതിനു ശുപാർശ ചെയ്യുന്നു.

2022-23 ലെ ചെലവു വിവരം

ബിൽ നം / തീയതി തുക
E2/7747/20 / 22-11-22 49572

## 1-46 സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിപാലനം ,സ്റ്റോറുകളുടെ പരിശോധന - മാനദണ്ഡങ്ങൾ പാലിക്കുന്നില്ല.

സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിപാലനം, സ്റ്റോറുകളുടെ പരിശോധന എന്നിവയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ കേരള ഫിനാൻഷ്യൽ കോഡിൽ പ്രതിപാദിച്ചിട്ടുണ്ട്. ഫിനാൻഷ്യൽ കോഡ് Vol. I ആർട്ടിക്കിൾ 150 അനുസരിച്ച് സ്റ്റോറുകളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കും പ്രകാരം പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ

സൂക്ഷിക്കേണ്ടതാണ്.

1) ബുക്ക്,സ്റ്റേഷനറി, ഫാറങ്ങൾഎന്നിവ ഒഴികെയുള്ള എല്ലാ ഓഫീസ് സ്റ്റോറുകൾക്കും, ഓഫീസ് ഫർണീച്ചറുകൾക്കുമായിട്ടുള്ളത്.

2) ബുക്ക് , സ്റ്റേഷനറി, ഫാറങ്ങൾ എന്നിവയ്ക്കുള്ളത്.

മേൽ പരാമർശിച്ചതു കൂടാതെ 24.09.2010 ലെ നമ്പർ 86/2010/Fin സർക്കുലറിൽ, കമ്പ്യൂട്ടർ ഹാർഡ് വെയർ , സോഫ്റ്റ് വെയർ എന്നിവയ്ക്കു പ്രസ്തുത സർക്കുലറിനു അനുബന്ധമായി ചേർത്തിട്ടുള്ള മാതൃകയിൽ പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കണമെന്നും അർദ്ധ വാർഷികമായോ , പുതിയ വാങ്ങൽ / ഒഴിവാക്കൽ പ്രക്രിയ നടത്തുമ്പോഴോ രജിസ്റ്റർ കാലികമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഓഫീസ് സ്റ്റോറുകൾക്കും, ഓഫീസ് ഫർണീച്ചറുകൾക്കും കേരള ഫിനാൻഷ്യൽ കോഡ് Form 18 പ്രകാരമുള്ള രജിസ്റ്ററും , ബുക്ക് , സ്റ്റേഷനറി, ഫാറങ്ങൾ എന്നിവയ്ക്കു Form 19 പ്രകാരമുള്ള രജിസ്റ്ററും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ആർട്ടിക്കിൾ 158 പ്രകാരം സ്റ്റോറുകളുടെ പരിശോധന വർഷത്തിൽ ഒരു തവണയെങ്കിലും നടത്തേണ്ടതും, വെരിഫിക്കേഷൻ റിപ്പോർട്ട് തയ്യാറാക്കി സ്ഥാപന മേധാവി സർട്ടിഫൈ ചെയ്തു സൂക്ഷിക്കേണ്ടതുമാണ്. ആർട്ടിക്കിൾ 160 പ്രകാരം , സ്റ്റോറിന്റെ ചുമതലയുള്ള ഉദ്യാഗസ്ഥൻ സ്ഥലം മാറ്റപ്പെടുമ്പോൾ റിലീവിംഗ് ഓഫീസർ സ്റ്റോക്ക് പരിശോധന നടത്തി രജിസ്റ്ററിൽ സർട്ടിഫൈ ചെയ്യേണ്ടതുമാണ്. നഗരസഭയിലെ വിവിധ വിഭാഗങ്ങളിലുള്ള സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) കമ്പ്യൂട്ടർ , അനുബന്ധ സാമഗ്രികൾ എന്നിവയ്ക്കായി 2012 മുതൽ ഒരു രജിസ്റ്റർ പരിപാലിച്ചു വരുന്നു.പ്രസ്തുത രജിസ്റ്റർ അധികാരപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല.ഹെൽത്ത് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ Vol Vii പേജ് 165 , 204 എന്നിവയിൽ ചേർത്തിട്ടുള്ള ലാപ് ടോപ്പുകളുടെ വിവരം കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഹാജരാക്കിയ രജിസ്റ്ററിൽ (നം 01 / 2019-20 ), രേഖപ്പെടുത്തിയിട്ടുള്ള ഇനങ്ങളുടെ ഇൻഡക്സ് തയ്യാറാക്കിയിട്ടില്ല. മുന്നിരിപ്പ് , ഇഷ്യൂ , ബാലൻസ് എന്നീ വിവരങ്ങൾലഭ്യമല്ല. സ്റ്റോറിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ മാറ്റപ്പെടുന്ന സാഹചര്യത്തിലോ ,വാർഷികമായോസ്റ്റോക്ക് പരിശോധന നടത്തി സർട്ടിഫിക്കറ്റ് രേഖപ്പടുത്തിയിട്ടില്ല.

3) ജനറൽ വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിലും ( 2022 മുതൽ ) , ഹെൽത്ത് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ രജിസ്റ്ററിലും ( Vol Vi , Vol Vii ), ക്രമ നം 2 ൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ നിലനിൽക്കുന്നു. കാലഹരണപ്പെട്ട രജിസ്റ്ററുകളും , ഫാറങ്ങളും കയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഹെൽത്ത് വിഭാഗവുമായി ബന്ധപ്പെട്ട സ്റ്റോർ റൂമുകളിൽ 09-11-23ൽ നടത്തിയ ഭൗതികപരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | അളവ്/ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | Sarvanolഎന്ന ലേബൽ ഉള്ള ഹാൻഡ്സാനിട്ടൈസർ ബോട്ടിലുകൾ | 5ലിറ്റർ/ 42എണ്ണം | 03/2023 ൽ കാലാവധി കഴിഞ്ഞിട്ടുള്ള-താണ്. ഒരുബോട്ടിലിനു 2500രൂപ വില രേഖപ്പെടുത്തിയിരിക്കുന്നു. |
| 2 | Medilise എന്ന ലേബൽ ഉള്ള Sodium Hypochlorite Solution ബോട്ടിലുകൾ | 25 ലിറ്റർ / 40 എണ്ണം | സ്റ്റോക്ക് രജിസ്റ്ററിൽ നീക്കിയിരുപ്പ് രേഖപ്പെടുത്തിയിട്ടില്ല. |
| 3 | Tagban എന്ന ലേബൽ ഉള്ള Insecticide ബോട്ടിലുകൾ | 1 Litre / 36 എണ്ണം | 03/02/2023 ൽ കാലാവധി കഴിഞ്ഞിട്ടുള്ളതാണ്. ഒരു ബോട്ടിലിനു 450രൂപ വില രേഖപ്പെടുത്തിയിരി-ക്കുന്നു. |
| 4 | Tagcis എന്ന ലേബൽ ഉള്ള Insecticide ബോട്ടിലുകൾ | 1 Litre / 21 എണ്ണം | 27/09/2022 ൽ കാലാവധി കഴിഞ്ഞിട്ടുള്ളതാണ്.ഒരു ബോട്ടിലിനു 1500രൂപ വില രേഖപ്പെടുത്തിയിരി-ക്കുന്നു. |
| 5 | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്ളാസ്റ്റിക് ബക്കറ്റുകൾ | 77 എണ്ണം | സ്റ്റോക്ക് രജിസ്റ്ററിൽ നീക്കിയിരുപ്പ് രേഖപ്പെടുത്തിയിട്ടില്ല. |
| 6 | ഉപയോഗ ശൂന്യമായ ബാറ്ററികൾ | 4 എണ്ണം | ---- |

കാലഹരണപ്പെട്ട സാമഗ്രികൾ ലേലം ചെയ്യുന്നതിനോ/ നശിപ്പിച്ച കളയുന്നതിനോ യഥാസമയം നടപടി സ്വീകരിക്കുന്നില്ല. മേൽ വിവരിച്ചതു കൂടാതെ മുൻകാലങ്ങളിൽ വാങ്ങിയതും , പരിശോധനയുടെ ഭാഗമായി പിടിച്ചെടുത്തതുമായ നിരവധി സാമഗ്രികൾ കൃത്യമായ സ്റ്റോക്ക് വിവരങ്ങൾ ഇല്ലാതെ ഹെൽത്ത് വിഭാഗത്തിൽ സൂക്ഷിച്ചിരിക്കുന്നു.

4) ഫർണീച്ചറുകൾ / ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് അക്കൗണ്ടുകൾ ലഭ്യമല്ല.

മേൽ പരാമർശിച്ച വിഷയങ്ങളിൽ വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നം.21/22-23 /dt:13.11.2023) ഭാഗികമായ മറുപടി മാത്രമാണ് ലഭിച്ചിട്ടുള്ളത്. കമ്പ്യൂട്ടർ ,അനുബന്ധ സാമഗ്രികൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ അധികാരപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ലായെന്നും , ചാർജ്ജ് കൈമാറുന്ന സമയത്ത് സ്റ്റോക്ക് രജിസ്റ്ററുകൾ സർട്ടിഫൈ ചെയ്യുന്നതിനു നടപടികൾ സ്വീകരിക്കുന്നതാണെന്നും, കാലഹരണപ്പെട്ട രജിസ്റ്ററുകളും, ഫാറങ്ങളും കൗൺസിൽ തീരുമാനം വാങ്ങി കയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ജനറൽ സെക്ഷനിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ട്. മറ്റുള്ള വിഭാഗങ്ങളിൽ നിന്നും മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. വാങ്ങലുകൾ, വിനിയോഗം ബന്ധപ്പെട്ട് കൃത്യമായ ആസൂത്രണം ഇല്ലാത്തതിനാലാണ് ഹെൽത്ത് വിഭാഗത്തിൽ സൂക്ഷിച്ചിട്ടുള്ള 152700 രൂപ വില വരുന്ന രാസവസ്തുക്കൾ കാലഹരണപ്പെട്ട് പോയിട്ടുള്ളത്. ഇതു വഴി നഗരസഭയ്ക്ക് വന്നിട്ടുള്ള സാമ്പത്തിക നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരെ കണ്ടെത്തി അവരിൽ നിന്നും ഈടാക്കേണ്ടതാണ്. പരാമർശങ്ങൾക്കു പൂർണ്ണമായ മറുപടി ഹാജരാക്കേണ്ടതും ന്യൂനതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതുമാണ്.

## 1-47 പബ്ളിക്ക് അഡ്രസിംഗ് സിസ്റ്റം നാളിതുവരെ സ്ഥാപിച്ചിട്ടില്ല - 200000/- രൂപ തടസ്സപ്പെടുത്തുന്നു

പദ്ധതിയുടെ പേര് : താലൂക്ക് ഹോസ്പിറ്റലിൽ പബ്ളിക്ക് അഡ്രസിംഗ് സിസ്റ്റം സ്ഥാപിക്കൽ (381/23)
അടങ്കൽ തുക 200000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)
പദ്ധതി ചെലവ് 200000/-
നിർവ്വഹണോദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ,താലൂക്ക് ആശുപത്രി
എസ്റ്റിമേറ്റ് നം. PWD/BLDG/EST/1715/2023 7-1-1 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് ഡിവിഷൻ,കോട്ടയം.

ബിൽ നം. 22050747000/ 23.03.2023

തിരുവല്ല താലൂക്ക് ഹോസ്പിറ്റലിൽ പബ്ളിക്ക് അഡ്രസിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് ഡിവിഷൻ,കോട്ടയത്തിന്റെ എസ്റ്റിമേറ്റ് നം. PWD/BLDG/EST/1715/2023 7-1-1 പ്രകാരം 200000/- രൂപ മേൽ ബിൽ പ്രകാരം "8443-00-108--പി.ഡബ്ല്യു.ഡി എന്ന ഹെഡ് ഓഫ് അക്കൌണ്ടിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ,പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് ഡിവിഷൻ, തിരുവനന്തപുരത്തിന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. നാളിതുവരെയും ഇത് സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കിയിട്ടില്ല. പണിപൂർത്തിയാക്കിയ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം20/22-23/28.10.2023) മറുപടി ലഭ്യമാക്കിയില്ല. നാളിതുവരെയും ആയത് പ്രവർത്തനക്ഷമമാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 200000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-48 ഗുണഭോക്തൃ വിഹിതം പിരിച്ചില്ല, സോളാർ ക്യാമറയിൽ അധിക ചെലവ്

പൊതുസ്ഥലങ്ങളിൽ സോളാർ ക്യാമറ സ്ഥാപിക്കുന്നതിന് നഗരസഭ നടപ്പാക്കിയ പ്രോജ(നം.362/23)ക്റ്റിൽ ഗുണഭോക്തൃ വിഹിതം പിരിച്ചില്ല. പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് നിരീക്ഷിക്കുന്നതിനും സുരക്ഷക്കും വേണ്ടിയായിരുന്നു പ്രോജക്ട്. പ്രോജക്റ്റിന്റെ ഗുണം ലഭിക്കുന്നവരിൽ നിന്ന് ചെലവിന്റെ 25% ഗുണഭോക്തൃ വിഹിതം പിരിക്കണമെന്ന് സർക്കാർ നിർദേശിച്ചിരുന്നു. നിർദേശം പാലിക്കാതെയാണ് ഹെൽത്ത് സൂപ്പർവൈസർ പ്രോജക്ട് നടപ്പാക്കിയത്. ഇതിനാൽ പ്രോജക്റ്റിന്റെ ചെലവിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് 25% അധികം ചെലവഴിക്കേണ്ടി വന്നു.

വികേന്ദ്രീകൃത ആസൂത്രണ സമിതി സംസ്ഥാനതല കോഡിനേഷൻ കമ്മറ്റിയുടെ 11/3/2022-ലെ മിനിറ്റ്സിൽ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ പ്രോജക്റ്റിന്റെ ഗുണഭോക്താക്കളായ വ്യാപാരി വ്യവസായികൾ, റസിഡന്റ്സ് അസോസി യേഷനുകൾ തുടങ്ങിയവയിൽ നിന്ന് പ്രോജക്ട് ചെലവിന്റെ 25% ഗുണ.വിഹിതമായി ഈടാക്കണമെന്ന് നിർദേശി ച്ചിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എ1/317/2021,30.11.21 സർക്കുലറിലും ഗുണഭോക്താക്കളുടെ സാമ്പത്തിക സഹായം ഉറപ്പ് വരുത്തണമെന്ന് നിർദേശിച്ചിരുന്നു. ഗുണ.വിഹിതം പിരിച്ചതിന്റെ രേഖകൾ ഓഡിറ്റ് അന്വേഷണത്തിൽ (19/22-23,28/10/2023) ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭിച്ചില്ല. ഗുണഭോക്തൃവിഹിതം പിരിക്കുന്നതിന്റെ സാധ്യത പരിശോധിച്ചതിനും പ്രോജക്ട് ഫയലിൽ ( H6-16256/22) രേഖകളില്ല. പ്രോജക്റ്റിന്റെ ആകെ ചെലവ് 1972933/- രൂപയാണ്. (31.03.2023ലെ ട്രഷറി ബിൽ). ഇതിന്റെ 25%-493233/- രൂപയാണ് ഗുണഭോക്തൃ വിഹിതമായി

പിരിക്കേണ്ടിയിരുന്നത്. തുക ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത് അധിക ചെലവ് ക്രമീകരിച്ച് സർക്കാർ നിർദേശം പാലിക്കേണ്ടതാണ്. വിഷയത്തിൽ കൗൺസിലിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

എ)*ഭരണവകുപ്പ് സർക്കുലർ പാലിച്ചില്ല*

പ്രോജക്ട് നിർവഹണത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിർദേശങ്ങളും പാലിച്ചില്ല. വകുപ്പിന്റെ എ1/317/2021/ 30.11.21 സർക്കുലറിൽ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കണമെന്ന് വ്യക്തമാക്കിയിരുന്നു.

I) മോണിട്ടറിംഗിന് സംവിധാനം

Ii)ക്യാമറകളുടെ ഗുണനിലവാരം,വില എന്നിവ പരിശോധിച്ച് ഉറപ്പാക്കുക

Iii)പോലീസിനെ നിരീക്ഷണ സംവിധാനത്തിന്റെ ഭാഗമാക്കുക

എന്നാൽ മേൽ നിർദേശങ്ങൾ നടപ്പാക്കിയതായി തെളിയിക്കുന്ന രേഖകൾ ഇല്ല.

ബി)*പ്രോജക്ടിലെ മറ്റ് അപാകങ്ങൾ*

1)പ്രോജക്ടിൽ വാങ്ങിയ ക്യാമറകൾ സ്ഥാപിച്ചതിന്റേയും പ്രവർത്തിക്കുന്നതിന്റേയും രേഖകൾ ഇല്ല. പ്രോജക്ട് ലക്ഷ്യം നേടിയത് തെളിയിക്കുന്ന രേഖകളും ഇല്ല.

2)ക്യാമറ സ്ഥാപിച്ച സ്ഥലങ്ങൾ കണ്ടെത്തിയത് എങ്ങനെ/എന്ത് അടിസ്ഥാനത്തിൽ എന്ന് വ്യക്തമാക്കിയിട്ടില്ല. ക്യാമറകളുടെ കേന്ദ്രീകൃത നിരീക്ഷണ സംവിധാനം പ്രവർത്തിക്കുന്നത് എവിടെയാണെന്നും വ്യക്തമല്ല. ദൃശ്യങ്ങൾ സൂക്ഷിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

3)ക്യാമറ സംവിധാനത്തിന്റെ നിരീക്ഷണപരിപാലന ചുമതലക്ക് ഒരുക്കിയിരിക്കുന്ന സംവിധാനങ്ങൾ വ്യക്തമാക്കിയില്ല. ഉദ്യോഗസ്ഥർക്ക് നിരീക്ഷണ ചുമതല കൈമാറിയ ഓഫീസ് ഉത്തരവും, നിരീക്ഷണ ഡയറി/രജിസ്റ്ററും ഇല്ല. പ്രോജക്ടിന്റെ പൂർത്തീകരണ സാക്ഷ്യപത്രം മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഇല്ല.

4)22-23ൽ നഗരസഭകൾക്ക് വേണ്ടി സർക്കാർ പുറപ്പെടുവിച്ച പദ്ധതി മാർഗരേഖയും പാലിച്ചില്ല. മാർഗരേഖ അനുസരിച്ച് നൂതനസാങ്കേതിക വിദ്യ അടിസ്ഥാനമാക്കി നിർമ്മാണ സ്വഭാവമുള്ള പ്രോജക്ടുകളുടെ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, മൂല്യനിർണയം എന്നിവ ജില്ലാ തല സാങ്കേതിക സമിതി(സോളാർ)/ജില്ലാതല സാങ്കേതിക സമിതി(ഇലക്ട്രോണിക്സ്) അംഗീകരിക്കണം. നിർദേശം പാലിച്ചു എന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല.

സി)*ക്യാമറ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നില്ല*

പ്രോജക്ടിൽ വാങ്ങിയ ക്യാമറകൾ സ്ഥാപിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്നത് ഓഡിറ്റിന് വ്യക്തമല്ല. നിർവഹണ ഉദ്യോഗസ്ഥൻ അതിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് തെളിവുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സ്റ്റീൽ ഇൻഡസ്ട്രീസ് കേരളയുടെ 30.03.23-ലെ ടാക്സ് ഇൻവോയിസ് അനുസരിച്ചാണ് ചെലവ് നടത്തിയിരിക്കുന്നത്. 1.04.2023 മുതൽ 25.10.2023 വരെ ക്യാമറ നിരീക്ഷണത്തിൽ കണ്ടെത്തിയ പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിഞ്ഞ സംഭവങ്ങൾ, അവയിൽ സ്വീകരിച്ച തുടർനടപടികൾ, ഈടാക്കിയ പിഴയുടെ വിവരങ്ങളും ക്യാമറദൃശ്യങ്ങളും ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപെട്ടിട്ടും ലഭ്യമാക്കാഞ്ഞത് ഇവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാത്തതിനാലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഡി)*2019-20 ലും ക്യാമറക്ക് പ്രോജക്ട്*

2019-20-ലെ 201-ാം നമ്പർ പ്രോജക്ടിൽ 30.7ലക്ഷം രൂപ ചെലവഴിച്ച് ഇതേ ലക്ഷ്യത്തോടെ നഗരത്തിൽ 32 സ്ഥലത്ത് ക്യാമറകൾ വിന്യസിച്ചിരുന്നു. പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ നിറവേറിയിട്ടില്ല. *(2021-22ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-34 കാണുക).* നഗരസഭക്കോ പൊതുസമൂഹത്തിനോ പ്രോജക്ട് സഹായകമായിട്ടില്ല. ആ വസ്തുത നിലനില്ക്കെ 20 ലക്ഷം രൂപ ചെലവഴിച്ച് വീണ്ടും നിരീക്ഷണ ക്യാമറ പ്രോജക്ട് നടപ്പാക്കിയതിന്റെ ആവശ്യകത വ്യക്തമല്ല. സർക്കാർ ഫണ്ട് കാര്യക്ഷമമായി ചെലവഴിക്കുന്നതിന് ഉതകുന്ന പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയം ചൂണ്ടിക്കാട്ടി ഹെൽത്ത് സൂപ്പർവൈസർക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (19/22-23,28/10/2023) നല്കിയെങ്കിലും മറുപടിലഭിച്ചില്ല. പ്രോജക്ടിന്റെ ആകെ ചെലവ് 1972933/- രൂപ തടസപ്പെടുത്തുന്നു. ക്യാമറകൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രോജക്ട് ലക്ഷ്യങ്ങൾ നിറവേറിയിട്ടുണ്ടെന്നും സർക്കാർ നിർദേശപ്രകാരം ഗുണഭോക്തൃവിഹിതം പിരിച്ച് അധിക ചെലവ് ക്രീമീകരിച്ചതായും ഓഡിറ്റിനെ ബോധ്യപ്പെടുത്തി ഓഡിറ്റ് തടസം ഒഴിവാക്കാവുന്നതാണ്.

പ്രോജക്ട് -അധിക വിവരങ്ങൾ

നിർവഹണം:ഹെൽത്ത് സൂപ്പർവൈസർ

അടങ്കൽ 30ലക്ഷം (ധനകാര്യ കമ്മീഷൻ ഗ്രാന്റ്).ചെലവ് 31.03.2023ലെ ട്രഷറി ബിൽ 1972933രൂപ.ഇതിൽ സ്റ്റീൽ

ഇൻഡസ്ട്രീസ് കേരള -1738855രൂപ,സെക്രട്ടറി-റിട്ടൻഷൻ 167198രൂപ.ജിഎസ് ടി-33440രൂപ എന്നിങ്ങനെ ചെലവഴിച്ചു. നിർവഹണ ഏജൻസി-സ്റ്റീൽ ഇൻഡസ്ട്രീസ് കേരള,അത്താണി,തൃശ്ശൂർ

## 1-49 ഷീലോഡ്ജ് ഉദ്ഘാടനം-അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തിട്ടില്ല

**ഫയൽ ഇ2/9465/2022**

ഷീലോഡ്ജ് ഉദ്ഘാടനത്തിനായി 30.4.2022 ൽ നിയമസഭാ പ്രതിപക്ഷ നേതാവ് സംബന്ധിച്ച ചടങ്ങുകളുടെ ക്രമീകരണങ്ങൾക്കായി ഓവർസിയർ ശ്രീ. രതീഷിന് 601011/26.4.2022 പ്രകാരം 25000/- രൂപ അഡ്വാൻസ് അനുവദിച്ചു. മേൽ അഡ്വാൻസ് കൂടാതെ ടിയാന്റെ കയ്യിൽ നിന്ന് ചെലവായ 8450/- രൂപ അനുവദിച്ചുനൽകാനും നോട്ടീസ് പ്രിന്റ് ചെയ്ത ഇനത്തിൽ അമ്പാടി ഓഫ്സെറ്റ് പ്രിന്റേഴ്സിന് നൽകാനുള്ള 9920/-രൂപയും അനുവദിച്ച് ആകെ ചെലവ് 43370/- രൂപ അംഗീകരിച്ചുകൊണ്ട് 29.7.2022 ലെ കൗൺസിൽ 5 ാം നമ്പരായി തീരുമാനംകൈക്കൊണ്ടിരുന്നുവെങ്കിലും ജി.ഒ(സാധാ)1255/22/എൽ.എസ്.ജി.ഡി /17.5.2022 പ്രകാരം 25000/- രൂപ മാത്രമേ അനുവദിക്കാൻ കഴിയുള്ളൂ എന്ന് ജനറൽ സെക്ഷൻ സൂപ്രണ്ട് ഫയലിൽ 6.9.2022 തീയതിയിൽ രേഖപ്പെടുത്തിക്കാണുന്നു. 18.6.2022 തീയതിയിലെ നോട്ട്ഫയലിലും വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണെന്ന് സൂപ്രണ്ട് അഭിപ്രായപ്പെട്ടിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. അഡ്വാൻസ് ക്രമീകരിക്കുകയോ ചെലവ് നടത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-27/21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉദ്ഘാടനം നിർവ്വഹിച്ച് ഒന്നര വർഷം പിന്നിട്ടിട്ടും ഷീലോഡ്ജ് പൊതുജനങ്ങളുടെ ഉപയോഗത്തിന് സജ്ജമായിട്ടില്ല.

## 1-50 തിരിച്ച് കൊടുക്കണോ എന്ന് വ്യക്തമല്ലാത്ത തിരഞ്ഞെടുപ്പ് നിക്ഷേപം നഗരസഭ ബാധ്യത ശീർഷകത്തിൽ നിലനിർത്തിയിരിക്കുന്നു.

211000/- രൂപയാണ് 2022-23ലെ വാർഷിക കണക്കിൽ തിരിച്ച് കൊടുക്കേണ്ട ബാധ്യതയായി കാണിച്ചിരിക്കുന്നത്. വാർഷിക കണക്കിലെ B7 ഷെഡ്യൂളിൽ 3402006 ശീർഷകത്തിലാണിത് (തിരഞ്ഞെടുപ്പ് നിക്ഷേപമായി(Election Deposit (Candidate)). തിരഞ്ഞെടുപ്പ് നിക്ഷേപത്തിന്റെ വിവരം വെളിപ്പെടുത്തുന്ന രേഖകൾ/രജിസ്റ്റർ നഗരസഭയിലില്ല. അതിനാൽ ഇതിന്റെ വർഷം തിരിച്ച് വിവരം ലഭ്യമല്ല. 2020 ഡിസംബറിലാണ് ഏറ്റവും ഒടുവിൽ നഗരസഭ തിരഞ്ഞെടുപ്പ് നടന്നത്.അതിന് ശേഷം മൂന്ന് വർഷം കഴിഞ്ഞു. മുനിസിപ്പൽ നിയമം,വകുപ്പ് 201 അനുസരിച്ച് ഒരു വാർഡിൽ ആകെ പോൾ ചെയ്ത വോട്ടിന്റെ ആറിലൊന്ന് വോട്ട് നേടിയ സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് നിക്ഷേപമാണ് തിരികെ കൊടുക്കേണ്ടത്. നഗരസഭയിൽ രേഖകളില്ലാത്തതിനാൽ ബാധ്യതയായി കാണിച്ചിരിക്കുന്ന തുക ആകെ പോൾ ചെയ്ത വോട്ടിന്റെ ആറിലൊന്ന് നേടിയ സ്ഥാനാർത്ഥികളുടേതാണെന്നതിന് തെളിവില്ല. മൂന്ന് വർഷത്തിനിടയിൽ അക്കാര്യം വ്യക്തമാക്കി ആരും തുക തിരികെ ആവശ്യപെട്ടിട്ടുമില്ല. അതിനാൽ തുക ബാധ്യത ശീർഷകത്തിൽ നിന്ന് ഒഴിവാക്കി നഗരസഭയുടെ വരവായി കണക്കിൽ മാറ്റം വരുത്തുന്നത് കൗൺസിൽ പരിഗണിക്കേണ്ടതാണ്.

18/09/2023ൽ സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണം (06/22-23) നല്കി. മറുപടി ലഭിച്ചില്ല.

## 1-51 അങ്കണവാടികളിൽ പരിമിതമായ പശ്ചാത്തല സൗകര്യം-ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

നഗരസഭാ പരിധിയിൽ ആകെ 54 അംഗനവാടികളാണുള്ളത്. 20 അംഗനവാടികൾ സ്വന്തമായി കെട്ടിടമുള്ളവയും മുപ്പത്തൊന്നെണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയും മൂന്നെണ്ണം വാടകരഹിതവുമാണ്. എല്ലാ അംഗനവാടികൾക്കും ടോയ് ലറ്റ് സൗകര്യം ഉണ്ട് എന്നാൽ അതിൽ ഒരെണ്ണത്തിനുപോലും ശിശുസൗഹൃദ ശുചിമുറി ഇല്ല എന്നത് ന്യൂനതയാണ്. 20 അംഗനവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത് . അംഗനവാടികളിൽ ഉള്ള ഫർണിച്ചറുകളും പര്യാപ്തമല്ല. ഒരണ്ണത്തിനുപോലും ശിശുസൗഹൃദ പെയിന്റിംഗ്, ഭിന്നശേഷി റാമ്പ് ഓട്ടോമാറ്റിക് ഗേറ്റ് എന്നിവ ഇല്ലാത്തതാണ്. നാല് അംഗനവാടികൾക്ക് സ്വന്തമായി സ്ഥലം ഉണ്ടായിരുന്നിട്ടും രണ്ടിടത്ത് മാത്രം കെട്ടിടം പണി നടക്കുന്നുള്ളു. മറ്റ് രണ്ടെണ്ണം അൺഫിറ്റാക്കി നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുകയാണ്. ആയതിൽ അറ്റകുറ്റപണികൾ നടത്തുന്നതിന് പദ്ധതികൾ ഏറ്റെടുത്തിട്ടില്ല എന്നത് അപാകതയാണ്. വാർഡ് നം. 30 ലെ 137, വാർഡ് 10 ലെ 28 എന്നീ അംഗനവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവയാണ്. അംഗനവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തി സുരക്ഷ ഉറപ്പാക്കുന്നതിനും, അവയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനും നഗരസഭ അധികൃതർ ഫലപ്രദമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല. അംഗനവാടി നം. 149 നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് . കാവുംഭാഗം വില്ലേജിൽ ബ്ലോക്ക് 23 ൽ റീസർവ്വേ 23 ൽപ്പെട്ട 2.10 ആർ, 24 ൽ 01.10 ആർ, 14 ൽ 1.20 ആർ ആകെ 4.40 ആർ സ്ഥലം അംഗനവാടി നിർമ്മാണത്തിനായി കൈമാറാൻ ഉടമസ്ഥർ താൽപ്പര്യം പ്രകടിപ്പിച്ചെങ്കിലും നഗരസഭ ഫലപ്രദമായ തുടർ നടപടി സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തലുകളില്ല. വാർഡ്നം. 24 ബ്ലോക്ക് 171 റീസർവ്വേ നം.42 ൽ 3.95 പുറമ്പോക്ക് ഭൂമി അംഗനവാടിക്ക് അനുയോജ്യമാണെന്നും അത് വിട്ടു നൽകാനും കൗൺസിലർ കത്ത് നൽകി. സി.ഡി.പി.ഒയുടെ

അനുയോജ്യതാ സാക്ഷ്യപത്രവുമുണ്ട്. വാർഡ് നം. 43 ൽ 1.85 ആർ സ്ഥലം വിട്ടുനൽകുന്നതിന് ഇ3/16985/21/25/11/21 ൽ ജില്ലാകളക്ടർക്ക് കത്ത് നൽകി 6.5.2022 ൽ ഭൂമി വനിതാശിശു വികസന വകുപ്പിന് കൈമാറാൻ സമ്മതപത്രം ആവശ്യപ്പെട്ടു. 31.05.2022 ലെ 7-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ആയതിന് അനുമതി നൽകി കത്ത് അയച്ചിട്ടുണ്ട്. കൗൺസിലിന്റെ 22.07.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം സ്ഥലം അനുയോജ്യമാക്കുന്നതിന് മണ്ണിട്ട് നികത്താൻ അനുമതി നൽകി. പിന്നീട് ആയതിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ പ്രകാരം ടി സ്ഥലം നഗരസഭയുടെ പേരിൽ കൂട്ടി അംഗനവാടി കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ തുടർനടപടികൾക്കായി അങ്കണവാടി വെൽഫെയർ കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധക്ഷണിക്കുന്നു.

## 1-52 നഗരവികസനം പരിഗണിക്കാതെ വസ്തുക്കൾ കയ്യൊഴിയുന്നു

നഗരത്തിന്റെ വികസനത്തിന് ഭൂമി ആവശ്യമാണോ എന്ന് പരിശോധിക്കാതെ നഗരസഭ സ്വന്തം വസ്തുക്കൾ കയ്യൊഴിയുന്നു. മുൻവർഷങ്ങളിൽ ഒരേക്കറിൽ അധികം ഭൂമിയാണ് നഗരസഭ കയ്യൊഴിഞ്ഞത്. 4.68ആർ ഭൂമി ട്രഷറി വകുപ്പിന് കൈമാറാനുള്ള ഫയൽ നഗരസഭയിൽ സജീവമാണ് (19.5.2022-ലെ കൗൺസിൽ തീരുമാനം). സ്ഥലം കൈമാറിയതിന്റെ വ്യക്തമായ രേഖകൾ ആവശ്യപെട്ടിട്ടും ഓഡിറ്റിന് ലഭ്യമാക്കിയില്ല. സബ് ട്രഷറി ഓഫീസ് പണിയാനാണ് വസ്തു. 10000/- രൂപ വാർഷിക നിരക്കിൽ 99 വർഷത്തേക്ക് പാട്ടത്തിനാണ് വസ്തു കയ്യൊഴിഞ്ഞത്. കോടികൾ വിലവരുന്ന വസ്തുവാണിത്. പാട്ടനിരക്ക് നിർണയിച്ചതിന് അടിസ്ഥാനം വ്യക്തമല്ല. വസ്തുവിന്റെ സ്ഥല വില നിർണയ സാക്ഷ്യപത്രം അടിസ്ഥാനമാക്കിയിട്ടില്ല. ട്രഷറി വകുപ്പുമായി നഗരസഭ ചമച്ച പാട്ടകരാർ ഓഡിറ്റിന് ലഭിച്ചില്ല. നാമമാത്ര പാട്ടതുകയിൽ കാലിക വർധന വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. കേരള മുനിസിപ്പൽ നിയമം ഒന്നാം പട്ടികയിൽ നഗരസഭകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ സർക്കാർ ഓഫീസുകൾക്ക് സ്ഥലം കൈമാറുന്നത് നഗരസഭയുടെ ചുമതലയല്ല. പട്ടികക്ക് പുറത്തെ തീരുമാനം നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലല്ല. സ്ഥലം നല്കാൻ സർക്കാർ അനുമതിയുമില്ല. 5വർഷം അധികാരമുള്ള കൗൺസിൽ 99 വർഷത്തേക്ക് ബാധകമായ തീരുമാനം എടുത്തതും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലല്ല. ഭൂമി കയ്യൊഴിയുന്നതിന് മുമ്പും നിയമോപദേശം തേടിയില്ല. നഗരത്തിന്റെ ഭാവി വികസനത്തിന് ഭൂമി ആവശ്യമാണോ, ഭൂമിയില്ലാതെ മുടങ്ങികിടക്കുന്ന പദ്ധതികൾ ഏതെല്ലാം തുടങ്ങിയ കാര്യങ്ങൾ പഠിക്കാതെയാണ് വസ്തു കയ്യൊഴിയാൻ കൗൺസിൽ തീരമാനിച്ചത്. അടുത്ത അഞ്ച് വർഷത്തേക്ക് നഗരവികസനത്തിന് എത്ര ഭൂമി വേണ്ടിവരുമെന്ന് കണക്കാക്കാതെയാണ് 99 വർഷത്തേക്ക് ഭൂമി കയ്യൊഴിഞ്ഞത്. നഗരത്തിന്റെ ഭാവി വികസനത്തെ ബാധിക്കാവുന്ന തീരുമാനമായിട്ടും നഗരത്തിലെ ജനങ്ങളുടെ അഭിപ്രായം തേടി വിഷയം വാർഡ് സഭകളിൽ ചർച്ച ചെയ്തില്ല. 2000ലെ കേരള മുനിസിപ്പാലിറ്റി(വസ്തു ആർജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ പാലിച്ചാണ് വസ്തു കയ്യൊഴിക്കുന്നതെന്ന് തെളിയിക്കുന്ന രേഖകൾ ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. വാണിജ്യ സാധ്യതയുള്ള സ്ഥലമാണ് നഗരസഭ ട്രഷറിക്ക് നല്കിയത്.ഇത് വരുമാനദായക ആസ്തിയാക്കുന്നതിലെ സാദ്ധ്യതകളും നഗരസഭ പരിഗണിച്ചില്ല. കയ്യൊഴിഞ്ഞ വസ്തുവിൽ നഗരസഭ ഷോപ്പിംഗ് കോംപ്ളക്സ് പണിത് ഒരു ഭാഗം ട്രഷറിക്ക് വാടകക്ക് നല്കുന്നതും പരിഗണിച്ചതായി കാണുന്നില്ല.വസ്തു ഇല്ലാത്തതിനാൽ ഓഡിറ്റ് വർഷം തന്നെ നഗരത്തിലെ സാധാരണക്കാരുടെ ക്ഷേമത്തിനുള്ള കേന്ദ്ര-സംസ്ഥാന പദ്ധതികൾ നഗരസഭക്ക് നടപ്പാക്കാനായിട്ടില്ല. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നഗരസഭക്ക് കൈമാറികിട്ടിയ കൃഷി ഓഫീസ് വർഷങ്ങളായി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ കെട്ടിടം ചോർന്ന് ഒലിച്ച് ഓഫീസ് പ്രവർത്തനം ദുഷ്കരമാണ്. ഇക്കാര്യം കൗൺസിൽ ചർച്ച ചെയ്തിട്ടുള്ളതുമാണ്. കൃഷി ഓഫീസിന് കെട്ടിടം പണിയുന്ന വിഷയം കൗൺസിൽ അജണ്ടയായിട്ടുണ്ട്. വിഷയത്തിൽ വിശദീകരണവും രേഖകളും ആവശ്യപ്പെട്ട് 3/10/2023 ന് സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണം (08/2022-23) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.

*വിഷയത്തിലെ മറ്റ് അപാകങ്ങൾ*:

(ഫയൽ R6/13801/20 അടിസ്ഥാനമാക്കി തയ്യാറാക്കിയത്.)

1.1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 215(1) അനുസരിച്ച് നഗരസഭാവസ്തു കയ്യൊഴിയുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വേണം. അനുമതി പത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2.ട്രഷറി വകുപ്പുമായി ഒപ്പ് വെക്കേണ്ട പാട്ടകരാർ വ്യവസ്ഥകൾ നഗരസഭ കൗൺസിൽ അംഗീകരിച്ചതായി കാണുന്നില്ല.

3.ട്രഷറി വകുപ്പുമായി പാട്ടകരാർ രജിസ്റ്റർ ചെയ്തിട്ടില്ല.

4.ട്രഷറി വകുപ്പ് നഗരസഭയോട് വസ്തു ആവശ്യപെട്ട ഔദ്യോഗികകത്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5.പ്രീമെട്രിക് ഹോസ്റ്റലിന്റേതാണ് സ്ഥലം എന്ന് ഫയലിൽ കാണുന്നു. പട്ടിക വിഭാഗത്തിന്റെ ക്ഷേമസ്ഥാപനം പ്രവർത്തിച്ച സ്ഥലം ട്രഷറിക്ക് കൈമാറുന്നതിലെ നിയമപ്രശ്നങ്ങൾ പരിശോധിച്ചില്ല.

7.ട്രഷറിക്ക് സ്ഥലം കൈമാറാനുള്ള കൗൺസിൽ തീരുമാനം പുനപരിശോധിക്കണമെന്ന് അഭ്യർത്ഥിച്ച് സെക്രട്ടറി 4/5/2022-ന് ചെയർപേഴ്സണ് കുറിപ്പ് സമർപ്പിച്ചതായികാണുന്നു. സെക്രട്ടറിയുടെ കുറിപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അതിനാൽ തീരുമാനം പുന:പരിശോധിക്കുവാൻ സെക്രട്ടറി വ്യക്തമാക്കിയ കാരണങ്ങളും വ്യക്തമല്ല. ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ വസ്തു കയ്യൊഴിഞ്ഞത് പുന:പരിശോധിക്കാനാവുമോ/പാട്ടതുക സ്ഥലവിലയുടെ അടിസ്ഥാനത്തിൽ പുതുക്കി നിർണയിക്കാനാവുമോ തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്. കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

എ)കനിവിനും ഭൂമി, തീരുമാനത്തിൽ വ്യക്തതയില്ല

ട്രഷറിക്ക് പിന്നാലെ കനിവ് പെയിൻ&പാലിയേറ്റീവ് കെയർ സൊസൈറ്റിക്കും നഗരസഭയുടെ സ്ഥലം നല്കാൻ കൗൺസിൽ തീരുമാനിച്ചു. ട്രഷറിക്ക് നല്കിയതിൽ ബാക്കിയുള്ളതിൽ നിന്നാണ് ഈ സൊസൈറ്റിയ്ക്ക് നല്കുന്നതിന് പരിഗണിച്ചത്. ഓഡിറ്റ് അന്വേഷണത്തിനുള്ള (32/22-23,24/11/2023) മറുപടിയിൽ സെക്രട്ടറിയാണ് ഇത് വ്യക്തമാക്കിയത്. തീരുമാനമുണ്ടെങ്കിലും സൊസൈറ്റിക്ക് വസ്തു നല്കിയോ എന്നതിൽ വ്യക്തതയില്ല.

മുനിസിപ്പൽ നിയമം 215 വകുപ്പ് അനുസരിച്ച് നഗരസഭയുടെ വസ്തു കയ്യൊഴിയുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വേണം. അനുമതിയില്ലാതെയാണ് കൗൺസിൽ തീരുമാനം എടുത്തത്. ട്രഷറിക്ക് പാട്ടത്തിനാണെങ്കിൽ കനിവിന് പാട്ടത്തിനാണോ വാടകക്കാണോ സൗജന്യമാണോ എന്ന് വ്യക്തമാക്കിയിട്ടില്ല. സ്ഥലം നല്കുന്നതിലെ പൊതുതാല്പര്യം കൗൺസിൽ തീരുമാനത്തിൽ വ്യക്തമാക്കിയിട്ടില്ല. സർക്കാർ വകുപ്പിന് പാട്ടത്തിന് നല്കിയ വസ്തുവിന്റെ അടുത്തുള്ള സ്ഥലം സൊസൈറ്റിക്ക് സൗജന്യമാണോ അല്ലയോ എന്ന് കൗൺസിൽ തീരുമാനത്തിൽ വ്യക്തമാക്കിയിട്ടില്ല. മുനിസിപ്പൽ നിയമത്തിലും വസ്തു ആർജിക്കലും കയ്യൊഴിയലും ചട്ടങ്ങളിലും നഗരസഭ വസ്തുക്കൾ സൗജന്യമായി നല്കാമെന്ന് വ്യക്തമാക്കിയിട്ടില്ല. നഗരസഭയുടെ കീഴിലുള്ള പല പദ്ധതികളും(അംഗൻവാടി നിർമ്മാണം ഉൾപ്പെടെ) സ്ഥലത്തിന്റെ ലഭ്യതകുറവുമൂലം മുടങ്ങിക്കിടക്കുന്ന സാഹചര്യത്തിൽ മേൽവിഷയം ഗൗരവപരമാണ്. അതിനാൽ വിഷയത്തിൽ നിയമോപദേശം തേടേണ്ടതായിരുന്നു.

സൊസൈറ്റിക്ക് നഗരസഭയുടെ സ്ഥലം നല്കുന്നത് 16/8/2022ലെ കൗൺസിൽ സപ്ളി. അജണ്ട(1)യായി പരിഗണിച്ച് സെക്രട്ടറിയുടെ റിപ്പോർട്ട് സബ്കമ്മറ്റിയിൽ വച്ച് കൗൺസിലിന് സമർപ്പിക്കാൻ തീരുമാനിച്ചതായി കാണുന്നു. തുടർ നടപടികൾ വ്യക്തമല്ലാത്തതിനാലാണ് സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണം (32/22-23,24/11/2023) നല്കിയത്. മറുപടിയിൽ സെക്രട്ടറി വിവരിച്ചത്: "സൊസൈറ്റിക്ക് സ്ഥലം നല്കിയിട്ടില്ല. 16/8/22ലെ കൗൺസിൽ തീരുമാനം മിനിറ്റ്സിൽ രേഖപ്പെടുത്തിയത് തെറ്റാണെന്നും തിരുത്തണമെന്നും 17ാം വാർഡ് കൗൺസിലർ ശ്രീമതി ഷീജ കരിമ്പിൻകാല ആവശ്യപ്പെട്ടിരുന്നു. തുടർന്ന് 12/12/23ലെ കൗൺസിൽ തെറ്റ് തിരുത്തി. (തീരുമാനം 27). സബ് ട്രഷറി കെട്ടിടത്തിന് പാട്ടകരാർ വ്യവസ്ഥയിൽ അനുവദിക്കുന്നതിന് നീക്കിവെച്ചിട്ടുള്ള സ്ഥലം കിഴിച്ച് ബാക്കി വരുന്ന സ്ഥലം കൃഷി ഓഫീസ് കെട്ടിടനിർമ്മാണത്തിനും കനിവ് പെയിൻ&പാലിയേറ്റീവ് കെയർ സൊസൈറ്റിക്കും തുല്യമായി നല്കുന്നതിന് തീരുമാനം എടുത്തിരുന്നു. എന്നാൽ ചെയർപേഴ്സൺ വെട്ടിതിരുത്തിയാണ് മിനിറ്റ്സ് ഒപ്പിട്ട് നല്കിയത്. ആയതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

സെക്രട്ടറിയുടെ മറുപടിയിൽ പറയുന്ന മിനിറ്റ്സ് വെട്ടിതിരുത്തി എന്ന പരാമർശം 1995-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾക്ക് വിരുദ്ധമാണ്. സൊസൈറ്റിക്ക് വസ്തു നല്കുന്നതിലും ജനങ്ങളുടെ അഭിപ്രായം തേടി വാർഡ് സഭകളിൽ ചർച്ച ചെയ്ത് തീരുമാനം എടുത്തതായി കാണുന്നില്ല. G3-15907/22ഫയലിൽ സൊസൈറ്റിയുടെ സ്ഥലം ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് മാത്രമാണുള്ളത്. സൊസൈറ്റിയുടെ ബൈലോ, സൊസൈറ്റിയുടെ കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവർത്തറിപ്പോർട്ട്, ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകൾ എന്നിവയില്ല. സൊസൈറ്റിയുടെ പ്രവർത്തനം പരിശോധിക്കാതെയാണ് കൗൺസിൽ അജണ്ട തയ്യാറാക്കിയത്. സൊസൈറ്റിയുടെ കത്തിൽ നിന്നും അവരുടെ പ്രവർത്തന മേഖല നഗരസഭ മാത്രമല്ലെന്നും സമീപ പഞ്ചായത്തുകളുമാണെന്ന് കാണുന്നു. നഗരത്തിൽ മാത്രം പ്രവർത്തിക്കാത്ത സൊസൈറ്റിക്ക് നഗരസഭ പ്രത്യേകപരിഗണന നല്കുന്നതും വിശദീകരിക്കപ്പെട്ടിട്ടില്ല. നഗരത്തിന്റെ ഭാവി വികസനം പരിഗണിക്കാതെയുള്ള ഭൂമിദാനം പുന:പരിശോധിക്കുന്നതിന് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-53 ചുമത്ര വെറ്റിനറി ഉപകേന്ദ്രം-വാടക നിശ്ചയിച്ചതിലെ അപാകത

ഫയൽ നം-G5/14337/11

ചുമത്ര വെറ്റിനറി ഉപകേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കൂട്ടി നൽകുവാനുള്ള കെട്ടിട ഉടമ ശ്രീ. മണിലാൽ, ശിവസദനത്തിന്റെ അപേക്ഷപ്രകാരം വാടക പുതുക്കി നിശ്ചയിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയതിൻ പ്രകാരം പ്രതിമാസ വാടക 1632/- രൂപയായി നിർണ്ണയിച്ചതിന് (1.4.2023 മുതൽ) 24.5.2023-ലെ കൗൺസിൽ 21-ാം നമ്പരായി അംഗീകാരം നൽകികാണുന്നു. എന്നാൽ മേൽ കെട്ടിടത്തിന് കറന്റ് കണക്ഷൻ, ഉൾപ്പെടെയുള്ള പ്രാഥമിക സൗകര്യങ്ങളില്ലെന്ന് സീനിയർ വെറ്റിനറി സർജൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഈ സൗകര്യങ്ങളെല്ലാം ഉള്ളതായി കണക്കാക്കിയാണ് വാടക നിശ്ചയിച്ച് നൽകിയിരിക്കുന്നത്. വാടക അധികരിച്ച് കണക്കാക്കിയിട്ടുണ്ടെങ്കിൽ ആയത് പുനപരിശോധിച്ച് വാടക പുതുക്കി നിശ്ചയിച്ച് തുടർനടപടികൾ

സ്വീകരിക്കാനാവശ്യപ്പെട്ട നൽകിയ എൻക്വയറിയ്ക്ക് (നം-17/25.10.23) മറുപടിയായി വാടക 1366/- രൂപയായി പുനർനിർണ്ണയിച്ചതായി മറുപടി ലഭ്യമാക്കി. പുനർനിർണ്ണയിച്ച വാടക കൗൺസിൽ അംഗീകാരത്തോടെ നൽകേണ്ടതാണ്.

**1-54 മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.**

താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മരുന്നവാങ്ങൽ പദ്ധതികളിൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ്(മരുന്ന്) | ബിൽ നം. | അപാകത |
|---|---|---|---|---|---|---|
| 1 | എസ്. ഓ3/23 | പാലിയേറ്റീവ്കെയർ | വികസനഫണ്ട്(ജനറൽ) 1972720 | 625758 | 50/22-23 തീ.20.032023 (KMSCL) 61/22-23 .തീ. 30.03.2023 (KMSCL) | 213036/-ന്റെ മരുന്ന് ലഭിക്കാനുണ്ട്. |
| 2 | എസ്. ഓ9/23 | ജീവിതശൈലി രോഗങ്ങൾക്കുള്ള പ്രോജക്ട് | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) 300000/- | 300000 | 34/20-22 തീ. 20.01.2023 (KMSCL) | 68700/-രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്. |
| 3 | എസ്. ഓ50/23 | പാലിയേറ്റീവ് സെക്കന്ററി കെയർ പ്രോജക്ട് | വികസനഫണ്ട്(ജനറൽ) 540464 | 94464 | 59/22-23 തീ.30.032023 (KMSCL) | 72697/-രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്.- |
| 4 | എസ്. ഓ8/23 | മരുന്നവാങ്ങൽ THQH,PHC | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) 700000 | 114492 | 40/22-23 തീ. 13.02.2023 (KMSCL) | 240254/-രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്. |
| 5 | എസ്. ഓ55/23 | മരുന്ന് ,ലാബ് റീയേജന്റ് വാങ്ങൽ (നഗരകുടുംബാ രോഗ്യകേന്ദ്രം) | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) 271562 | 214492/- | 28/22-23 തീ.06.01.2023 40/22-23 തീ. 13.02.2023 (KMSCL) | 95256/-രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്. |

ആയതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23 തീയതി 14.11.2023-ന് മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാക്കാനുള്ള മരുന്നുകളുടെ തുകയായ 689,943/- രൂപ തടസ്സപ്പെടുത്തുന്നു. ടി തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ അതാത് വർഷം തന്നെ ലഭിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഇടപെടലുകൾ നടത്തേണ്ടതാണ്.

**1-55 പിഎംഎവൈ പദ്ധതി-വീടുകൾ പൂർത്തിയായില്ല,പദ്ധതി ലക്ഷം കൈവരിക്കുന്നില്ല**

പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ) പദ്ധതിയിൽ പകുതി വീടുകൾ പോലും നഗരസഭയിൽ പൂർത്തിയായില്ല. 937 പി.എം.എ.വൈ ഗുണഭോക്താക്കളിൽ 395 പേരാണ് വീടുകൾ പൂർത്തിയാക്കിയത്. 44% മാത്രമാണ് കൈവരിച്ച പുരോഗതി. (*2023 ഒക്ടോബറിലെ കണക്ക് പ്രകാരം*). പദ്ധതിക്ക് 9 ഡിപിആറുകളുണ്ട്. ഇതിൽ ഒന്നുപോലും പൂർത്തിയായിട്ടില്ല. 2022-ൽ എല്ലാവർക്കും വീട് എന്നതാണ് പദ്ധതി ലക്ഷ്യം. അത് വൈകുമെന്ന് നഗരസഭയുടെ കണക്കുകൾ തെളിയിക്കുന്നു. പദ്ധതിയിൽ 9 ഡിപിആറുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഒമ്പതാമത്തെ ഡിപിആറിന് 22/10/2023-നാണ് അംഗീകാരം ലഭിച്ചത്. 9 ഡിപിആറിലാണ് 937 ഗുണഭോക്താക്കൾ. ഇതിൽ 173 പേർ പട്ടികജാതി വിഭാഗത്തിലും 2 പേർ പട്ടികവർഗ്ഗ വിഭാഗത്തിലും പെട്ടവരാണ്. 2022-23-ൽ നാല് പ്രോജക്ടുകളിൽ നഗരസഭ പദ്ധതിക്ക് 1.92കോടി (19213000/- രൂപ) ചെലവഴിച്ചു. ആദ്യ രണ്ട് ഡിപിആറിന് 2017-ലാണ് അംഗീകാരം ലഭിച്ചത്. മൂന്ന് മുതൽ ആറ് വരെ ഡിപിആറിന് 2022-ന് മുമ്പാണ് അംഗീകാരം ലഭിച്ചത്. അംഗീകാരം ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഇവയിൽ ഒന്നുപോലും പൂർത്തിയാക്കാനായിട്ടില്ല. ഒന്നാം ഗഡു പദ്ധതിസഹായം 40000/- രൂപ കൈപ്പറ്റിയ 54 ഗുണഭോക്താക്കൾ ഇതേവരെ ബാക്കി 360000/- രൂപ കൈപ്പറ്റി വീട് പണി പൂർത്തിയാക്കിയിട്ടില്ല. ഗുണഭോക്താക്കൾ നഗരസഭയുമായി കരാർ വെക്കുമ്പോഴാണ് ഒന്നാം ഗഡു നല്കുന്നത്. രണ്ടാംഗഡു കൈപ്പറ്റാത്തതിനാൽ 54 ഗുണഭോക്താക്കളും അടിത്തറ പോലും പണിതിട്ടില്ലെന്ന് വ്യക്തമാണ്. പദ്ധതിയുടെ വ്യവസ്ഥകൾ ലംഘിച്ച ഈ

ഗുണഭോക്താക്കളുടെ വീട് നിർമ്മാണ സാധ്യതയും പുരോഗതിയും നിർവഹണ ഉദ്യോഗസ്ഥൻ (ഹെൽത്ത് സൂപ്പർവൈസർ) ഉറപ്പാക്കേണ്ടതും പദ്ധതിയുമായി നിസ്സഹകരിക്കുന്ന ഗുണഭോക്താക്കൾക്ക് നല്കിയ ഒന്നാംഗഡു തിരികെ ഈടാക്കേണ്ടതുമാണ്. മേൽ വിഷയം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-48/5.12.2023) പണി പൂർത്തിയാക്കാത്ത 15 പേർക്ക് നോട്ടീസ് നൽകിയതായി ബന്ധപ്പെട്ട സെക്ഷൻ (എച്ച്-3) മറുപടി ലഭ്യമാക്കി. ശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിച്ചിട്ടില്ല. കൗൺസിലും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റിയും പദ്ധതി വിലയിരുത്തേണ്ടതാണ്.

ഒരു വീടിന് 4 ലക്ഷമാണ് പദ്ധതി സഹായം. കേന്ദ്രസംസ്ഥാന സർക്കാരുകളും നഗരസഭയും ചേർന്നാണ് സഹായം നല്കുന്നത്. ആവശ്യത്തിന് ഫണ്ട് ലഭ്യമാണ്. എന്നിട്ടും വീട് പൂർത്തീകരണ നിരക്കിൽ കാര്യമായ പുരോഗതി ഇല്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. അതിനാൽ പദ്ധതിയിൽ വീട് പൂർത്തീകരണ നിരക്ക് ഉയരാത്തതിന് കാരണം അന്വേഷിച്ച് പരിഹാരം കാണേണ്ടതാണ്. വിഷയത്തിൽ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-56 ശബരിമല ഇടത്താവളത്തിന് താല്ക്കാലിക സംവിധാനമൊരുക്കാൻ 17 ലക്ഷം,സ്ഥിരം സംവിധാനമൊരുക്കൽ ബജറ്റ് വാഗ്ദാനമായി തുടരുന്നു

ശബരിമല ഇടത്താവളം സജ്ജീകരണത്തിന് വർഷം തോറും ലക്ഷങ്ങൾ ചെലവഴിക്കുന്നു. എന്നാൽ ശബരിമല തീർത്ഥാടകർ മേൽ സജ്ജീകരണം ഉപയോഗിക്കുന്നില്ല. നഗരസഭയുടെ ശബരിമല ഇടത്താവളമാണ് തീർത്ഥാടകർ എത്താതെ ചെലവഴിക്കുന്ന ലക്ഷങ്ങൾ പാഴാക്കിയത്. 2022-23ൽ ഇടത്താവളത്തിന് 1703011/- രൂപയാണ് നഗരസഭ ശബരിമല സ്പെഷ്യൽ ഗ്രാന്റ് ചെലവഴിച്ചത്. 2021, 2022എന്നീ വർഷങ്ങളിലെ ഇടത്താവള ചെലവാണിത്.

ലക്ഷങ്ങൾ ചെലവിട്ട ഇടത്താവളം തീർത്ഥാടകർക്ക് പ്രയോജനപെട്ടോ എന്നാണ് ഓഡിറ്റ് മുഖ്യമായും പരിശോധിച്ചത്. ഇത് മനസിലാക്കുവാൻ രണ്ട് ഓഡിറ്റ് അന്വഷണം നല്കി. അന്വേഷണത്തിൽ ചെലവ് സാധൂകരിക്കാൻ വേണ്ട അടിസ്ഥാന വിവരങ്ങളായ -നഗരസഭയുടെ ഇടത്താവളത്തിൽ എത്തിയ ശബരിമല തീർത്ഥാടകരുടെ എണ്ണം, ദിവസം തിരിച്ചുള്ള തീർത്ഥാടകരുടെ കണക്ക് , ഫോട്ടോകൾ, പത്രവാർത്തകൾ, ഇടത്താവളത്തിന്റെ നടത്തിപ്പ് ചുമതലയുണ്ടായിരുന്ന നഗരസഭ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ, കൗൺസിലിന്റെ മോണിട്ടറിംഗ് രേഖകൾ എന്നിവ ആവശ്യപ്പെട്ടു. ആയത് ലഭ്യമാക്കിയില്ല. തീർത്ഥാടകർ ഇടത്താവളത്തിൽ എത്തി എന്ന് ബോദ്ധ്യപ്പെടുത്താനുള്ള വിശദീകരണം പോലുമില്ല. ഇടത്താവളം ഒരുക്കിയ വാർഡിലെ കൗൺസിലറുടെ സാക്ഷ്യപത്രവും ഇല്ല. ഇടത്താവളത്തിൽ ശബരിമലതീർത്ഥാടകർ എത്തി അവിടെ ഒരുക്കിയിരുന്ന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി എന്ന് തെളിയിക്കുന്ന രേഖകൾ നഗരസഭ ഹാജരാക്കിയിട്ടില്ല. അതിനാലാണ് അത് പ്രയോജനപ്പെട്ടില്ലെന്നും ചെലവ് പാഴായതായും കണക്കാക്കിയത്.

2021-ലേയും 2022-ലേയും ഇടത്താവള ചെലവ് 2022-23 ലാണ് നഗരസഭ കരാറുകാർക്ക് കൊടുത്തത്. 21-ലെ ചെലവ് 2021-22ൽ നൽകേണ്ടതായിരുന്നു. ഗ്രാന്റ് ഉണ്ടായിട്ടും 21ലെ ചെലവ് ഒരു വർഷം നീണ്ടതിന് വ്യക്തമായ കാരണങ്ങളില്ല. ശബരിമല ഇടത്താവള സജ്ജീകരണത്തിനായി സ്ഥിരം സംവിധാനം ഒരുക്കുന്നതിന് എല്ലാ വർഷവും പ്രോജക്ട് വയ്ക്കാറുണ്ടെങ്കിലും നടപ്പാക്കുന്നില്ല. താല്ക്കാലിക സംവിധാനം ഒരുക്കുന്നതിനാണ് ലക്ഷങ്ങൾ ചെലവഴിക്കുന്നത്.ഇടത്താവള സജ്ജീകരണം ആവർത്തനചെലവാണെങ്കിലും മുൻകൂട്ടി പ്രോജക്ട് തയ്യാറാക്കാനോ മത്സരാധിഷ്ഠിത നടപടി ക്രമങ്ങളിലൂടെ സജ്ജീകരണം ഉണ്ടാക്കാനോ ശ്രമിക്കാതെ മണ്ഡലകാലം ആരംഭിക്കുന്ന വേളയിൽ തിരക്കിട്ട് നടപടിക്രമങ്ങൾ പൂർത്തിയാക്കുകയാണ് ചെയ്തുവരുന്നത്. ഇത് അധികചെലവിന് കാരണമാകുന്നു.

| വർഷം | ചെലവ് |
|---|---|
| 2021 | 971484 |
| 2022 | 731527 |
| ആകെ | 1703011 |

*സർക്കാർ ഉത്തരവ് ലംഘിച്ച് ഭക്ഷണചെലവ്*

സർക്കാർ ഉത്തരവ് ലംഘിച്ച് നഗരസഭ ശബരിമല സ്പെഷ്യൽ ഗ്രാന്റ് 246963/- രൂപ ഭക്ഷണത്തിന് ചെലവഴിച്ചു.

ഇടത്താവളത്തിൽ എത്തുന്ന ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ശുചീകരണ ത്തിനുമാണ് സർക്കാർ ശബരിമല ഗ്രാന്റ് അനുവദിക്കുന്നത്. അതിൽ ഭക്ഷണചെലവ് നടത്താൻ അനുവാദമില്ല . ( സർക്കാർ ഉത്തരവ്(സാധാ)2894/ 2022/എൽ എസ് ജിഡി,22.11.2022 കാണുക). 2021-ലാണ് ഈ ഇനത്തിൽ ചെലവ് വരുത്തിയത്. 2022-ൽ ഈ ഇനത്തിൽ ചെലവില്ല. (*ഗ്രാന്റ് ഭക്ഷണത്തിന് ചെലവഴിക്കരുതെന്ന് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്*). ഭക്ഷണം അടിസ്ഥാന സൗകര്യങ്ങളിലോ ശുചീകരണത്തിലോ പെടുന്നില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായതിനാൽ ഈ ഇനത്തിൽ ചെലവ്ചെയ്ത 246963/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇടത്താവളത്തിൽ ശബരിമല തീർത്ഥാടകർക്ക് ഭക്ഷണം നല്കി എന്ന് തെളിയിക്കുന്ന രേഖകൾ ആവശ്യപെട്ടിട്ടും

ഓഡിറ്റിന് ഹാജരാക്കിയില്ല. ഇടത്താവളത്തിൽ ഏതെല്ലാം ദിവസം ഭക്ഷണം നല്കി, ഭക്ഷണം നൽകിയതിന്റെ സമയക്രമം, (പ്രഭാതഭക്ഷണമാണോ, ഉച്ചഭക്ഷണമാണോ തുടങ്ങിയ വിവരങ്ങൾ) ഓരോ നേരവും എത്രപേർ ഭക്ഷണം കഴിച്ചു തുടങ്ങിയവയുടെ കണക്കില്ല. തീർത്ഥാടകർക്ക് ഭക്ഷണം നല്കിയതായി ഇടത്താവളത്തിൽ ഭക്ഷണവിതരണത്തിന് ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ റിപ്പോർട്ടില്ല. സെക്രട്ടറി/മേൽനോട്ട ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥർ തീർത്ഥാടകർക്ക് ഭക്ഷണം നല്കിയതായി സാക്ഷ്യപെടുത്തിയിട്ടില്ല. അരിയും മറ്റ് സാധനങ്ങളുടേയും സിവിൽ സപ്ളൈസ് കോർപ്പറേഷന്റെയും പച്ചക്കറിയുടേയും ബില്ലുകൾ ലഭ്യമാക്കി. ബില്ലിൽ പറയുന്ന സാധനങ്ങൾ ഇടത്താവളത്തിലെ സ്റ്റോക്കിൽ എടുത്തിട്ടില്ല. ഭക്ഷണം തയ്യാറാക്കി ശബരിമല തീർത്ഥാടകർക്ക് നല്കിയത് തെളിയിക്കുന്ന രേഖയില്ല. ഇടത്താവളത്തിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല. ഭക്ഷണ സാധനങ്ങളുടെ ബില്ല് ഉള്ളതിനാൽ ഭക്ഷണചെലവ് അനുവദിക്കാനാവില്ല. ബില്ലിന്റെ മറവിൽ സാമ്പത്തിക ക്രമക്കേടോ സ്റ്റോക്ക് തിരിമറിയോ നടന്നിട്ടുണ്ടോ എന്ന് കൗൺസിൽ അന്വേഷിക്കേണ്ടതാണ്. വിറക്/ഗ്യാസിന് 8000/- രൂപ ചെലവ് എഴുതിയിട്ടുണ്ട്. വിറക്, ഗ്യാസ് എന്നിവയുടെ അളവ് , സ്റ്റോക്ക് വിനിയോഗ രേഖ, ബില്ല് ഇവ ഇല്ല. ഗ്യാസ് ലഭിക്കുന്നതിന് കണക്ഷൻ എടുത്തതിന്റെ രേഖയില്ല. പാചകത്തിനും ചെലവുചെയ്തിട്ടില്ല. ആയത് സന്നദ്ധസേവനമായി ലഭിച്ചെങ്കിൽ അത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപെടുത്തിയിട്ടില്ല. ശബരിമല തീർത്ഥാടകർ ഇടത്താവളം പ്രയോജനപ്പെടുത്തി എന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കാൻ നഗരസഭക്ക് കഴിഞ്ഞില്ല. 2021-ലെ ചെലവ് ഓഡിറ്റ് ചെയ്യുമ്പോൾ 2023-ലെ ശബരിമല തീർത്ഥാടന കാലമാണ്. ഈ വർഷവും നഗരസഭ ലക്ഷങ്ങൾ ചെലവഴിച്ച് ഇടത്താവളം ഒരുക്കിയിട്ടുണ്ട്. എന്നാൽ തീർത്ഥാടകർ ഇവിടെ എത്തുന്നതായി ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ കാണാൻ കഴിഞ്ഞില്ല. മുകളിലെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഭക്ഷണ ചെലവ് 246963/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയിൽ ചെലവ് സാധൂകരിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്. മറുപടി ലഭിച്ചില്ലെങ്കിൽ ചെലവ് നിരാകരിക്കുന്നതാണ്.

*ഭക്ഷണ ചെലവിന്റെ വിവരം (ഫയൽ ഇ2-13702/21 )*

1.ചെക്ക് 972034/22.11.21-60000/- രൂപ (ജെഎച്ച്ഐ ശ്രീ. ഇ.കെ മനോജിന് മുൻകൂർ)

2.ചെക്ക് 898676,77/26.08.22-80000/- രൂപ (ശ്രീ. ബിനു കെ പിള്ള -വിറക്,ഗ്യാസ്)

3.ചെക്ക് 113728/14.11.22-10619/- രൂപ(ജെഎച്ച്ഐ ശ്രീ. ഇ.കെ മനോജിന് മുൻകൂർ ക്രമീകരിച്ചത്.യഥാർത്ഥ ചെലവ് 19709/- രൂപ. മുൻകൂർ ക്രമീകരിക്കാൻ വൈകിയതിന് ചുമത്തിയ പിഴപലിശ-9090/- രൂപ കുറച്ചാണ് 10619/- രൂപ നല്കിയത്.)

4.ചെക്ക് 113729/14.11.22-87254/- രൂപ (ശ്രീ. കെഎംഇ വിൽസൺ പച്ചക്കറി വ്യാപാരം)

ആകെ ഭക്ഷണചെലവ് -246963/- രൂപ.

*മൈക്ക് സെറ്റ് ദീപാലങ്കാരം:ഉത്തരവ് വിരുദ്ധമായ ചെലവ്*

സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ച് സർക്കാർ ഉത്തരവിന് വിരുദ്ധമായി രണ്ട് വർഷവും മൈക്ക് സെറ്റ്,ദീപാലങ്കാരം എന്നിവക്ക് ചെലവഴിച്ചിട്ടുണ്ട്. വിവരം ചുവടെ:

| ക്രമ നം. | വർഷം | മൈക്ക് സെറ്റ്- ചെലവ് | ദീപാലങ്കാരം- ചെലവ് |
|---|---|---|---|
| 1 | 2021 | 81600രൂപ | 50000രൂപ |
| 2 | 2022 | 94999രൂപ | 59998രൂപ |
| | ആകെ | 176599 | 109998 |

ഇടത്താവളത്തിൽ മൈക്ക് സെറ്റ്, ദീപാലങ്കാരം എന്നിവ ഉണ്ടായിരുന്നെന്ന് നടത്തിപ്പ് ചുമതലയുണ്ടായിരുന്ന നഗരസഭ ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് ഇല്ല. പോലീസിന്റെ മൈക്ക് സാങ്ഷനില്ല. മൈക്ക് പ്രവർത്തിപ്പിച്ച ആളുടെ സൗണ്ട് സിസ്റ്റം ലൈസൻസ്/ഇലക്ട്രിക്കൽ ലൈസൻസ് പകർപ്പ് സൂക്ഷിച്ചിട്ടില്ല. ഉപയോഗിച്ച മൈക്ക് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടേയും ദീപാലങ്കാരത്തിന് ഉപയോഗിച്ച വിളക്കുകളുടേയും വിവരണമില്ല. വിശദമായ ബില്ലും ഇല്ല. ഗ്രാന്റ് അനുവദിച്ച സർക്കാർ ഉത്തരവിൽ ((സാധാ)2894/ 2022/എൽ എസ് ജിഡി,22.11.2022) ശബരിമല തീർത്ഥാടകരുടെ അടിസ്ഥാന സൗകര്യത്തിനും ശുചീകരണത്തിനും മാത്രമാണ് ഗ്രാന്റ് ഉപയോഗിക്കേണ്ടത് എന്ന് വ്യക്തമാക്കിയിരുന്നു. മൈക്ക് സെറ്റ്, ദീപാലങ്കാരം എന്നിവ സർക്കാർ ഉത്തരവ് നിർദേശിക്കുന്ന രണ്ടിനത്തിലും ഉൾപ്പെടില്ല. അതിനാൽ ചെലവ് സാധൂകരിക്കുന്നതിന് വിശദീകരണം ആവശ്യമാണ്.

*വൈദ്യുതിക്കും വെള്ളത്തിനും 1.3 ലക്ഷം*

ഇടത്താവളത്തിൽ വെള്ളവും വൈദ്യുതിയും എത്തിച്ചതിന് രണ്ടുവർഷങ്ങളിൽ കരാറുകാർക്ക് 130000/- രൂപ(2021-ൽ 60000/- രൂപ, 2022-ൽ 70000/- രൂപ) നല്കി. കെഎസ്ഇബിയും വാട്ടർ അതോറിറ്റിയുമാണ് ഈ രണ്ട് സേവനങ്ങളും

ലഭ്യമാക്കേണ്ടത്. ഇടത്താവളങ്ങളിൽ തടസ്സം കൂടാതെ ഇവ രണ്ടും എത്തിക്കണമെന്ന് ഈ വകുപ്പുകൾക്ക് നിർദേശവുമുണ്ട്. ഈ സ്ഥാപനങ്ങളുടെ സേവനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ജലസംഭരണി, അധിക പൈപ്പിടൽ, ജനറേറ്റർ എന്നിവ ഒരുക്കുന്നതിനാണ് കരാറുകാരുടെ സേവനം ആവശ്യമായിരുന്നത്. ഇതിന് ഇത്രയും വലിയ തുക ചെലവിട്ടതിലേക്ക് കൗൺസിലിന്റെ ശ്രദ്ധക്ഷണിക്കുന്നു.

*താല്കാലിക ടോയിലറ്റ്-ചെലവ് 4.3 ലക്ഷം*

ഇടത്താവളത്തിൽ താല്കാലിക ടോയിലറ്റ് സൗകര്യം നല്കിയതിന് കരാറുകാരന് രണ്ട് വർഷം നല്കിയത് 421666/- രൂപയാണ് (2021-ൽ 230000/- രൂപ,2022-ൽ 191666/- രൂപ). ടോയിലറ്റുകൾ സ്ഥാപിച്ചതായും അത് തീർത്ഥാടകർക്ക് പ്രയോജനപെട്ടതായും ഇടത്താവളത്തിന്റെ മേൽനോട്ട ചുമതലയുണ്ടായിരുന്ന നഗരസഭ ആരോഗ്യവിഭാഗം പരിശോധിച്ചിട്ടില്ല. ഇവിടെ വെള്ളം ,വൈദ്യുതി എന്നിവ എത്തിച്ചതിന്റെ രേഖകൾ, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, മാലിന്യ നിർമ്മാർജനത്തിന് ഒരുക്കിയ സംവിധാനങ്ങൾ വിവരിക്കുന്ന രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ചെലവ് സാധൂകരിക്കുന്നതിന് യാതൊരു രേഖകളും നഗരസഭക്ക് ഓഡിറ്റിന് സമർപ്പിക്കാൻ കഴിഞ്ഞില്ല. സ്ഥലം നിരപ്പാക്കൽ, പന്തൽ, ശൗചാലയം എന്നീ ആവർത്തനചെലവുകൾക്കാണ് ഗ്രാന്റ് കൂടുതലും ചെലവഴിച്ചത്. മേൽ വിഷയവുമായി ബന്ധപ്പെട്ട് വർഷം തിരിച്ച് രണ്ട് ഓഡിറ്റ് അന്വേഷണങ്ങൾ (26/22-23-17/11/2023, 46/22-23-5/12/2023) സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനിയർ/അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവർക്ക് നല്കിയിരുന്നു. 2021-ൽ ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് മറുപടി ലഭിച്ചില്ല. 2022-ലെ ചെലവ് സംബന്ധിച്ച വിഷയങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നല്കി. മേൽ മറുപടി ഓഡിറ്റിൽ പരിഗണിച്ചിട്ടുണ്ട്.

ശബരിമല ഇടത്താവളം തീർത്ഥാടകർക്ക് പ്രയോജനപ്പെട്ടതായി തെളിയിക്കാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല. ഓഡിറ്റിന് ചെലവ് സാധൂകരിക്കാനും കഴിയുന്നില്ല. ഇടത്താവളം ആവശ്യമാക്കുന്ന തരത്തിൽ കൂടുതൽ തീർത്ഥാടകർ തിരുവല്ല നഗരത്തിൽ എത്തുവാനുള്ള സാദ്ധ്യതയും വിരളമാണ്. കാരണം ശബരിമലയുടെ പ്രവേശം ചെങ്ങന്നൂർ നഗരത്തിൽ നിന്നും 10 കിലോമീറ്റർ മാത്രം അകലെയാണ്. കൂടുതൽ ട്രയിനുകൾ നിർത്തുന്നതും അവിടെയാണ്. ഈ വസ്തുതകൾ പരിഗണിച്ച് നഗരത്തിലെ ഇടത്താവളത്തിന് സ്ഥിരം സംവിധാനം ഒരുക്കി ആസ്തിസൃഷ്ടിക്കാനും അതുവഴി പാഴ് ചെലവ് നിയന്ത്രിക്കാനും ശ്രമിക്കേണ്ടതാണ്. ഇടത്താവളം നിർമ്മാണം വർഷങ്ങളായി ബജറ്റിൽ ഉൾപ്പെടുത്തുന്നുവെങ്കിലും നിലവിലും വാഗ്ദാനമായി തുടരുന്നു. 2021,2022 വർഷങ്ങളിലെ ഇടത്താവള ചെലവിൽ ഉചിതമായ മേൽ അന്വേഷണം നടത്തുന്നത് പരിഗണിക്കുന്നതിനും ഭരണ വകുപ്പിന്റെ ശ്രദ്ധക്ഷണിക്കുന്നു. ചെലവ് സാധൂകരിക്കുന്നതിന് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. ഓഡിറ്റ് വ്യക്തമാക്കിയ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ നഗരസഭ കൗൺസിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

### 1-57 ശുചിത്വമിഷൻ നിർദേശം അവഗണിച്ച് ഭക്ഷണചെലവ്

ടെക്നോളജിക്കൽ കോൺക്ളേവിൽ പങ്കെടുത്തവർക്ക് ശുചിത്വമിഷൻ നിർദേശം ലംഘിച്ച് 6270രൂപ നഗരസഭ ഭക്ഷണ ചെലവ് അനുവദിച്ചു *(കൂടുതൽ വിവരങ്ങൾക്ക് ഭാഗം 3-3കാണുക.).*

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വിനോദനികുതി-കുറഞ്ഞ നിരക്കിൽ ഈടാക്കിയതുമൂലം 94045/- രൂപയുടെ നഷ്ടം

സർക്കാർ ഉത്തരവ്(കൈ) 83/2019/തസ്വഭവ 10.6.2019 പ്രകാരം 1.9.2019 മുതൽ 100 രൂപയിലേ കൂടുതലുള്ള സിനിമാ ടിക്കറ്റുകൾക്ക് 8.5 ശതമാനം വിനോദനികുതിയും 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5 ശതമാനം വിനോദനികുതിയും പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നഗരസഭയിൽ പ്രവർത്തിക്കുന്ന ചിലങ്ക തിയേറ്ററിന്റെ ബാൽക്കണി ടിക്കറ്റിന്റെ അടിസ്ഥാന നിരക്ക് 100.16 രൂപയാണ്. മേൽ ഉത്തരവ് പ്രകാരം വിനോദനികുതിയായി 8.5 ശതമാനം തുക നഗരസഭയിൽ ഒടുക്കേണ്ടതായുണ്ട്. എന്നാൽ 5 ശതമാനം തുക മാത്രമാണ് വിനോദനികുതി ഇനത്തിൽ നഗരസഭയിൽ ഒടുക്കുവരുത്തുന്നത്. തിയേറ്ററിൽ നിന്ന് ലഭ്യമാക്കിയസ്റ്റേറ്റ്മെന്റ്, ഡി.സി.ആർ ഇവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ 2022-23 വർഷം ഈ ഇനത്തിൽ 94045/- രൂപയുടെ നഷ്ടം നഗരസഭയ്ക്കുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| മാസം | സ്ഥാപനം ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം വിറ്റബാൽക്കണി | ടിക്കറ്റ് ഒന്നിന് 8.5 നിരക്കിൽ ഒടുക്കേണ്ടിയിരുന്ന വിനോദനികുതി (100.16 രൂപക്ക് | ഒടുക്കിയ വിനോദനികുതി(100.16 രൂപക്ക് 5.01 രൂപ നിരക്കിൽ) | നഷ്ടം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ടിക്കറ്റിന്റെ എണ്ണം | 8.51 രൂപ നിരക്കിൽ) | | |
| 4/2022 | 3871 | 32942.21 | 19393.71 | 13548.5 |
| 5/2022 | 3919 | 33350.69 | 19634.19 | 13716.5 |
| 6/2022 | 1568 | 13343.68 | 7855.68 | 5488 |
| 7/2022 | 3429 | 29180.79 | 17179.29 | 12001.5 |
| 8/2022 | 2745 | 23359.95 | 13752.45 | 9607.5 |
| 9/2022 | 1394 | 11862.94 | 6983.94 | 4879 |
| 10/2022 | 2298 | 19555.98 | 11512.98 | 8043 |
| 11/2022 | 1882 | 16015.82 | 9428.82 | 6587 |
| 12/2022 | 1727 | 14696.77 | 8652.27 | 6044.5 |
| 1/2023 | 1252 | 10654.52 | 6272.52 | 4382 |
| 2/2023 | 1872 | 15930.72 | 9378.72 | 6552 |
| 3/2023 | 913 | 7769.63 | 4574.13 | 3195.5 |
| ആകെ നഷ്ടം | | | | **94045/-** |

മേൽ നഷ്ടം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം 51/11.12.2023, 55/12.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകയാൽ നഷ്ടം സ്ഥാപനത്തിൽ നിന്നോ ഡി.സി.ആർ, സ്റ്റേറ്റ്മെന്റ് ഇവ കൃത്യമായി പരിശോധിച്ച് നികുതി ഈടാക്കുന്നത് ശരിയായാണെന്ന് ഉറപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്. 5.2.2022-ലെ ജി1-4644/22 നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറി മേൽ നികുതി വസൂൽ ചെയ്യുന്നതിനുള്ള ചുമതല റവന്യൂ ഓഫീസർക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

## 2-2 ലൈസൻസ് ഇല്ലാതെ തിയേറ്റർ പ്രവർത്തിച്ചു- ഫീസിനത്തിൽ നഷ്ടം-1000/-

നഗരസഭാ പരിധിയിൽ ജേക്കബ്സ് തിയേറ്റർ 2022-23 വർഷം പ്രവർത്തിച്ചത് ലൈസൻസ് കൂടാതെ സ്ഥാപനം നിലവിലും ലൈസൻസ് കൂടാതെയാണ് പ്രവർത്തിക്കുന്നത്. ലൈസൻസ് പുതുക്കുന്നതിനായി ഉടമ 9.12.2022-ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ഫയലിൽ തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തിയതിനാൽ ലൈസൻസ് നൽകിയിട്ടില്ല. ഫീസിനത്തിൽ 1000/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. എന്നാൽ മേൽ അപേകത യഥാസമയം അപേക്ഷകനെ അറിയിച്ചുകാണുന്നില്ല. ഫിലിം ഡിവിഷൻ ബ്രോഡ്കാസ്റ്റിംഗ് സർട്ടിഫിക്കറ്റിന്റെ കാലാവധി 31.12.2023-നും പി.ഡബ്ല്യു.ഡി സൗണ്ട്നസ് സർട്ടിഫിക്കറ്റ് കാലാവധി 24.2.2024-നും അവസാനിക്കുന്നതിനാൽ അവ പുതുക്കി ഹാജരാക്കാനും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാനും 5.12.2023-ൽ അറിയിപ്പ് നൽകിയിട്ടുണ്ട്. അപേക്ഷ സമർപ്പിച്ച് ഒരു വർഷം പൂർത്തിയായിട്ടും മേൽ തിയേറ്ററിന് ലൈസൻസ് നൽകാനോ ലൈസൻസില്ലാതെ പ്രവർത്തിച്ച മേൽ സ്ഥാപനത്തിനുമേൽ നടപടി സ്വീകരിക്കാനോ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട്. 12/2022-ന ശേഷം നാളിതുവരെ ലൈസൻസോ ഫിറ്റ്നസോ കൂടാതെ സ്ഥാപനം പ്രവർത്തിക്കാനിടയാക്കിയ നടപടി അംഗീകരിക്കാൻ കഴിയില്ല. വിഷയത്തിൽ റവന്യൂ ഓഫീസർ, സെക്രട്ടറി എന്നിവരിൽ നിന്നുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഫീസിനത്തിലെ നഷ്ടം ഈടാക്കേണ്ടതാണ്.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 യൂണിറ്റ് കോസ്റ്റ് ബാധകമാക്കിയില്ല- വാഴ വിത്തിന് അധിക വില നൽകി, നിരാകരണം- 9480/- രൂപ

കൃഷി ഓഫീസറുടെ പ്രോജക്ടിൽ വാഴവിത്തിന് അധികവില നല്കി.
കൃഷി ഓഫീസറുടെ "ഞങ്ങളും കൃഷിയിലേക്ക് -വാഴവിത്ത് വിതരണം" പ്രോജക്ടിലാണ് (നം.301/23) ജില്ലാതല യൂണിറ്റ് കോസ്റ്റ് ബാധകമാക്കാതെ ഏത്തവാഴവിത്തിന് അധികവില നല്കി നഗരസഭഫണ്ടിന് നഷ്ടം വരുത്തിയത്.

പത്തനംതിട്ട ജില്ലാകളക്ടർ പുറപ്പെടുവിച്ച ജില്ലാതല യൂണിറ്റ് കോസ്റ്റ് (ആർ.ഒ1-601/2022/ഡി.പി.ഒ /പി.റ്റിഎ,21.06.2022)ഉത്തരവിൽ ഏത്തവാഴവിത്ത് ഒന്നിന് 15 രൂപയാണ്(ഉത്തരവിലെ XVII(I) കാണുക)വില. കൃഷി

ഓഫീസർ അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് 16 രൂപ നിരക്കിലാണ് ഏത്തവാഴ വിത്ത് വാങ്ങിയത്. പ്രോജക്ടിൽ 9480 വാഴവിത്ത് വാങ്ങി. ജില്ലാതല യൂണിറ്റ് കോസ്റ്റ് അടിസ്ഥാനത്തിൽ ഇതിന് 9480/- രൂപയുടെ അധികചെലവുണ്ട്. നഗരസഭകൾക്ക് വേണ്ടി സർക്കാർ പുറപ്പെടുവിച്ച സബ്സിഡി ഉത്തരവിൽ (സ.ഉ(കൈ)നം.115/ 2022/തസ്വഭവ,28/05/2022) വാഴവിത്തിന്റെ വില നിർണയിക്കേണ്ടത് ജില്ലാതല യൂണിറ്റ് കോസ്റ്റ് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് (ഉത്തരവിലെ ഖണ്ഡിക 3 കാണുക.). അതിനാൽ അധിക വില നല്കിയ കൃഷി ഓഫീസറുടെ നടപടി സർക്കാർ ഉത്തരവിന്റേയും ലംഘനമാണ്.

വിഷയത്തിൽ കൃഷി ഓഫീസറുടെ പ്രതികരണം തേടിയിരുന്നു (ഓഡിറ്റ് അന്വേഷണം-14/2022-23,20/10/2023).കൃഷി ഓഫീസറുടെ മറുപടിയിൽ"'ടി.സി(2) 6406/2021 പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ പത്തനംതിട്ട 10.10.23 തീയതിയിൽ തയ്യാറാക്കിയ യൂണിറ്റ് കോസ്റ്റിൽ വാഴവിത്തിന് യൂണിറ്റ് കോസ്റ്റ് ഇല്ലായിരുന്നു. ആയതിനാൽ ഓഡിറ്റ് തടസവാദത്തിൽ നിന്നും ഒഴിവാക്കി തരേണ്ടതാണ്."എന്ന് എഴുതിയിട്ടുണ്ട്. 10.10.23-ലെ യൂണിറ്റ് കോസ്റ്റ് 2023-24ലെ പ്രോജക്ടിനാണ് ബാധകം. അത് 2022-23-ലെ പ്രോജക്ടിൽ ഓഡിറ്റ് നിർണയിച്ച അധിക ചെലവിന് വിശദീകരണമല്ല. മുകളിൽ വിവരിച്ച ജില്ലതല യൂണിറ്റ് കോസ്റ്റ് 2022-23-ലെ പ്രോജക്ടിന് ബാധകമാണെന്ന് വ്യക്തമാണ്. മറുപടിയിൽ അധിക ചെലവിലൂടെ നഗരസഭ ഫണ്ടിന് കൃഷി ഓഫീസർ വരുത്തിയ നഷ്ടത്തിന് വിശദീകരണമില്ല. അതിനാൽ അധിക വില നല്കി നഗരസഭ ഫണ്ടിന് വരുത്തിയ നഷ്ടം 9480/- രൂപ കൃഷി ഓഫീസറുടെ ബാധ്യതയായി നിർണയിക്കുന്നു.

വാഴവിത്ത് വാങ്ങിയതിന്റേയും അതിന് വില നല്കിയതിന്റേയും വിവരം:

അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് 16/- രൂപ നിരക്കിലാണ് ഏത്തവാഴ വിത്ത് വാങ്ങിയത് (Invoice Serial No.V-445A/22-23,30.11.22, 16/- രൂപ നിരക്കിൽ 9480 എണ്ണം. ആകെ 151680/- രൂപ.). ഇതിന് 22050747000900869528/ 06.12.2022 ട്രഷറി ബില്ലിൽ വികസന ഫണ്ട് 151680/- രൂപ നല്കിയിട്ടുണ്ട്.

## 3-2 ജില്ലാതല യൂണിറ്റ് കോസ്റ്റ് ബാധകമാക്കാതെ കൂടിയ വിലക്ക് ഫലവൃക്ഷതൈ വാങ്ങി-നഷ്ടം-60125/-

കൃഷി ഓഫീസറുടെ "ഞങ്ങളും കൃഷിയിലേക്ക്-ഫലവൃക്ഷതൈ വിതരണം" പ്രോജക്ടിൽ (302/23) ജില്ലാതല യൂണിറ്റ് കോസ്റ്റ് ബാധകമാക്കാതെ കൂടിയ വിലക്ക് ഫലവൃക്ഷതൈ വാങ്ങി വിതരണം ചെയ്തതിലൂടെ 60125/- രൂപ അധികം ചെലവഴിച്ചു. ജില്ലാതല യൂണിറ്റ് കോസ്റ്റ് അവഗണിച്ച് കൃഷി ഓഫീസർ സ്വന്തം നിലക്ക് യൂണിറ്റ് കോസ്റ്റ് നിർണയിച്ചതാണ് നഷ്ടത്തിന് കാരണം. 185 ഗുണഭോക്താക്കൾക്ക് ഒരു യൂണിറ്റ് വീതം ഫലവൃക്ഷതൈ വിതരണം ചെയ്യാനായിരുന്നു പ്രോജക്ട്. ജാക്ക് ഫ്രൂട്ട് ബഡ്, മാംഗോ ബഡ്,പേര ലയർ എന്നിവയുടെ ഓരോ തൈകളാണ് ഒരു യൂണിറ്റ്. 75% സബ്സിഡിയിലാണ് വിതരണം ചെയ്തത്. ഒരു യൂണിറ്റിന് കൃഷി ഓഫീസർ 600/- രൂപയാണ് യൂണിറ്റ് കോസ്റ്റ് നിർണയിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളിൽ നിന്ന് 150/- രൂപ വീതം വിഹിതം പിരിച്ചിട്ടുണ്ട്. 185 പേരിൽ നിന്ന് 150/- രൂപവീതം 27750/- രൂപ പിരിച്ച് നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിന്റെ 75%-83250/- രൂപ നഗരസഭയുടെ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും ഫലവൃക്ഷതൈകൾ നല്കിയ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ രേഖയില്ല. ജില്ലാതല യൂണിറ്റ് കോസ്റ്റ് ഫലവൃക്ഷതൈകൾക്ക് ബാധമാണെന്ന് നഗരസഭകൾക്ക് വേണ്ടി സർക്കാർ പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയിലെ (സ.ഉ(കൈ)നം.115/2022/ തസ്വഭവ28.05.2022) ഖണ്ഡിക 3-ൽ വ്യക്തമാക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ല കൃഷിഓഫീസർ കൺവീനറായ ജില്ലാതല സമിതി വിതരണം ചെയ്യേണ്ട ഫലവൃക്ഷതൈകളുടെ വില നിർണയിച്ച് ജില്ലാ കളക്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലാകളക്ടറുടെ ജില്ലാതല യൂണിറ്റ് കോസ്റ്റ് ഉത്തരവിൽ (ആർ.ഒ1-601/2022/ഡി.പി.സി/ഡി.പി.ഒ/പി.റ്റി.എ,21.06.2022) കൃഷി ഓഫീസർ വിതരണം ചെയ്ത മൂന്ന് തൈകളുടേയും വില നിർണയിച്ചിരുന്നു. മാവ് (ഗ്രാഫ്റ്റ്-പോളിബാഗ്)-75/- രൂപ,പ്ളാവ്(ഗ്രാഫ്റ്റ്)-75/- രൂപ. പ്ളാവ്(ലാർജ്പോട്ട്)-150/- രൂപ, പേര(ലയർ)-50/- രൂപ എന്നിങ്ങനെയായിരുന്നു ഉത്തരവിലെ ജില്ലാതല യൂണിറ്റ് കോസ്റ്റ്. ഉത്തരവിലെ ഈ ഇനത്തിലുള്ള തൈകളുടെ കൂടിയ വില അടിസ്ഥാനമാക്കി കണക്കാക്കിയാൽ കൃഷി ഓഫീസർ വിതരണം ചെയ്ത ഫലവൃക്ഷതൈ ഒരു യൂണിറ്റിന്റെ കൂടിയ വില 275/- രൂപയാണ് (മാവ്-75+പ്ലാവ് -ലാർജ് പോട്ട്-150+പേര്-50). സബ്സിഡി മാർഗരേഖ അനുസരിച്ച് യൂണിറ്റ് കോസ്റ്റിന്റെ 75%-206.75 രൂപ-വീതം നഗരസഭഫണ്ട് ചെലവഴിക്കാമായിരുന്നു. ബാക്കി 68.75 രൂപ വീതമായിരുന്നു ഗുണഭോക്തൃ വിഹിതം പിരിക്കേണ്ടിയിരുന്നത്. എന്നാൽ, കൃഷി ഫീൽഡ് ഓഫീസർ മേൽ നിരക്ക് പരിഗണിക്കാതെ യൂണിറ്റിന് 600/- രൂപ നിശ്ചയിച്ച് നൽകി. കൃഷി ഓഫീസറുടെ തെറ്റായ യൂണിറ്റ് കോസ്റ്റ് നിർണയത്തിലൂടെ ഗുണഭോക്താക്കൾക്കും അധിക ചെലവ് വന്നു. 150/- രൂപ വീതമാണ് അവർക്ക് ഒരു യൂണിറ്റിന് വിഹിതം നല്കേണ്ടി വന്നത്.(81.25 രൂപ അധികം).ജില്ലാതല യൂണിറ്റ് കോസ്റ്റ് അടിസ്ഥാനത്തിൽ ഒരു യൂണിറ്റിന് നല്കാവുന്ന കൂടിയ വില 275/- രൂപയായി ഓഡിറ്റിൽ അംഗീകരിക്കുന്നു. 150/- രൂപ വീതം ഗുണഭോക്തൃവിഹിതം പിരിച്ചതിനാൽ ശേഷിക്കുന്ന 125/- രൂപമാത്രം നഗരസഭാഫണ്ട് ചെലവിടേണ്ടതായുള്ളൂ. 185 യൂണിറ്റിന് ചെലവഴിക്കാവുന്നത് 23125/- രൂപ. കൃഷി ഓഫീസർ

പ്രോജക്ടിന് ചെലവഴിച്ച നഗരസഭ ഫണ്ട് 83250/- രൂപ. അധികചെലവ് 60125/- രൂപ.

അധിക ചെലവ് നഗരസഭ ഫണ്ടിനുണ്ടായ നഷ്ടമായതിനാൽ കൃഷിഓഫീസറുടെ ബാധ്യതയായി നിർണയിക്കുന്നു.

ഓഡിറ്റിൽ നിർണയിച്ച യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതം (68.75 രൂപ നിരക്കിൽ) പുനർനിർണയിക്കാൻ ഗുണഭോക്താക്കൾ ആവശ്യപ്പെട്ടാൽ അത് അനുസരിച്ച് നഗരസഭഫണ്ടിനുണ്ടായ നഷ്ടം പുനർനിർണയിക്കേണ്ടതാണ്.

ഈ വിഷയത്തിൽ കൃഷി ഓഫീസറിൽനിന്ന് മറുപടി തേടിയിരുന്നു.(ഓഡിറ്റ് അന്വേഷണം 17/22-23,27.10.2023).കൃഷി ഓഫീസറുടെ മറുപടിയിൽ യൂണിറ്റ് കോസ്റ്റ് കണക്കാക്കിയതിന് നല്കിയ വിശദീകരണം ഇങ്ങനെയാണ്. പേര-100(ലയറിംഗ്),മാവ്-250(ബഡിംഗ്),പ്ളാവ്-250(ബഡിംഗ്), ആകെ 600/- രൂപ. ഫലവൃക്ഷതൈകൾക്ക് യൂണിറ്റ് കോസ്റ്റില്ല. ലയറിംഗ് തൈകൾക്ക് വില കുറയും. ബഡിംഗ് തൈകൾക്ക് വില കൂടും. കൃഷി ഓഫീസറുടെ മറുപടി അംഗീകരിക്കാനാവില്ല. കാരണം മേൽ വസ്തുതകളെല്ലാം കണക്കാക്കിക്കൊണ്ട് ജില്ലാതലത്തിൽ വിതരണം ചെയ്യാനുള്ള ഇനങ്ങളുടെ യൂണിറ്റ്നിരക്ക് പ്രാദേശിക ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ചുമതലപ്പെടുത്തിയ സമിതി നിർണയിക്കപ്പെട്ടിരിക്കെ അത് ലംഘിച്ച് പൊതുപണത്തിൽ അധിക ചെലവ് വരുത്താൻ നിർവഹണ ഉദ്യോഗസ്ഥന് അധികാരമില്ല. മാത്രമല്ല ബഡിംഗ് തൈകളാണ് വിതരണം ചെയ്തതെന്ന് തൈ നല്കിയ കെയ്കോയുടെ ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടില്ല. വിതരണവേളയിലും ഇനവിവരം വ്യക്തമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിയുള്ള മറുപടിയിൽ മാത്രമാണ് ഇനവിവരം വിശദീകരിക്കപ്പെട്ടിട്ടുള്ളത്. ഇതിനെ സാധൂകരിക്കത്തക്ക യാതൊരു രേഖകളും ഹാജരാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് കഴിഞ്ഞിട്ടില്ല. ബഡിംഗ് തൈകൾക്ക് കൃഷിഓഫീസർ പറയുന്ന വിലയുണ്ടെന്ന് കൃഷിവകുപ്പിന്റെ വിലനിർണയ സാക്ഷ്യപത്രം ഹാജരാക്കി തെളിയിച്ചിട്ടില്ല. യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കപ്പെട്ടിട്ടില്ലാത്ത ഇനങ്ങൾക്ക് വില നിശ്ചയിച്ചു നൽകേണ്ടതിന്റെ നടപടി ക്രമം മേൽ ഉത്തരവിൽ തന്നെ വ്യക്തമാക്കിയിരിക്കെ (യൂണിറ്റ് കോസ്റ്റ് ജില്ലാതലസമിതിയിൽ നിന്ന് നിർണയിച്ച് വേണമായിരുന്നു പ്രോജക്ട് നടപ്പാക്കേണ്ടത്) അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കാതെ വില നിർണ്ണയിച്ച നൽകിയ നിർവ്വഹണഉദ്യോഗസ്ഥന്റെ നടപടി അംഗീകരിക്കാൻ കഴിയില്ല. കെയ്കോയിൽ നിന്ന് രണ്ട് പ്രാവശ്യം (ആദ്യം 133,രണ്ടാമത് 52) 185 യൂണിറ്റുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. കെയ്കോയുടെ ഇൻവോയിസിൽ ഫലവൃക്ഷതൈകളുടെ വിവരണം ഇല്ല. കൃഷി ഓഫീസർ നിർണയിച്ച യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിലാണ് അവരുടെ ഇൻവോയിസ്. ആയതിനാൽ ജില്ലയിൽ വിതരണത്തിനായി അംഗീകരിച്ച നൽകിയ ഇനത്തിന് അധികാരപ്പെട്ട സമിതി അംഗീകരിച്ച നൽകിയ യൂണിറ്റ് കോസ്റ്റിനെ അധികരിച്ച് ചെലവുചെയ്ത 60125/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. അധിക ചെലവ് നിരാകരിക്കുന്നു. കൂടാതെ ഓഡിറ്റിൽ നിർണയിച്ച യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതം (68.75 രൂപ നിരക്കിൽ) പുനർനിർണയിക്കാൻ ഗുണഭോക്താക്കൾ ആവശ്യപ്പെട്ടാൽ അത് അനുസരിച്ച് ഒരു ഗുണഭോക്താവിന് 81.25 രൂപ നിരക്കിൽ തിരികെ നൽകാനും നിർവ്വഹണ ഉദ്യോഗസ്ഥ ബാദ്ധ്യസ്ഥയായിരിക്കുന്നതാണ്.

*<u>ചെലവിന്റെ വിവരം</u>*

1)ബിൽ റഫറൻസ് നമ്പർ 220507470009009719 58/29.12.2022-59850/- രൂപ

(കെയ്കോ ഇൻവോയിസ് V-566A/22-23, 28.12.22-133എണ്ണം. 600/- രൂപ നിരക്കിൽ ആകെ 79800/- രൂപ. ഇതിന്റെ 75%=59850/- രൂപ.

2)ബിൽ റഫറൻസ് നമ്പർ 220507470009012651 67/28.2.2023-23400/- രൂപ

(കെയ്കോ ഇൻവോയിസ് V-1361A/22-23,27.2.23.52 എണ്ണം. 600/- രൂപ നിരക്കിൽ ആകെ 31200/- രൂപ.ഇതിന്റെ 75%=23400/- രൂപ.

## 3-3 ശുചിത്വമിഷൻ നിർദ്ദേശം ലംഘിച്ച് ഭക്ഷണചെലവ്

ടെക്നോളജിക്കൽ കോൺക്ളേവിൽ പങ്കെടുത്തവർക്ക് ശുചിത്വമിഷൻ നിർദേശം ലംഘിച്ച് നഗരസഭ ഭക്ഷണ ചെലവ് അനുവദിച്ചു. ശുചിത്വമിഷൻ പത്തനംതിട്ട ജില്ലാ കോർഡിനേറ്ററുടെ കത്തിൽ (180/PO/IEC/A/2023/ DSM/PTA,27.01.2023) കോൺക്ളേവിൽ പങ്കെടുക്കുന്നവർ സ്വന്തം നിലയിൽ ഭക്ഷണം, താമസം എന്നിവ കണ്ടെത്തണമെന്ന് സംസ്ഥാന ശുചിത്വ മിഷനിൽ നിന്ന് അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിരുന്നു. നഗരസഭയുടെ രണ്ട് വാഹനത്തിൽ കോൺക്ളേവിന് 5/2/23-ന് രാവിലെ എറണാകുളത്ത് പോയി അന്ന് തന്നെ മടങ്ങി വന്നവർക്കാണ് മിഷൻ നിർദേശം ലംഘിച്ച് 6270/- രൂപ ഭക്ഷണത്തിന് ചെലവഴിച്ചത്. ഔദ്യോഗിക വാഹനത്തിൽ യാത്രചെയ്തതിന് അനുവദനീയമായ യാത്രാപ്പടിയ്ക്കുമാത്രമാണ് അർഹത . നഗരസഭ സെക്രട്ടറി കോൺക്ളേവിൽ പോകുന്ന ദിവസത്തെ ചെലവിന് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2ന് തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കിയ 10000/- രൂപയിൽ (H6-1096/02.02.2023,വൗ.19-2/23,ചെക്ക് 286343/07.02.23- 10000/- രൂപ.) നിന്നാണ് ചെലവ്. മുൻകൂർ ക്രമീകരിക്കുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർ 15.6.23-ന് സമർപ്പിച്ച രേഖകളിൽ 6270/- രൂപ ഭക്ഷണത്തിനാണ്

ചെലവഴിച്ചത് എന്ന് വ്യക്തമാക്കി ബില്ലുകൾ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കോൺക്ലേവിന്റെ സംഘാടകർ എന്ന നിലയിൽ സർക്കാരിനു വേണ്ടിയാണ് പങ്കെടുക്കുന്നവർക്കുള്ള നിർദേശങ്ങൾ മിഷൻ പുറപ്പെടുവിച്ചത്. മിഷന്റെ നിർദേശങ്ങൾ ലംഘിച്ച് നടത്തിയ ചെലവ് 6720/- രൂപ സർക്കാർ നിർദേശത്തിന്റെ ലംഘനമായി കണക്കാക്കി അനുവദിക്കുന്നില്ല. ചെലവ് തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് പിഴപലിശ സഹിതം ഈടാക്കി നഗരസഭഫണ്ടിൽ ഒടുക്കണം.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (45/22-23,2.12.2023) മറുപടി ലഭിച്ചില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ നീട്ടലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും (333/23) | PFMS-C012306630310-282235/- PFMS-C012306630312-309814/- | 592049/- | 0 | 592049/- |
| | | PFMS-C0123564151566-51612/- | 51612/- | 0 | 51612/- |
| | | PFMS-C032350446795-1291224/- PFMS-C032350446796-63508/- | 1354732/- | 0 | 1354732/- |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (209/23) | PFMS-C0123506907341-504000/- | 504000/- | 0 | 504000/- |
| ജലസേചന വകുപ്പ് | കവിരായിൽ പുഞ്ച ഷട്ടർ നിർമ്മാണം- അധിക തുക നൽകൽ (370/23) | PFMS-C032386292602-106030/- | 106030/- | 0 | 106030/- |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

### 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| PMAY-ലൈഫ് ഭവന പദ്ധതി *സ.ഉ (കൈ.) 68/2018 /തസ്വഭവ തീയതി 30.7.2018* | 24600000/- | 20680000/- | 1640000/- | 0 | 19040000/- |
| 06217-03-192-74 IDSMT (Central Share) | 6000000/- | 4800000/- | ഇല്ല | ഇല്ല | 4800000/- |
| IDSMT (State Share) | 2008000/- | 1807200/- | ഇല്ല | ഇല്ല | 1807200/- |
| IDSMT | 1992000/- | 1593600/- | ഇല്ല | ഇല്ല | 1593600/- |
| 0217-03-192-47 IDSMT | 365000/- | 365000/- | ഇല്ല | ഇല്ല | 365000/- |
| IDSMT | 87500/- | 36666/- | ഇല്ല | ഇല്ല | 36666/- |
| ELUS | 17500/- | 9447/- | ഇല്ല | ഇല്ല | 9447/- |
| ELUS | 2900000/- | 2900000/- | ഇല്ല | ഇല്ല | 2900000/- |
| 6217-60-192-95 Slum Clearance | 250000/- | 25000/- | ഇല്ല | ഇല്ല | 25000/- |
| IDSMT | 300000/- | 30000/- | ഇല്ല | ഇല്ല | 30000/- |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 167540194/- |
| തൻവർഷം നിക്ഷേപിച്ച തുക | 6033352/- |
| ആകെ | 173573546/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 173573546/- |

വർഷാവസാനം അവസാനിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു-

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കാനറാ ബാങ്ക്, തിരുവല്ല (അക്കൗണ്ട് നം. 140047400901/1) | 16.5.2022 | 1 വർഷം | 15000000/- |
| 2 | കാനറാ ബാങ്ക്, തിരുവല്ല (അക്കൗണ്ട് നം. 140047400901/2) | 16.5.2022 | 13 മാസം | 15000000/- |
| 3 | കാനറാ ബാങ്ക്, തിരുവല്ല (അക്കൗണ്ട് നം. 140047400901/3) | 16.5.2022 | 14മാസം | 13264220/- |
| 4 | കാനറാ ബാങ്ക്, തിരുവല്ല (അക്കൗണ്ട് നം. 1982401002054/2) | 24.7.2022 | 1 വർഷം | 12385733/- |
| 5 | എസ്.ബി.എ, എം.ജി.എം, തിരുവല്ല (അക്കൗണ്ട് നം. 382103319266) | 24.1.2023 | 1 വർഷം | 12552721/- |
| 6 | എസ്.ബി.എ, എം.ജി.എം, തിരുവല്ല (അക്കൗണ്ട് നം. 38868841208) | 18.10.2022 | 1 വർഷം | 12771742/- |
| 7 | എസ്.ബി.എ, എം.ജി.എം, തിരുവല്ല (അക്കൗണ്ട് നം. 39580078056) | 30.1.2023 | 1വർഷം | 19993116/- |

| | | | | |
|---|---|---|---|---|
| 8 | എസ്.ബി.എ, എം.ജി.എം, തിരുവല്ല (അക്കൗണ്ട് നം. 39971287218) | 18.10.2022 | 1 വർഷം | 5527887/- |
| 9 | കേരള ബാങ്ക്, തിരുവല്ല (അക്കൗണ്ട് നം. 40322) | 3.9.2022 | 1 വർഷം | 35597264/- |
| 10 | ഫെഡറൽ ബാങ്ക്, തിരുവല്ല (അക്കൗണ്ട് നം. 10290300336703) | 18.10.2022 | 1 വർഷം | 11280056/- |
| 11 | സൗത്ത് ഇന്ത്യൻ ബാങ്ക്, തിരുവല്ല (അക്കൗണ്ട് നം. 79101000027721) | 18.10.2022 | 1 വർഷം | 16639345/- |
| 12 | ഇന്ത്യൻ ബാങ്ക്, തിരുവല്ല (അക്കൗണ്ട് നം. 7026133861) | 18.10.2022 | 1 വർഷം | 3561462/- |
| | **ആകെ** | | | **173573546/-** |

*ഷെയറുകൾ*

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| 1 | കെ.യു.ആർ.ഡി.എഫ്.സി | 54000/- |
| 2 | കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, കൊല്ലം | 500/- |
| 3 | ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം | 2000000/- |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 70317/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയതി |
|---|---|---|---|---|
| 2019-20 | 3-1 | 28100/- | ശ്രീ. രാജൻ ജി, അസിസ്റ്റന്റ് എഞ്ചിനീയർ | 122010102401/6.8.2022 |
| 2007-08 | 3-11 | 1319/- | ശ്രീ. പോൾ സ്റ്റീഫൻ, കൃഷി ഫീൾഡ് ഓഫീസർ (വിരമിച്ചത്) | 122010103521/14.10.2022 |
| 2020-21 | 3-5 | 18498/- | ശ്രീ. മാത്യു പി എ, കരാറുകാരൻ | 122010500235/29.12.2022 |
| 2020-21 | 3-3 | 22400/- | ശ്രീ. മോഹനൻ പി, ജെ.എച്ച്.ഐ ഗ്രേഡ് 2 | 1220100105148/3.1.2023 |
| | | **70317/-** | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 23 | 1999-00 | V-5(എ) | സ്വകാര്യ വ്യക്തിക്ക് നഷ്ട പരിഹാരം നൽകിയത് | ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 1997-98 | 15 | 1999-00 | V-5(ബി) | രാമപുരം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- അപാകതകൾ | --ടി-- |

| | | | | | |
|---|---|---|---|---|---|
| 2001-02 | 2-3 | 2005-06 | അദ്ധ്യായം 3-9(1) | വൈദ്യുതി ശ്മശാനം- 25 ലക്ഷം രൂപ പാഴായി | --ടി-- |
| 2001-02 | 2-20 | 2005-06 | അദ്ധ്യായം 3-9(2) | കളിക്കടവും അപ്രോച്ച് റോഡും നിർമ്മാണത്തിൽ നഷ്ടം | --ടി-- |
| 2007-08 | അനുബന്ധം2 | 2011-12 | ഖണ്ഡിക 2-3 | നികുതി കുടിശ്ശിക സംബന്ധിച്ച പട്ടികയിലെ രണ്ടം ഇനം | --ടി-- |
| 2007-08 | അനുബന്ധം2 | 2011-12 | ഖണ്ഡിക 2-9 ക്രമ നം. 3 | കണ്ടിജൻസി പെൻഷൻ ഫണ്ട് രൂപീകരണം സംബന്ധിച്ച പട്ടികയിലെ മൂന്നാം ഇനം | --ടി-- |
| 2010-11 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2010-11 | 2011-12 | ഖണ്ഡിക നം. 3-1-12 | പെട്ടിയും പറയും ഉപയോഗശൂന്യമായത് സംബന്ധിച്ച് | --ടി-- |
| 2010-11 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2010-11 | 2011-12 | ഖണ്ഡിക നം. 3-2-12 | മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടലംഘനം | --ടി-- |
| 2010-11 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2010-11 | 2011-12 | ഖണ്ഡിക നം. 3-3-6 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം അവലോകനം | --ടി-- |
| 2010-11 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2010-11 | 2011-12 | അനുബന്ധം 3 | കൃഷിഭവനുകളുടെ ഭൗതിക സൗകര്യങ്ങൾ സംബന്ധിച്ച പട്ടികയിലെ മൂന്നാം ഇനം | --ടി-- |
| 2010-11 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2010-11 | 2011-12 | അനുബന്ധം 11 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ സംബന്ധിച്ച പട്ടികയിലെ മൂന്നാം ഇനം | --ടി-- |
| 2012-13 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2012-13 | 2012-13 | 3.1.5 (1) | മാലിന്യങ്ങളുടെ അളവ് സംബന്ധിച്ച പട്ടികയിലെ ഒന്നാം ഇനം (പഠനം/ വിവരശേഖരണം നഗരസഭ നടത്തിയിട്ടില്ല) | --ടി-- |
| 2012-13 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2012-13 | 2012-13 | 3.1.5 (1) | നഗരസഭയിലെ ഖരമാലിന്യ സംവിധാനങ്ങൾ സംബന്ധിച്ച പട്ടികയിലെ ഒന്നാം ഇനം | --ടി-- |
| 2012-13 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2012-13 | 2012-13 | 3.1.5 (6) | മാലിന്യ ശേഖരണ കാര്യക്ഷമത സംബന്ധിച്ച പട്ടികയിലെ ആറാം ഇനം | --ടി-- |
| 2012-13 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2012-13 | 2012-13 | 3.1.5(8ബി) | ഉപഖണ്ഡിക 8(ബി) - അശാസ്ത്രീയമായ ഖരമാലിന്യ സംസ്കരണം | --ടി-- |
| 2012-13 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2012-13 | 2012-13 | 3.1.5 (11) | ഖണ്ഡിക 11 ഉപഖണ്ഡിക- മാലിന്യ സംസ്കരണ പ്ലാന്റുകൾ അനുവദിച്ച തുകകൾ നിഷ്ക്രിയം | --ടി-- |

| | | | | | |
|---|---|---|---|---|---|
| | | | | സംബന്ധിച്ച പട്ടിക | |
| 2012-13 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2012-13 | 2012-13 | 3.1.5 (11) | നഗരസഭ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണാർത്ഥം ലഭിച്ച തുകകൾ നിഷ്ക്രിയമായി കിടക്കുന്നത് സംബന്ധിച്ച പട്ടികയിലെ മൂന്നാം ഇനം | --ടി-- |
| 2012-13 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2012-13 | 2012-13 | 3.3.6 (9) | ഖണ്ഡിക 9- ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ വിശദാംശങ്ങൾ സംബന്ധിച്ച പട്ടികയിലെ രണ്ടാം ഇനം | --ടി-- |
| 2013-14 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2013-14 | 2013-14 | 5.1.5 (6) | ജലസ്രോതസ്സുകളുടെ കൈയേറ്റം തടയാൻ കാര്യക്ഷമമായ നടപടികളില്ല സംബന്ധിച്ച് | --ടി-- |
| 2013-14 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2013-14 | 2013-14 | 5.1.5 (17) | തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് വാട്ടർ അതോറിറ്റി ക്രമരഹിതമായി തുക ഈടാക്കുന്നത് സംബന്ധിച്ച് | --ടി-- |
| 2013-14 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2013-14 | 2013-14 | 5.2.6 | ഖണ്ഡിക 6- സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം അനുബന്ധ സൗകര്യം അപര്യാപ്തത സംബന്ധിച്ച് | --ടി-- |
| 2013-14 | വിഷയാധിഷ്ഠിത അവലോകനം- നിഷ്ക്രിയ ആസ്തി (1) | 2014-15 | 4.1.4 | ബയോഗ്യാസ് പ്ലാന്റ് ഉപകരണങ്ങൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ | --ടി-- |
| 2013-14 | വിഷയാധിഷ്ഠിത അവലോകനം- നിഷ്ക്രിയ ആസ്തി (1) | 2014-15 | 4.1.15 | കുട്ടികളുടെ പാർക്ക് കാടു പിടിച്ച നിലയിൽ | --ടി-- |
| 2013-14 | വിഷയാധിഷ്ഠിത അവലോകനം- നിഷ്ക്രിയ ആസ്തി (1) | 2014-15 | 4.1.15 | ഡംപർ പ്ലേസർ ഉപയോഗിക്കാതെ പ്രവർത്തന രഹിതം- 9.85 ലക്ഷത്തിന്റെ നിഷ്ക്രിയ ആസ്തി | --ടി-- |
| 2014-15 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖണ്ഡിക 2 | 2014-15 | 5.7.5 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ മേഖലയെ അവഗണിക്കുന്നു | --ടി-- |
| 2014-15 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖണ്ഡിക 4 | 2014-15 | 5.7.6 | മുട്ടക്കോഴി വിതരണം ഫലപ്രാപ്തിയിൽ എത്തിയില്ല | --ടി-- |
| 2014-15 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖണ്ഡിക 2 | 2014-15 | 5.7.7 | വെറ്ററിനറി സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ പരിമിതം (ട്രവീസിന്റെ അഭാവം) | --ടി-- |
| 2014-15 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് | 2014-15 | 5.7.7 | താലൂക്ക് വെറ്ററിനറി റഫറൽ ആശുപത്രിയിൽ | --ടി-- |

| | | | | | |
|---|---|---|---|---|---|
| | റിപ്പോർട്ട് 2014-15 ഖണ്ഡിക 2 | | | ഓപ്പറേഷൻ തീയറ്ററില്ല, ഉപകരണങ്ങൾ ഉപയോഗശൂന്യം | |
| 2014-15 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖണ്ഡിക 2 | 2014-15 | അനുബന്ധം 2 | വെറ്ററിനറി സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ | --ടി-- |
| 2016-17 | 2-1 | 2017-18 | 1-3(1) | തിരുവല്ല കെ.എസ്.ആർ.ടി.സി ബസ് ടർമിനൽ വസ്തു നികുതി പിഴ ഉൾപ്പെടെ ലഭിക്കാനുള്ളത് 2.62 കോടി രൂപ | --ടി-- |
| 2016-17 | 2-4 | 2017-18 | 1-3(2) | മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നില്ല, ലക്ഷങ്ങളുടെ നികുതി നഷ്ടം | --ടി-- |
| 2016-17 | 3-15 | 2017-18 | 1-3(3) | സെൻട്രൽ പെൻഷൻ ഫണ്ട്- നഗരസഭയ്ക്ക് ലഭിക്കാനുള്ളത് 7.57 കോടി രൂപ | --ടി-- |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 447277966.09 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 329955032 |
| വരവിനങ്ങളിലുള്ള നഷ്ടം | 95045/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 75875/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4749269/- |

**(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 2-1 | 94045/- | | ശ്രീ. പ്രദീപ്കുമാർ പി എ,<br>റവന്യൂ ഓഫീസർ ഗ്രേഡ് II |
| 2-2 | 1000/- | | ശ്രീ. നാരായണൻ സ്റ്റാലിൻ, സെക്രട്ടറി (500/-)<br>ശ്രീ. പ്രദീപ്കുമാർ പി എ, റവന്യൂ ഓഫീസർ ഗ്രേഡ് II (500/-) |
| 3-1 | | 9480/- | ശ്രീമതി ഷീജ വി, കൃഷി ഫീൽഡ് ഓഫീസർ |
| 3-2 | | 60125/- | ശ്രീമതി ഷീജ വി, കൃഷി ഫീൽഡ് ഓഫീസർ |
| 3-3 | | 6270/- | ശ്രീ. നാരായണൻ സ്റ്റാലിൻ, സെക്രട്ടറി |
| | 95045/- | 75875/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 917776/- | ശ്രീമതി ഷീജ വി, കൃഷി ഫീൽഡ് ഓഫീസർ |
| 1-40 | 721654/- | ശ്രീ. ബിജു ബി പി, പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ സെൽ |

| | | |
|---|---|---|
| 1-47 | 200000/- | ഡോ. ബിജു ബി നെൽസൺ, മെഡിക്കൽ ഓഫീസർ , താലൂക്ക് ആശുപത്രി |
| 1-48 | 1972933/- | ശ്രീ. ബിജു ബി പി, ഹെൽത്ത് സൂപ്പർവൈസർ |
| 1-54 | 689943/- | ഡോ. ബിജു ബി നെൽസൺ, മെഡിക്കൽ ഓഫീസർ , താലൂക്ക് ആശുപത്രി |
| 1-56 | 246963/- | ശ്രീ. നാരായണൻ സ്റ്റാലിൻ, സെക്രട്ടറി |
| | 4749269/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രദീപ്കുമാർ പി എ,<br>റവന്യൂ ഓഫീസർ ഗ്രേഡ് II | റവന്യൂ ഓഫീസർ ഗ്രേഡ് II,<br>തിരുവല്ല നഗരസഭ | ഓംകുടിൽ, മാറാനല്ലൂർ,<br>കുവളശ്ശേരി പി.ഒ,<br>തിരുവനന്തപുരം 695512 |
| ശ്രീ. നാരായണൻ സ്റ്റാലിൻ ,<br>സെക്രട്ടറി | | അനുപമ, ഹൗസിംഗ് കോളനി,<br>കൈതവന, ആലപ്പുഴ 688003 |
| ശ്രീമതി ഷീജ വി, കൃഷി ഫീൽഡ് ഓഫീസർ | കൃഷി ഫീൽഡ് ഓഫീസർ,<br>കൃഷി ഭവൻ, തിരുവല്ല | റ്റി.സി42/278,പൗർണ്ണമി നഗർ,<br>സെക്കൻഡ് സ്ട്രീറ്റ്, ഹൗസ് നം. 23,<br>കമലേശ്വരം, മണക്കാട് പി.ഒ,<br>തിരുവനന്തപുരം 695009 |
| ശ്രീ. ബിജു ബി പി, പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ സെൽ & ഹെൽത്ത് സൂപ്പർവൈസർ | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ സെൽ & ഹെൽത്ത് സൂപ്പർവൈസർ, തിരുവല്ല നഗരസഭ | ബി പി നിവാസ്, പൂഴിക്കുന്ന്,<br>വെൺകടമ്പ് പി.ഒ,<br>തിരുവനന്തപുരം 695506 |
| ഡോ. ബിജു ബി നെൽസൺ, മെഡിക്കൽ ഓഫീസർ , താലൂക്ക് ആശുപത്രി | മെഡിക്കൽ ഓഫീസർ , താലൂക്ക് ആശുപത്രി, തിരുവല്ല | അഭിലാഷ്, ഒറിയന്റ് നഗർ 48,<br>പട്ടത്താനം പി.ഒ,<br>കൊല്ലം 691021 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98<br>(ജനകീയാസൂത്രണം) | എൽ.എഫ്.പിറ്റിഎ/പി4/650/98 തീയതി 13.1.2000 | 3 |
| 2000-01<br>(ചെലവ്) | എൽ.എഫ്.പിറ്റിഎ/പി5/83/05 തീയതി 14.6.2005/30.11.2005 | 10 |
| 2001-02<br>(ചെലവ്) | എൽ.എഫ്.പിറ്റിഎ/പി2/84/05 തീയതി 8.10.2005/ 8.2.2006 | 13 |
| 2002-03 | എൽ.എഫ്.പിറ്റിഎ/പി2/880/06 തീയതി 24.12.2007/ 29.2.2008 | 32 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.പിറ്റിഎ/പി2/709/08 തീയതി 31.12.2009 | 5 |
| 2004-05 | എൽ.എഫ്.പിറ്റിഎ/പി2/53/09 തീയതി 5.10.2009 | 11 |
| 2005-06 | എൽ.എഫ്.പിറ്റിഎ/പി2/54/09 തീയതി 5.10.2009 | 5 |
| 2006-07 | എൽ.എഫ്.തിരുവല്ല.എം1/44/11 തീയതി 7.5.2011 | 13 |
| 2007-08 | എൽ.എഫ്.തിരുവല്ല.എം1/222/11 തീയതി 19.12.2011 | 16 |
| 2008-09 | എൽ.എഫ്.തിരുവല്ല.എം1/155/12 തീയതി 28.5.2012/ 24.8.2012 | 20 |
| 2009-10 | എൽ.എഫ്.തിരുവല്ല.എം1/182/12 തീയതി 19.11.2012/ 29.11.2012 | 29 |
| 2010-11 | എൽ.എഫ്.തിരുവല്ല.എം1/335/12 തീയതി 11.4.2013 | 14 |
| 2011-12 | എൽ.എഫ്.തിരുവല്ല.എം1/191/13 തീയതി 3.12.2013/ 28.2.20154 | 26 |
| 2012-13 | എൽ.എഫ്.തിരുവല്ല.എം1/72/14 തീയതി 29.5.2014/ 8.8.2014 | 18 |
| 2013-14 | കെ.എസ്.എ.റ്റിഎൽഎം.റ്റി1/53/15 തീയതി 30.7.2015/ 16.9.2015 | 8 |
| 2014-15 | കെ.എസ്.എ.റ്റിഎൽഎം.റ്റി1/272/16 തീയതി 30.7.2016 | 17 |
| 2015-16 | കെ.എസ്.എ.റ്റിഎൽഎം.റ്റി1/15/17 തീയതി 31.1.2017 | 26 |
| 2016-17 | കെ.എസ്.എ.റ്റിഎൽഎം.റ്റി2/269/17 തീയതി 15.11.2017 | 22 |
| 2017-18 | കെ.എസ്.എ.റ്റിഎൽഎം.റ്റി2/338/18 തീയതി 30.5.2019 | 26 |
| 2018-19 | കെ.എസ്.എ.റ്റിഎൽഎം.റ്റി2/55/20 തീയതി 7.7.2020 | 40 |
| 2019-20 | കെ.എസ്.എ.റ്റിഎൽഎം.റ്റി2/245/21 തീയതി 15.12.2021 | 25 |
| 2020-21 | കെ.എസ്.എ.റ്റിഎൽഎം.റ്റി2/177/22 തീയതി 12.10.2022 | 64 |
| 2021-22 | കെ.എസ്.എ.റ്റിഎൽഎം.റ്റി2/73/23 തീയതി 18.4.2023 | 76 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ ,

നഗരസഭ ഓഡിറ്റ്, തിരുവല്ല

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 15-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thiruvalla Municipality Concurrent Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thiruvalla Municipality Concurrent Municipality for the year 2022-2023

**Date: 29/12/2023**

**Deputy Director**
**Thiruvalla Municipality**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Thiruvalla Municipality Concurrent Municipality for the Year 2022-2023 .

**1.Major Observations**

-NIL-

**2.Other Observations**

1. Amounts shown in Balance Sheet (B-4- Grant for Projects, B-6-Loans from Central Government, B-15- Entertainment Tax) cannot be verified.

2. The amount shown in Shedule B-7-Deposit Received do not agree with the amount as per the Deposit Register.

3. Asset Register is not updated.

4. The amount expended for creating asset is not proportionaley included under the Capital Contribution head.

5. Loan expenditure amount is not included under Prepaid Expenses head.

6. The amount shown in Schedule B-18 under Loans, Advance and Deposits do not agree with the amount as per the concerned registers.

7. The demand amounts as per Scedule I-1, I-3, I-4(B) are not properly calculated and hence, Income and Expenditure Statement does not reflect the actual income.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

പത്തനംതിട്ട ജില്ലയിലെ തിരുവല്ല മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, തിരുവല്ല
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്